യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം
ചീഫ് എഡിറ്റർ: ജയ്സൺ ജോസഫ്

മേയ് 2024 | വാല്യം 51 ലക്കം 2 | പേജ് 12 | വില 10.00 രൂപ

**UNITY** Monthly | May 2024 | Volume 51 Issue 2 | Chief Editor: JAISON JOSEPH | Page 12 | Price Rs. 10.00

# ശ്വാസം മുട്ടിപ്പിടയുന്ന ചെറുകിട വ്യാപാരമേഖലയെ രക്ഷിക്കുക

**ചെറുകിട വ്യാപാരമേഖല ഏതാണ്ട് സമ്പൂർണ തകർച്ചയിലേയ്ക്ക് കൂപ്പുകുത്തുകയാണ്. നിലനിൽക്കാനാവാത്തവിധം പ്രതിസന്ധിയെ അഭിമുഖീകരിക്കുന്ന രാജ്യത്തെ തൊഴിൽ വിഭാഗങ്ങളിൽ മൂന്നാം സ്ഥാനത്തുള്ളത് ചെറുകിട-ഇടത്തരം കടയുടമകളാണ്. കേന്ദ്രത്തിലെയും സംസ്ഥാനത്തെയും സർക്കാരുകൾ ആവിഷ്കരിച്ച സാമ്പത്തികനയങ്ങളാണ് ഈ തകർച്ചയിലേക്ക് ചില്ലറ വ്യാപാരമേഖലയെ എത്തിച്ചത്. തങ്ങളുടെ നയങ്ങൾ ഒന്നുകൊണ്ടു മാത്രം അസാധാരണമായ ജീവിതപ്രതിസന്ധിയിലേക്ക് ആഴ്ന്നുപോയ, നിസ്സഹായരായ ചെറുകിട കച്ചവടക്കാർക്ക് എന്തെങ്കിലും ആശ്വാസം എത്തിക്കാനോ നയങ്ങളിൽ മാറ്റം വരുത്താനോ സർക്കാരുകൾ ഈ നിമിഷം വരെയും തയ്യാറായിട്ടില്ല. വ്യാപാരികൾക്ക് അനുകൂലമായി ജനാധിപത്യ സർക്കാരുകളെ പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ലെങ്കിൽ വരാനിരിക്കുന്ന ദിനങ്ങളിൽ ചെറുകിട വ്യാപാര മേഖലയെ കാത്തിരിക്കുന്നത് വൻദുരന്തമായിരിക്കുമെന്നതിൽ സന്ദേഹമില്ല.**

## വ്യാപാരി – ബഹുജന സമരൈക്യം പടുത്തുയർത്തുക

**പ്ര**തിസന്ധിയുടെ ഭാരം പേറാനാകാതെ ജീവനൊടുക്കുന്ന വ്യാപാരികളുടെയും ചെറുസംരംഭകരുടെയും എണ്ണം ഭീതി പടർത്തുന്നവിധം ദേശീയതലത്തിൽ വർദ്ധിക്കുന്നത് ഈ മേഖലയുടെ തകർച്ചയുടെ നേർസാക്ഷ്യമാണ്. ചെറുകിട കച്ചവട - ചെറുകിട വ്യവസായ മേഖലയിൽ സ്വയം തൊഴിൽ കണ്ടെത്തിയവരിൽ 11,716 പേർ 2020ൽ മാത്രം ആത്മഹത്യ ചെയ്തതായി 2021ലെ എൻസിആർബി കണക്കുകൾ വ്യക്തമാക്കുന്നു. 2022ൽ 19,484 പേരാണ് ജീവനൊടുക്കിയത് (എൻസിആർബി റിപ്പോർട്ട് 2023). അതായത് 62 ശതമാനമാണ് വർദ്ധനവ്. നോട്ടുനിരോധനത്തിന്റെ ആഘാതത്തിൽ നിന്നും മുക്തമാകുന്നതിനുമുമ്പ് തന്നെ, കുനിൻമേൽ കുരു എന്ന പോലെ ചരക്കുസേവന നികുതി (ജിഎസ്ടി) കൂടി അടിച്ചേൽപ്പിക്കപ്പെട്ടതോടെയാണ് ചെറുകിട വ്യാപാരമേഖല ആഴമേറിയ പ്രതിസന്ധിയലേക്ക് നിപതിച്ചത്. ഇതിനിടയിൽ കോവിഡ് മഹാമാരി മൂലം പലപ്പോഴായി ഏതാണ്ട് ഒരു വർഷത്തോളം കട അടച്ചിടേണ്ടിവരികയും ചെയ്തു. മഹാമാരി സൃഷ്ടിച്ച വരുമാനത്തകർച്ച, ജനങ്ങളുടെ ക്രയശേഷിയിൽ വലിയ ഇടിവ് ഉണ്ടാക്കിയതിനെത്തുടർന്ന് വിൽപ്പനയാകട്ടെ, നാലിലൊന്നായി കുറഞ്ഞു. ഇവയ്ക്കുപുറമേ, ഈ മേഖലയിലേയ്ക്കുള്ള കുത്തകകളുടെ കടന്നുവരവും കുത്തകാനുകൂല നയങ്ങൾ ജനങ്ങളെ പാപ്പരീകരിച്ചതുവഴി ഉണ്ടായ ആഴമേറിയ സാമ്പത്തിക പ്രതിസന്ധിയും വ്യാപാരത്തെ ആകെ പ്രതികൂലമായി ബാധിക്കുകയുണ്ടായി. കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ്, കാലാവസ്ഥാ വ്യതിയാനം, ഗൾഫ് രാജ്യങ്ങളിലെ സാമ്പത്തിക മാന്ദ്യം, നിർമ്മാണ മേഖലയിലെ സ്തംഭനാവസ്ഥ ഇവയെല്ലാം ചെറുകിട വ്യാപാരമേഖലയെ വീണ്ടും തളർത്തി. കേരളത്തിലാകട്ടെ, പ്രളയം വമ്പിച്ച ആഘാതമാണ് വ്യാപാരമേഖലയിൽ ഉണ്ടാക്കിയത്. ഏതാണ്ട് ഒന്നേകാൽകോടിയോളം ചില്ലറ വിൽപ്പന ശാ




(ശേഷം 2-ാം പേജിൽ)

**പലസ്തീൻ ഐക്യദാർഢ്യം...**




സയണിസ്റ്റ് ഇസ്രയേൽ ഗാസയിൽ നടത്തുന്ന മനുഷ്യക്കുരുതി ഉടൻ അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എഐഎംഎസ് എസ് ഹരിപ്പാട് നടത്തിയ യുദ്ധാവിരുദ്ധ റാലിയിൽ സംസ്ഥാന വൈസ് പ്രസിഡന്റ് അഡ്വ.എം.എ.ബിന്ദു പ്രസംഗിക്കുന്നു.

**ഗാസയുടെമേലുള്ള ഇസ്രയേൽ ആക്രമണത്തിന് അറുതി വരുത്തുവാൻ മനുഷ്യസ്നേഹികൾ ഒരുമിക്കുക** — പേജ് 11

# ഇൻഡോറിൽ സൂറത്ത് ആവർത്തിക്കാതെ തടഞ്ഞത് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)

**പൊ**തുതിരഞ്ഞെടുപ്പ് പ്രക്രിയ എത്ര മാത്രം അധഃപതിക്കാം എന്നതിന്റെ നേർക്കാഴ്ചയാണ് സൂറത്തിൽ കണ്ടത്. എതിർസ്ഥാനാർത്ഥികളെയാകെ മത്സരക്കളത്തിൽനിന്ന് കള്ളക്കളികളിലൂടെ ഒഴിവാക്കി ബിജെപി സ്ഥാനാർത്ഥി തിരഞ്ഞെടുക്കപ്പെടുകയായിരുന്നു അവിടെ. അതേ നീചമായ രാഷ്ട്രീയ കുതന്ത്രം ഇൻഡോറിൽ നടത്തിയെടുക്കാൻ തുനിഞ്ഞിറങ്ങിയ ബിജെപി, പക്ഷേ, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) എന്ന യഥാർത്ഥ കമ്മ്യൂണിസ്റ്റ് സംസ്കാരം പേറുന്ന പ്രസ്ഥാനത്തിന്റെ ധീരമായ ചെറുത്തുനിൽപ്പിന്റെ മുന്നിൽ പരാജയപ്പെടുകയാണുണ്ടായത്.

സൂറത്തിൽ കോൺഗ്രസ് സ്ഥാനാർത്ഥി നിലേഷ് കുംബാനിയുടെയും ഡമ്മി സ്ഥാനാർത്ഥിയുടെയും നാമനിർദ്ദേശപത്രികകൾ ക്രമക്കേടുകൾ ചൂണ്ടിക്കാട്ടി തള്ളിയതിന് പിന്നാലെ മറ്റുള്ള എല്ലാ സ്ഥാനാർത്ഥികളും പത്രിക പിൻവലിച്ചു. കോൺഗ്രസ് സ്ഥാനാർത്ഥിയും ബിജെപിയുടെ കരുനീക്കങ്ങൾക്കൊത്ത് നീങ്ങുകയായിരുന്നുവെന്നും തെറ്റായ നാമനിർദ്ദേശപത്രികകൾ തയ്യാറാക്കുന്നതിൽ വരെ ബിജെപിയുടെ ഇടപെടലുകൾ ഉണ്ടെന്നും ആരോപിക്കപ്പെടുന്നു. വൻതുകകളുടെ കോഴയും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. ‘ഓപ്പറേഷൻ ബ്ലാക്ക് ലോട്ടസ്’ എന്നാണ് ഈ അറവുരാഷ്ട്രീയം അറിയപ്പെട്ടത്. തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ ദീർഘകാല പാരമ്പര്യമുള്ള ഒരു ദേശീയ പാർട്ടിയായ കോൺഗ്രസിന്റെ കഴിവുകേടിന്റെ ഉത്തമനിദർശനമാണ് സൂറത്തിൽ അരങ്ങേറിയത്. ഭരണകക്ഷിയുടെ താല്പര്യത്തിനൊത്ത് തുള്ളുന്ന തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരും തിരഞ്ഞെടുപ്പ് കമ്മീഷനും ഈ സംഭവത്തിലൂടെ സ്വയം വെളിപ്പെടുന്നു.

സൂറത്തിലെ അനുഭവസമ്പത്തുമായി കൃത്യമായ ആസൂത്രണത്തോടെയാണ്

(ശേഷം 7-ാം പേജിൽ)

# ചരക്ക് സേവന നികുതി(GST) ചെറുകിട വ്യാപാര മേഖലയെ ആഴമേറിയ പ്രതിസന്ധിയിലാഴ്ത്തി

(1–ാം പേജിൽ നിന്ന്)

ലകളിലായി നാലുകോടി പേരെങ്കിലും പണിയെടുക്കുകയും അത്രയുംതന്നെ കുടുംബങ്ങൾ ഉപജീവനം തേടുകയും ചെയ്യുന്നുണ്ട് ഈ മേഖലയിൽ. രാജ്യത്തിന്റെമൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ പത്തുശതമാനം ചില്ലറ വിൽപ്പനമേഖലയുടെ സംഭാവനയാണ്. കാർഷികമേഖല കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ആളുകൾ പണിയെടുക്കുന്നതും ആകെ തൊഴിലിന്റെ എട്ടു ശതമാനവും ചില്ലറ വിൽപ്പന മേഖലയിലാണ്.

### ചെറുകിട വ്യാപാരമേഖലയുടെ തകർച്ച: ഒന്നാംപ്രതി ചരക്കുസേവന നികുതി

കേന്ദ്ര-സംസ്ഥാന തലങ്ങളിലായി നിലനിന്നിരുന്ന അനവധിയായ പരോക്ഷ നികുതികളിൽനിന്നും വ്യാപാരമേഖലയെ മോചിപ്പിക്കാനെന്ന പേരിൽ, ഏകീകൃതവും സംയോജിതവുമായ നികുതി സമ്പ്രദായം എന്നനിലയിൽ ആദ്യം വാറ്റ് നടപ്പാക്കിയത് ചരക്കുസേവന നികുതി(ജിഎസ്ടി)ക്ക് വീഥിയൊരുക്കാൻ മാത്രമായിരുന്നു. ജിഎസ്ടി എന്ന നികുതിസമ്പ്രദായം വരുന്നിടം വരെയും സേവനങ്ങൾ നികുതിയുടെ പരിധിയിൽ ഉണ്ടായിരുന്നില്ല. പ്രസ്തുതമേഖലയിലേക്കു കൂടി നികുതി വ്യാപിപ്പിച്ച്, ജനങ്ങളെ വറചട്ടിയിൽ നിന്നും എരിതീയിലേക്ക് എടുത്തെറിഞ്ഞു. ലോകത്തെ ഏറ്റവും ഉയർന്ന ജിഎസ് ടി നിരക്കാണ് ഇന്ത്യയിൽ നടപ്പാക്കിയിട്ടുള്ളത്. കഴിഞ്ഞ എഴ് വർഷത്തിനുള്ളിൽ ചരക്കുസേവന നികുതി വഴി കേന്ദ്രസർക്കാർ കവർന്നെടുത്തത് 86 ലക്ഷം കോടി രൂപയാണ്! ഒരു രാജ്യം, ഒരു നികുതി, ഒരു കമ്പോളം എന്ന ആകർഷകമായ മുദ്രാവാക്യത്തിന്റെ അകമ്പടിയോടെ കൊട്ടിഘോഷിച്ച് കൊണ്ടുവന്ന ജിഎസ്ടി, ഫലത്തിൽ ഭീമമായ നികുതി ഭാരം സാധാരണ ജനങ്ങളുടെമേൽ അടിച്ചേൽപ്പിച്ച് ജനങ്ങളെ പാപ്പരാക്കുകയും ഒപ്പം ചെറുകിട വ്യാപാരമേഖലയുടെ മരണം ഉറപ്പാക്കുകയുംചെയ്യുന്നഎന്നതാണ്സത്യം. ഏതെങ്കിലും ഒരു കേന്ദ്രത്തിൽ നികുതി അടച്ച്, രാജ്യം മുഴുവൻ വിൽക്കാൻ സാഹചര്യമൊരുക്കിയത് റീട്ടെയ്ൽ രംഗത്തെ വൻകിട കുത്തകകൾക്കുവേണ്ടി മാത്രമാണ്. അവരുടെ കച്ചവടം വിഘ്നരഹിതമായി മുന്നേറാൻ ഏറ്റവും അനുകൂലമായ നികുതിഘടനയാണ് ജിഎസ്ടി. അതിനാലാണ് വൻവ്യവസായികളും കുത്തകകളും ഉൽപ്പാദകരും ചരക്കുസേവന നികുതിയെ സ്വാഗതം ചെയ്തത്. അക്കാരണം കൊണ്ടുതന്നെ ജിഎസ് ടി ചെറുകിട കച്ചവടക്കാരുടെ മരണമണിയായി മാറുകയും ചെയ്തു.

**നോട്ടുനിരോധനത്തിന്റെ ആഘാതത്തിൽ നിന്നും മുക്തമാകുന്നതിനുമുമ്പ് തന്നെ, കൂനിന്മേൽ കുരു എന്ന പോലെ ചരക്കുസേവന നികുതി (ജിഎസ്ടി) കൂടി അടിച്ചേൽപ്പിക്കപ്പെട്ടതോടെയാണ് ചെറുകിട വ്യാപാരമേഖല ആഴമേറിയ പ്രതിസന്ധിയിലേക്ക് നിപതിച്ചത്.**

ഏകീകൃത പരോക്ഷ നികുതി സമ്പ്രദായമാണ് ജിഎസ്ടി. ഉൽപ്പാദനം മുതൽ ഉപഭോഗംവരെയുള്ള ഓരോ ഘട്ടങ്ങളിലും ചുമത്തപ്പെടുകയും എല്ലാ ഘട്ടങ്ങളിലും അടച്ച നികുതി കുറവുചെയ്യുകയും ചെയ്യുന്ന വിധമാണ് ജിഎസ്ടിയുടെ ക്രമീകരണം. ഓരോ ഘട്ടത്തിലും ഉണ്ടാകുന്ന മൂല്യവർദ്ധനവിനാണ് നികുതി ചുമത്തപ്പെടുന്നത് എന്നതുകൊണ്ട് നികുതിയുടെ ഭാരം സഞ്ചിതമായി അന്തിമഉപഭോക്താവിനുമേൽ പതിക്കും. അഞ്ചുശതമാനം മുതൽ ഇരുപത്തിയെട്ട് ശതമാനംവരെയാണ് നികുതി നിരക്ക് എന്നതിനാൽ ഭീമമായ വിലക്കയറ്റമാണ് ജിഎസ്ടിയുടെ പ്രത്യക്ഷഫലം. താങ്ങാനാവാത്ത വില ജനങ്ങളുടെ ക്രയശേഷിയെ വീണ്ടും കുറയ്ക്കാനിടയാക്കുകയും കച്ചവടം വീണ്ടും ഇടിയാൻ കാരണമാവുകയും ചെയ്യുന്നു. ചെറുകിട വ്യാപാരമേഖലയെ ഇത് കൂടുതൽ പ്രതിസന്ധിയിലാക്കുന്നു

### നിരവധി വ്യവസ്ഥകളിലൂടെ ജിഎസ്ടി ചില്ലറ വ്യാപാരികൾക്ക് ഇൻപുട്ട് ടാക്സ് നിഷേധിക്കുന്നു

വാസ്തവത്തിൽ എന്തുതന്നെയായാലും ചെറുകിട വ്യാപാരികളെ സംബന്ധിച്ചിടത്തോളം നികുതി അടയ്ക്കൽ പ്രക്രിയ സങ്കീർണവും അസാധ്യവുമാക്കിയിരിക്കുന്നു ജിഎസ്ടി. ഇതിൽ ഇൻപുട് ടാക്സ് ക്രെഡിറ്റാണ് ഒരു പ്രധാന വില്ലൻ. വ്യാപാരത്തിന്റെ മുൻഘട്ടത്തിൽ അടച്ച നികുതി അടുത്ത ഘട്ടത്തിൽ ഇളവ് ചെയ്യുന്നതാണ് ഇൻപുട് ടാക്സ് ക്രെഡിറ്റ്. ആദ്യ വ്യാപാരത്തിൽ അഥവാ ഉൽപാദനത്തിന്റെ ഘട്ടത്തിൽ അടച്ച നികുതിപ്പണം വ്യാപാരത്തിന്റെ ഓരോ ഘട്ടത്തിലും കിഴിവായി ലഭിക്കുവാൻ സഹായിക്കുകയും നികുതിക്കുമേലുള്ള നികുതി ഭാരം ഒഴിവാക്കുകയും ചെയ്യുക എന്നതാണ് ഇൻപുട് ടാക്സ് ക്രെഡിറ്റിന്റെ ലക്ഷ്യം. എന്നാൽ ചെറുകിട വ്യാപാരികൾക്ക് അർഹമായ ഇൻപുട് ടാക്സ് ക്രെഡിറ്റ് ലഭ്യമാക്കുതിനുള്ള വിഘ്നങ്ങൾ നിരവധിയാണ്. സാധനമോ സേവനമോ വാങ്ങുമ്പോൾ വ്യാപാരി സ്വന്തം കീശയിൽ നിന്നാണ് നികുതി കൊടുക്കുന്നത്. ആ നികുതി, വിൽപ്പന നടത്തിയ വ്യാപാരി സർക്കാരിലേയ്ക്ക് റിട്ടേൺ അടയ്ക്കുന്നു. എന്നാൽ വാങ്ങിയ വ്യാപാരി തന്റെ റിട്ടേണിൽ, നിശ്ചിതസമയത്തിനുള്ളിൽ ഇൻപുട്ട് അവകാശപ്പെട്ടില്ലെങ്കിൽ അയാൾക്ക് പണം നഷ്ടമാകുമെന്നുമാത്രമല്ല, അതുമായി ബന്ധപ്പെട്ട ചരക്കോ സേവനമോ മറിച്ച് നൽകുമ്പോൾ വീണ്ടും സ്വന്തം കൈയിൽനിന്ന് നികുതിപ്പണം മുഴുവൻ അടക്കേണ്ടിവരും. ഉദാഹരണത്തിന് 10ലക്ഷംരൂപയുടെ ചരക്കുവാങ്ങുന്ന വ്യാപാരി 18 ശതമാനം നികുതി ഉൾപ്പെടെ 11,80,000 രൂപ കൊടുത്ത് സാധനം വാങ്ങണം. അതേ ഉൽപ്പന്നം 12 ലക്ഷം രൂപയ്ക്ക് വീണ്ടും വിൽക്കുമ്പോൾ അതിന്റെ 18 ശതമാനം നികുതി 2,16,000 രൂപ അടയ്ക്കണം. 2,16,000 രൂപയിൽ, ഇതിനോടകംതന്നെ 18 ശതമാനം നികുതി(1,18,000) അടച്ചിട്ടുണ്ട് എന്നതുകൊണ്ട്, ഉൽപ്പന്നം വാങ്ങിയപ്പോൾ വ്യാപാരി അടച്ച നികുതി (ഇൻപുട് ടാക്സ്) 1,18,000 രൂപ കിഴിച്ച് 36,000 രൂപ അടച്ചാൽ മതിയാകും. ഇതാണ് സാധാരണഗതിയിൽ പ്രതീക്ഷിക്കപ്പെടുന്ന പ്രക്രിയ. എന്നാൽ ഇൻപുട് ടാക്സ് നിഷേധിക്കപ്പെടാനുള്ള നിരവധി വ്യവസ്ഥകൾ നിലനിൽക്കുന്നതിനാൽ ഈ സാധാരണപ്രക്രിയ നടക്കാതെ പോകുന്നു എന്നതാണ് ചെറുകിട കച്ചവടക്കാർ നേരിടുന്ന ഗുരുതരമായ പ്രശ്നം. കേന്ദ്രനികുതി, സംസ്ഥാന നികുതി, ഇന്റർസ്റ്റേറ്റ് നികുതി എന്നിങ്ങനെ മൂന്ന് ഹെഡിൽ നികുതിയടക്കേണ്ടിവരുമ്പോൾ ഏതെങ്കിലും ഹെഡ് മാറിപ്പോയാലോ, ഇൻപുട് ടാക്സിന് അപേക്ഷിക്കാനുള്ള സമയം കഴിഞ്ഞുപോയാലോ, പിശകുകൾ തിരുത്താൻ അവസരമില്ല എന്നതിനാലുമൊക്കെ ഇൻപുട് ടാക്സ് നിഷേധിക്കപ്പെടും. അങ്ങിനെ വന്നാൽ മുഴുവൻ തുകയും – മുകളിലത്തെ ഉദാഹരണത്തിൽ 2,16,000 രൂപയും – വ്യാപാരി അടയ്ക്കേണ്ടിവരും എന്നതാണ് വ്യാപാരികൾ നേരിടുന്ന പ്രശ്നം.

റിട്ടേൺ അടയ്ക്കൽ, ചെറുകിട – ഇടത്തരം വ്യാപാരികൾക്ക് സ്വന്തം നിലയിൽ ചെയ്യാനാവുന്ന വിധം ലളിതമല്ല എന്നതിനാൽ പണം ചെലവഴിച്ച് അവർ ടാക്സ് പ്രാക്ടീഷണർമാരെ നിയോഗിക്കേണ്ടിവരുന്നു. റിട്ടേൺ ഫയൽ ചെയ്യുന്ന സമയത്ത് എന്തെങ്കിലും ഒരു പിശകുപറ്റിയാൽ അത് തിരുത്തുവാൻ അവസരമില്ല. തുടർന്നുവരുന്ന മാസത്തെ റിട്ടേണിൽ അഡ്ജസ്റ്റ്മെന്റുകൾ നടത്തി പരിഹരിക്കാനും വാർഷിക റിട്ടേണിലും ഓഡിറ്റ് റിപ്പോർട്ടിലും ഈ വരുന്ന വ്യത്യാസങ്ങളെ റീകൺസൈൽ ചെയ്യുവാനും ആവശ്യപ്പെടുന്നുണ്ടെങ്കിലും പലപ്പോഴും അതിനുള്ളിൽ ഇൻപുട് ടാക്സ് അവകാശപ്പെടാനുള്ള സമയം കഴിഞ്ഞിരിക്കും. അതാകട്ടെ, ഇൻപുട് ടാക്സ് നിഷേധിപ്പെടുന്നതിനിടയാക്കുകയും ചെയ്യും. എന്നാൽ കേന്ദ്രസർക്കാരിലേയ്ക്ക് അടയ്ക്കേണ്ടുന്ന നികുതിപണം തെറ്റായി സംസ്ഥാന സർക്കാരിലേയ്ക്കാണ് അയയ്ക്കുന്നതെങ്കിൽ പണം പിൻവലിച്ച് തിരിച്ചടയ്ക്കാൻ നിയമമുണ്ട്. അതായത് വ്യാപാരി അടച്ച പണം കൃത്യമായി നികുതി പെട്ടിയിൽ വീഴണമെന്ന് സർക്കാർ ഉറപ്പാക്കിയിട്ടുണ്ട്. എന്നാൽ വ്യാപാരിക്ക് തിരികെ ലഭിക്കേണ്ടുന്ന അയാളുടെ സ്വന്തം പണം നിഷേധിക്കുകയും ചെയ്യുന്നു. കച്ചവടക്കാരെ ദ്രോഹിക്കാൻ വേണ്ടി മാത്രം രൂപപ്പെടുത്തിയിട്ടുള്ള നികുതി ഘടനയായി ജിഎസ്ടി മാറിയിരിക്കുന്നു എന്നാണ് ഇത് വ്യക്തമാക്കുന്നത്. ഇൻപുട് ടാക്സ് നിഷേധിക്കപ്പെടുന്നതുവഴി ചരക്ക് ഉൽപ്പാദിപ്പിക്കുന്ന കോർപ്പറേറ്റ് ഭീമൻ നൽകുന്നതിനെക്കാൾ നികുതി ചെറുകിട വ്യാപാരികൾ കൈയിൽനിന്ന് മുടക്കേണ്ടിവരുന്നു. ഭീമമായ വായ്പയെടുത്തും കെട്ടുതാലി പണയപ്പെടുത്തിയും സ്വയം ഒരു തൊഴിൽ കണ്ടെത്തി ജീവിക്കാൻ ശ്രമിക്കുന്ന ഒരു സാധാരണക്കാരനെ ഈ ഉപജീവനമാർഗ്ഗത്തിൽ നിന്നും എങ്ങിനെയും പുറത്താക്കാനാണ് ഭരണാധികാരികൾ ശ്രമിക്കുന്നത്.

**ജിഎസ്ടി വന്നതിനുശേഷമുള്ള ഗൗരവതരമായ പ്രശ്നം ജിഎസ്ടി കൗൺസിൽ പുറപ്പെടുവിക്കുന്ന അടിക്കടിയുള്ള ഉത്തരവുകളാണ്.**

**● ഇതിനകം അഞ്ഞൂറോളം പരിഷ്ക്കാരങ്ങളോ ഭേദഗതികളോ നിയമത്തിൽ വരുത്തിക്കഴിഞ്ഞു.**

**അടിക്കടി മാറിക്കൊണ്ടിരിക്കുന്ന ജിഎസ്ടി നിയമങ്ങളും ചട്ടങ്ങളും ടാക്സ് പ്രാക്റ്റീഷണർമാർക്കും വകുപ്പ് ഉദ്യോഗസ്ഥർക്കും പോലും മനസ്സിലാക്കാൻ അത്യദ്ധ്വാനം ചെയ്യേണ്ടിവരുമ്പോൾ സാധാരണക്കാരായ ചില്ലറ വ്യാപാരികൾക്ക് എന്താണ് ചെയ്യാൻ കഴിയുക?**

**● കേന്ദ്രനികുതി, സംസ്ഥാന നികുതി, ഇന്റർസ്റ്റേറ്റ് നികുതി എന്നിങ്ങനെ മൂന്ന് ഹെഡിൽ നികുതിയടക്കുമ്പോൾ ഏതെങ്കിലും ഇനം മാറിപ്പോവുകയോ, ഇൻപുട് ടാക്സിന് അപേക്ഷിക്കാനുള്ള സമയം കഴിയുകയോ ചെയ്താൽ ഇൻപുട് ടാക്സ് വ്യാപാരികൾക്ക് നിഷേധിക്കപ്പെടും.**

**● അങ്ങനെ വന്നാൽ മുഴുവൻ നികുതിത്തുകയും വ്യാപാരി തന്നെ അടയ്ക്കേണ്ടിവരുന്നു.**

ഉൽപന്നം വിറ്റ വ്യാപാരി സർക്കാരിലേയ്ക്ക് റിട്ടേൺ ഫയൽ ചെയ്ത്, വാങ്ങിയ വ്യാപാരിയുടെ ഫോം 2 എ-യിലേക്ക് അപ്‌ലോഡ് ആയെങ്കിൽ മാത്രമേ വാങ്ങിയ വ്യാപാരിയ്ക്ക് ഇൻപുട് എടുക്കാൻ സാധിക്കുകയുള്ളൂ. ഉൽപന്നം വിറ്റ വ്യാപാരി വാങ്ങിയ വ്യാപാരിയുടെ ടാക്സ് ഐഡന്റിഫിക്കേഷൻ നമ്പർ(ടിൻ) തെറ്റായി രേഖപ്പെടുത്തുകയോ മറ്റെന്തെങ്കിലും പിശകുവരുത്തുകയോ ചെയ്താൽ വാങ്ങിയ വ്യാപാരിയുടെ ഫോം 2 എ-യിൽ അത് വരില്ല. അങ്ങിനെ സംഭവിച്ചാൽ അയാൾക്ക് ഇൻപുട് ടാക്സ് ക്രെഡിറ്റ് കിട്ടില്ല. ഒട്ടനവധി ക്രയവിക്രയങ്ങൾക്കിടയിൽ ഒരെണ്ണത്തിന്റെ വിശദാംശങ്ങൾ തന്റെ കമ്പ്യൂട്ടർ സിസ്റ്റത്തിൽ വന്നോ ഇല്ലയോ എന്നത് അറിയാതെ പോവുക സ്വഭാവികം മാത്രം. നിശ്ചിതസമയത്തിനുള്ളിൽ അയാൾക്ക് അത് ക്ലെയിം ചെയ്യാൻ പറ്റാതെ പോകുന്നതുവഴി സ്വന്തം പണം അയാൾക്ക് നഷ്ടപ്പെടുക തന്നെ ചെയ്യും. വിറ്റ വ്യാപാരി ടാക്സ് അടച്ചില്ലെങ്കിലും വാങ്ങിയ വ്യാപാരിക്ക് ഇൻപുട് ടാക്സ് ക്രെഡിറ്റ് കിട്ടില്ല. ഫലത്തിൽ ഒരു ഉൽപ്പന്നം വാങ്ങുമ്പോഴും വിൽക്കുമ്പോഴും നികുതി ഈടാക്കപ്പെടുന്ന സാഹചര്യമാണ് ഇതിലൂടെ സൃഷ്ടിക്കപ്പെടുക. ചുരുക്കത്തിൽ ചെറുകിട – ഇടത്തരം വ്യാപാരികൾ അകപ്പെട്ടുപോയിരിക്കുന്ന ഊരാക്കുടുക്കായി ജിഎസ്ടി മാറിയിരിക്കുന്നു. ഒന്നും രണ്ടുമല്ല ആയിരക്കണക്കിന് വ്യാപാരികൾക്ക് ഇപ്രകാരം പണം നഷ്ടപ്പെടുകയും അതിൽ ഗണ്യമായ ഒരു വിഭാഗത്തിന് കട പൂട്ടുകയും ചെയ്യേണ്ടിവന്നിട്ടുണ്ട്.

ഉപജീവനത്തിനായി സ്വന്തമായി എത്ര ചെറിയ സംരംഭം ആരംഭിക്കുന്നവരും ജിഎസ്ടിയിൽ രജിസ്ട്രേഷൻ എടുക്കാൻ നിർബ്ബന്ധിതമാവുകയാണ്. സേവന വ്യാപാരങ്ങൾക്ക് 20 ലക്ഷത്തിനും ചരക്ക് വ്യാപാരത്തിനു 40 ലക്ഷത്തിനും മുകളിൽ വാർഷിക ടേൺഓവർ ഉള്ള സ്ഥാപനങ്ങൾ ജിഎസ് ടി രജിസ്ട്രേഷൻ എടുത്താൽ മതിയെന്ന് പരിധി വച്ചിട്ടുണ്ടെങ്കിലും രജിസ്ട്രേഷൻ ഇല്ലാത്ത കമ്പനികളിൽനിന്നും ഉൽപ്പന്നം വാങ്ങാൻ സ്ഥാപനങ്ങൾ മടിക്കുമെന്നതിനാൽ ഏവരും രജിസ്ട്രേഷൻ

(ശേഷം 3–ാം പേജിൽ)

# ജിഎസ്ടി അടിച്ചേൽപ്പിച്ച സാമ്പത്തിക ബാധ്യതകൾ ചെറുകിട കച്ചവടക്കാരെ കടക്കെണിയിലകപ്പെടുത്തി

(2–ാം പേജിൽ നിന്ന്)

എടുക്കേണ്ടിവരുന്നു. അധികം വ്യാപാരമൊന്നും നടന്നില്ലെങ്കിലും നികുതി വകുപ്പിന് പലിശ, ലേറ്റ് ഫീ, പെനാൽറ്റി ഇതുടങ്ങിയവയെല്ലാം അടച്ച് സ്ഥാപനം അധികം വൈകുന്നതിനുമുമ്പ് കഴുത്തറ്റം കടത്തിൽ മുങ്ങിയിരിക്കും. നിരവധി പുതിയ സ്ഥാപനങ്ങൾ തുടങ്ങുകയും ഒട്ടും വൈകാതെ അവ അടച്ചുപൂട്ടിപ്പോകുന്നതും ഇക്കാരണത്താലാണ്. അവയുടെയെല്ലാം അന്തകൻ ജിഎസ്ടിയാണ്. ചെറുകിട-ഇടത്തരം സംരംഭങ്ങളെ പ്രോൽസാഹിപ്പിക്കുമെന്ന് പെരുമ്പറ മുഴക്കുന്ന സർക്കാരുകൾ തന്നെ ജിഎസ്ടി നടപ്പാക്കി അവയെ ഇല്ലാതാക്കുകയാണ്.

### അടയ്ക്കാൻ വൈകുന്ന നികുതിയുടെ മേൽ ജിഎസ്ടി ചുമത്തുന്നത് 18 ശതമാനം കൊള്ളപ്പലിശ!

ജിഎസ്ടി വന്നതിനുശേഷമുള്ള മറ്റൊരു പ്രശ്നം ജിഎസ്ടി കൗൺസിൽ പുറപ്പെടുവിക്കുന്ന അടിക്കടിയുള്ള ഉത്തരവുകളാണ്. ഇതിനകം അഞ്ഞൂറോളം പരിഷ്ക്കാരങ്ങളോ ഭേദഗതികളോ നിയമത്തിൽ വരുത്തിക്കഴിഞ്ഞു. അടിക്കടി മാറിക്കൊണ്ടിരിക്കുന്ന ജിഎസ്ടി നിയമങ്ങളും ചട്ടങ്ങളും ടാക്സ് പ്രാക്ടീഷണർമാർക്കും വകുപ്പ് ഉദ്യോഗസ്ഥർക്കും പോലും മനസ്സിലാക്കാൻ അത്യദ്ധ്വാനം ചെയ്യേണ്ടിവരുമ്പോൾ സാധാരണക്കാരായ ചില്ലറ വ്യാപാരികൾക്ക് എന്താണ് ചെയ്യാൻ കഴിയുക? വൻകിട റീട്ടെയിൽ കുത്തകകളെ സംബന്ധിച്ചിടത്തോളം അവരുടെ കോർപ്പറേറ്റ് ഓഫീസുകളിലെ ജീവനക്കാർക്കും ടാക്സ് വിഭാഗത്തിനും ഈ വിഷയങ്ങൾ കൈകാര്യം ചെയ്യാൻ കഴിയും. എന്നാൽ ഒന്നോ രണ്ടോ ജോലിക്കാരെ നിയോഗിച്ച് ഒരു ചെറിയ കട നടത്തുന്ന സാധാരണക്കാരനായ വ്യാപാരിക്ക് നിത്യേനയുണ്ടാകുന്ന ഈ മാറ്റങ്ങൾ അറിയാൻ നിർവാഹമില്ലാതെ പോകുന്നതിനാൽ ജിഎസ്ടിയുടെ കുരുക്കുകളിൽ പെട്ട് ഉഴലുക മാത്രമേ വഴിയുള്ളൂ. ഏതെങ്കിലും ഇനത്തിൽ അടയ്ക്കേണ്ടുന്ന തുകയെ സംബന്ധിച്ച് നികുതിവകുപ്പിൽ നിന്നും അറിയിപ്പുണ്ടായാൽ, പ്രസ്തുത ഡിമാന്റ് തുക ഇൻസ്റ്റാൾമെന്റായി അടയ്ക്കാൻ സമയപരിധിക്കുള്ളിൽ അപേക്ഷ നൽകിയില്ലെങ്കിൽ ഒറ്റത്തവണയായി അടയ്ക്കണം. കൈവശമുള്ളത് അടയ്ക്കാമെന്നുവച്ചാൽ സിസ്റ്റത്തിൽ അതിനുള്ള ഓപ്ഷനുമില്ല. നിശ്ചിത തീയതിക്കുമുമ്പ് അടയ്ക്കാൻ വൈകിയാൽ വ്യാപാരി അടയ്ക്കേണ്ട പലിശ 18 ശതമാനമാണ്. വാറ്റിന്റെ ഘട്ടത്തിൽ 12 ശതമാനമായിരുന്നപലിശയാണ് ഇപ്പോൾ 18 ശതമാനമാക്കി ഉയർത്തിയിരിക്കുന്നത്. ഇ മെയിലിൽ മാത്രം വരുന്ന അറിയിപ്പുകൾ എന്തെങ്കിലും കാരണവശാൽ ശ്രദ്ധയിൽപ്പെടാതെ പോയാൽ ഈ കഴുത്തറപ്പൻ പലിശക്കു ഇരയാവുകയേ പാവപ്പെട്ട കച്ചവടക്കാരനു മാർഗ്ഗമുള്ളൂ. പലിശ പെരുകിപ്പെരുകി കടക്കെണിയുടെ കുരുക്കിലകപ്പെട്ടിട്ടുള്ളത് കേരളത്തിൽ മാത്രം നൂറുകണക്കിന് ചെറുകിട വ്യാപാരികളാണ്.

> **നികുതി അടവിൽ വീഴ്ചവരുത്തിയാൽ അടയ്ക്കേണ്ട പലിശ വാറ്റുകാലത്ത് 12 ശതമാനമായിരുന്നത് ജിഎസ്ടി വന്നപ്പോൾ 18 ശതമാനമായി ഉയർത്തി.**
>
> ● റിക്കവറി ഉത്തരവ് വന്നാൽ മിനിമം 10 ശതമാനം പെനാൽറ്റി അടയ്ക്കണം. ● റിട്ടേൺ ഫയൽ ചെയ്യാൻ വൈകിയാൽ അത് ഏതുകാരണം കൊണ്ടായാലും ദിവസേന ലേറ്റ് ഫീസ് അടയ്ക്കണം.
>
> **പരമാവധി 5000 രൂപയാണ് ലേറ്റ് ഫീ.**
>
> ● വാറ്റ് കാലഘട്ടത്തിൽ ദിവസേനയുള്ള ലേറ്റ് ഫീ ഉണ്ടായിരുന്നില്ല.
> ● ടാക്സ് റിട്ടേൺ സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയാൽ പെനാൽറ്റി നിർബന്ധമായിരുന്നില്ല.

വ്യാപാരികൾ നേരിടുന്ന അന്തമില്ലാത്ത ഈ വിഷയങ്ങൾ അധികാരികളുടെ മുമ്പിൽ അവതരിപ്പിച്ച് പരിഹരിക്കാനുള്ള അപ്പീൽ സംവിധാനങ്ങളും വ്യാപാരികൾക്കെതിരാണ്. നികുതി അടയ്ക്കാനുള്ള ഉത്തരവുവന്നാൽ നിശ്ചിത സമയത്തിനുള്ളിൽ അപ്പീൽ ഫയൽ ചെയ്യണം. അപ്പീൽ ഫയൽ ചെയ്യാനുള്ള കാലതാമസം മാപ്പാക്കാൻ അപ്പീൽ അധികാരിക്ക് അധികാരമില്ല. അങ്ങനെവന്നാൽ പണം അടയ്ക്കുകയേ നിർവാഹമുള്ളൂ. അതല്ലെങ്കിൽ കടയുടമയുടെ സ്ഥാവരജംഗമ വസ്തുക്കൾ ജപ്തി ചെയ്യും. അടയ്ക്കാൻ ആവശ്യപ്പെട്ടിരിക്കുന്ന തുകയുടെ പത്തുശതമാനം അടച്ചാൽ മാത്രമേ ഒരാളുടെ അപ്പീൽ സ്വീകരിക്കുക പോലുമുള്ളൂ. നികുതി വകുപ്പ് അയച്ചത് തെറ്റായ ഉത്തരവാണെങ്കിലും പണം അടച്ചിട്ട് മാത്രമേ അപ്പീൽ പോകാൻ സാധിക്കുകയുള്ളൂ. 2017 ജൂലൈ ഒന്നിന് അർദ്ധരാത്രിയിൽ ജിഎസ്ടി ആവിഷ്കരിച്ചുകൊണ്ട് പ്രധാനമന്ത്രി പാർലമെന്റിൽ പറഞ്ഞത് ജിഎസ്ടി വ്യാപാരി സൗഹൃദപരമായിരിക്കുമെന്നാണ്. എന്നാൽ കോടിക്കണക്കിന് ഉപഭോക്താക്കളിൽ നിന്ന് പ്രതിമാസം 2 ലക്ഷം കോടി രൂപ നികുതി പിരിച്ച്, സർക്കാർ ഖജനാവ് നിറയ്ക്കുന്ന ചെറുകിട കച്ചവടക്കാരനെ ജിഎസ്ടിയിലൂടെ സർക്കാരുകൾ ശത്രുവാക്കി പ്രഖ്യാപിക്കുകയാണ് ചെയ്തത്.

എല്ലാ നോട്ടീസുകളും ഉത്തരവുകളും ഓൺലൈനിലൂടെയാണ് എത്തുന്നത് എന്നതാണ് മറ്റൊരു ഗൗരവപ്പെട്ട പ്രശ്നം. ചെറുകിട വ്യാപാരികൾക്ക് ഇത് എപ്പോഴും കരഗതമാകണമെന്നില്ല. മാത്രമല്ല, ജിഎസ്ടി നിയമത്തിൽ മതിയായ പരിജ്ഞാനം ഉണ്ടാകണം എന്നുമില്ല. ജപ്തി ഉത്തരവും ഉത്തരവിറക്കുന്നതിന് മുമ്പുള്ള നോട്ടീസും എല്ലാം ഓൺലൈനിലാണ് വരുന്നത്. ആദ്യവർഷങ്ങളിൽ 80 ശതമാനം ചെറുകിട വ്യാപാരികളും ഈ ഉത്തരവുകൾ വന്നതൊന്നും അറിഞ്ഞിരുന്നില്ലത്രേ. ഉത്തരവുകളെല്ലാം വന്ന് സമയപരിധി കഴിഞ്ഞ് റവന്യൂ റിക്കവറിയിലേയ്ക്ക് കാര്യങ്ങൾ പോകുമ്പോഴാണ് ചെറുകിട വ്യാപാരികൾ വിഷയം അറിയുന്നതുതന്നെ. അതിനാൽ തങ്ങൾ അറിഞ്ഞിട്ടില്ലാത്തതും കൈപ്പറ്റിയിട്ടില്ലാത്തതുമായ നോട്ടീസുകളിലും ഉത്തരവുകളിലുമായി പതിനായിരക്കണക്കിന് ചെറുകിട വ്യാപാരികളാണ് ജപ്തിനടപടികളിൽ പെട്ടുപോയിരിക്കുന്നത്. അപ്പീൽ പോകാൻ സമയപരിധി കഴിഞ്ഞതിനാലും 10 ശതമാനം പണം അടയ്ക്കാനില്ലാത്തതിനാലും തീർത്തും അന്യായമായി കെണിയിൽ പെട്ടുപോയിരിക്കുന്ന ആയിരക്കണക്കിന് വ്യാപാരികൾ. ഇതിനു പ്രതിവിധിയായി പോയ വർഷങ്ങളിലെ അപ്പീൽ ഫയൽ ചെയ്യുവാനും നിർദ്ദിഷ്ട സമയത്ത് നികുതി അടയ്ക്കാൻ സാധിക്കാതെ പോയതിനാൽ രജിസ്ട്രേഷനിൽനിന്നും പുറത്തുപോയവരെ സഹായിക്കാനുമായി ആംനസ്റ്റി സ്കീം കൊണ്ടുവന്നെങ്കിലും 12 ശതമാനം പണം കെട്ടിവയ്ക്കണമെന്ന വ്യവസ്ഥയുണ്ടായിരുന്നതിനാൽ അതും പ്രയോജനരഹിതമായി.

> **ചെറുകിട കച്ചവട - ചെറുകിട വ്യവസായ മേഖലയിൽ സ്വയം തൊഴിൽ കണ്ടെത്തിയവരിൽ 2020ൽ മാത്രം 11,716 പേർ ആത്മഹത്യ ചെയ്തതായി 2021ലെ എൻസിആർബി കണക്കുകൾ വ്യക്തമാക്കുന്നു. 2022ൽ 19,484 പേരാണ് ജീവനൊടുക്കിയത്.** (എൻസിആർബി റിപ്പോർട്ട് 2023).
>
> **അതായത് 62 ശതമാനമാണ് വർദ്ധനവ്**

### കൊള്ളപ്പലിശ, പെനാൽറ്റി, ലേറ്റ് ഫീസ് – പിടിച്ചുപറിയായി മാറിയ ജിഎസ്ടി

നികുതി അടവിൽ വീഴ്ചവരുത്തിയാൽ 18 ശതമാനം പലിശ അടയ്ക്കണം. വാറ്റിന്റെ കാലത്ത് കേരളത്തിൽ അത് 12 ശതമാനം ആയിരുന്നു. റിക്കവറി ഉത്തരവ് വന്നാൽ മിനിമം 10 ശതമാനം പെനാൽറ്റി അടയ്ക്കണം. റിട്ടേൺ ഫയൽ ചെയ്യാൻ വൈകിയാൽ അത് ഏതുകാരണം കൊണ്ടായാലും വൈകുന്ന ഓരോ ദിവസത്തിനും ലേറ്റ് ഫീസ് അടയ്ക്കണം. പരമാവധി 5000 രൂപയാണ് ലേറ്റ് ഫീ. വാറ്റ് കാലഘട്ടത്തിൽദിവസംകണക്കാക്കിയുള്ള ലേറ്റ് ഫീ ഉണ്ടായിരുന്നില്ല. ടാക്സ് റിട്ടേൺ സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയാൽ പെനാൽറ്റി നിർബന്ധമായിരുന്നില്ല. ഓഫീസർക്ക് റിട്ടേൺ ഡിഫോൾട്ട് പെനാൽറ്റി ഇളവ് നൽകാൻ അവകാശമുണ്ടായിരുന്നു. മറുഭാഗത്തെ കേൾക്കാനും യുക്ത്യനുസൃതം പീനൽ വകുപ്പുകൾ ഉപയോഗിക്കാനുമുള്ള ഉദ്യോഗസ്ഥരുടെ വിവേചനാധികാരത്തെ ഇല്ലാതാക്കി. പകരം കമ്പ്യൂട്ടർ കാൽക്കുലേഷനെ മാത്രം അധികരിച്ചുള്ള കൈകാര്യം ചെയ്യലിന്റെ ക്രൂരതയിലേയ്ക്ക് ചെറുകിട ഇടത്തരം വ്യാപാരികളെ ജിഎസ്ടി എടുത്തെറിഞ്ഞു.

ഭരണഘടനയുടെ ഫെഡറലിസം എന്ന അടിസ്ഥാന തത്വത്തെ മറികടക്കാൻ ജിഎസ് ടി കൗൺസിൽ ഉണ്ടാക്കി. സംസ്ഥാനങ്ങളുടെ അധികാരങ്ങൾ ഇല്ലാതാക്കിക്കൊണ്ട് എല്ലാ അധികാരവും കേന്ദ്രത്തിന്റെ കൈപ്പിടിയിലൊതുക്കി. ജിഎസ്ടി കൗൺസിലിന്റെ തീരുമാനങ്ങൾക്ക് കേന്ദ്രവോട്ട് നിർണായകമാണ്. ഫലത്തിൽ ജിഎസ്ടി കൗൺസിലിന്റെ തീരുമാനങ്ങൾ കേന്ദ്രം കൽപ്പിക്കുന്നിടത്തെത്തി. പാർലമെന്റും നിയമസഭയും ജിഎസ്ടി കൗൺസിലിന്റെ തീരുമാനങ്ങൾ നടപ്പിലാക്കുന്ന ഉപകരണങ്ങളായി മാറി.

അങ്ങിനെ, സ്വദേശത്തെയും വിദേശത്തെയും റീട്ടെയ്ൽ ഭീമന്മാർക്കും കുത്തകകൾക്കും ലാഭക്കൊയ്ത്ത് നടത്താൻ അടിച്ചേൽപ്പിച്ച ജിഎസ്ടി ചെറുകിട – ഇടത്തരം വ്യാപാരികളുടെ കഴുത്തറുത്തു. ബഹുജനങ്ങളെ അതിരൂക്ഷമായ വിലക്കയറ്റത്തിലേക്ക് വലിച്ചെറിഞ്ഞു.

### ചില്ലറവ്യാപാരരംഗത്തേയ്ക്കുള്ള കുത്തകകളുടെ കടന്നുവരവ് ചില്ലറ വ്യാപാരമേഖലയെ നിലംപരിശാക്കി

ചില്ലറവ്യാപാരരംഗത്തേയ്ക്കുള്ള കുത്തകകളുടെ കടന്നുവരവാണ് ചെറുകിട വ്യാപാരമേഖലയുടെ തകർച്ചയുടെപ്രധാനപ്പെട്ട ഒരു കാരണം. ആഗോളവത്ക്കരണനയങ്ങളിലൂടെയാണ് എല്ലാം കൈപ്പിടിയിലൊതുക്കുവാനുള്ള ദുരയുമായി കടന്നുവന്ന മുതലാളിത്ത സാമ്രാജ്യത്വശക്തികൾ, രാജ്യത്തെ ബൃഹത്തായ ചെറുകിട വ്യാപാരമേഖല പിടിച്ചെടുക്കുവാനുള്ള ആസൂത്രിതമായ നീക്കങ്ങൾ ആരംഭിച്ചത്. അതിന് സഹായകരമായ നിയമങ്ങളും നയങ്ങളും പടിപടിയായി ആവിഷ്ക്കരിക്കുകയും ചെയ്തു. നികുതി ഏകീകരിക്കുക എന്ന താൽപര്യത്തോടെ ആരംഭിച്ച വാല്യൂ ആഡഡ് ടാക്സ് അഥവാ വാറ്റ്(VAT) ഈ നീക്കങ്ങളുടെ ആദ്യപടിയായിരുന്നു. കുത്തകകളെ ഒരു പരിധിവരെയെങ്കിലും നിയന്ത്രിക്കാൻ പര്യാപ്തമായിരുന്ന 'മൊണോപൊളീസ് ആന്റ് റിസ്ട്രിക്ടീവ് ട്രേഡ് പ്രാക്ടീസസ് (എംആർടിപി) ആക്ട് 1969'നപകരം കുത്തകകൾക്ക് സർവസ്വാതന്ത്ര്യം നൽകുന്ന 'കോമ്പറ്റീഷൻ ആക്ട്'2002ൽ നടപ്പിലാക്കി. ഒരു പരിധിയുമില്ലാതെ കാർഷികോൽപ്പന്നങ്ങൾ സംഭരിക്കാൻ കുത്തകകളെ അനുവദിക്കുന്ന ഭേദഗതി കൊണ്ടുവന്ന് കുത്തക സംഭരണ നിയന്ത്രണ നിയമം പൊളിച്ചടുക്കി. എല്ലാത്തരം ഉൽപ്പന്നങ്ങളുടെയും ഇറക്കുമതി ഉദാരമാക്കി. ആദ്യം ഏകബ്രാന്റ് ഉൽപ്പന്നങ്ങളുടെയും പിന്നീട് മൾട്ടിബ്രാന്റ് ഉൽപ്പന്നങ്ങളുടെയും വിൽപ്പനയിൽ വിദേശ നിക്ഷേപം അനുവദിച്ചു. അങ്ങനെ വൻകിട റീട്ടെയ്ൽ കുത്തകകളുടെ സർവ്വസ്വാതന്ത്ര്യത്തോടെയുള്ള ലാഭവേട്ടയ്ക്കായി രാജ്യത്തിന്റെ വ്യാപാരമേഖല തുറന്നുകൊടുത്തു.

> **ഒരു രാജ്യം, ഒരു നികുതി എന്ന മുദ്രാവാക്യത്തിന്റെ അകമ്പടിയോടെ കൊട്ടിഘോഷിച്ച് കൊണ്ടുവന്ന ജിഎസ്ടി, ഭീമമായ നികുതി ഭാരം സാധാരണ ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുകയും രൂക്ഷമായ വിലക്കയറ്റത്തിനിടയാക്കുകയും ജനങ്ങളെ പാപ്പരാക്കുകയും ഒപ്പം ചെറുകിട വ്യാപാരമേഖലയുടെ മരണം ഉറപ്പാക്കുകയും ചെയ്തു.**

നിലവിലുള്ള ചില്ലറ വിൽപ്പന സമ്പ്രദായത്തിൽ വിൽപനയുടെ നിരവധി ഘട്ടങ്ങൾ അനിവാര്യമാണെന്നതിനാൽ ഓരോ ഘട്ടത്തിലും ചേർക്കപ്പെടുന്ന ലാഭവും നികുതിയും അന്തിമമായി ഉൽപ്പന്നങ്ങളുടെ

(ശേഷം 4–ാം പേജിൽ)

# ചില്ലറ വ്യാപാര മേഖലയെ തകർത്ത സാമ്പത്തികനയങ്ങൾ ആവിഷ്കരിച്ചത് ഭരണ-പ്രതിപക്ഷ കക്ഷികൾ

(3-ാം പേജിൽ നിന്ന്)

വിലയിൽ പ്രതിഫലിക്കുന്നു. എന്നാൽ സംഘടിത ചില്ലറ വ്യാപാരകുത്തകയെ സംബന്ധിച്ചിടത്തോളം സംഭരണവും വിപണനവും ഒരാൾതന്നെയാണ് എന്നതിനാൽ പലഘട്ടങ്ങളിലായി വന്നുചേരുന്ന വിലവർദ്ധനവും ആനുപാതികമായ നികുതി വർദ്ധനവും ഒഴിവാക്കപ്പെടും. താരതമ്യേന കുത്തകവ്യാപാരിക്ക് ആദ്യഘട്ടത്തിൽ ചില്ലറ വ്യാപാര മേഖലയേക്കാൾ വിലകുറച്ച് നിൽകാനുള്ള സാഹചര്യം ഇതിലൂടെ സൃഷ്ടിക്കപ്പെടും. അങ്ങനെ ഉപഭോക്താക്കളെ ആകർഷിച്ച് കച്ചവടം കൊഴുപ്പിക്കുന്നതോടെ ചില്ലറ വിൽപ്പനശാലകൾ വൻതോതിൽ അടച്ചുപൂട്ടപ്പെടും. വ്യാപാരമേഖല തങ്ങളുടെ പൂർണ്ണവരുതിയാലാകുന്നതോടെ, ഉൽപ്പന്നങ്ങളുടെ വില യഥേഷ്ടം കുത്തകകൾ നിർണ്ണയിക്കും. അതോടെ ബഹുജനങ്ങൾ അവരുടെ അതിരില്ലാത്ത ചൂഷണത്തിനിരയാവുകയും ചെയ്യും. അത്തരമൊരു സാഹചര്യത്തിലേക്കാണ് രാജ്യം ക്രമേണ നടന്നടുക്കുന്നത്.

വാറ്റിനെതിരെ കേരളത്തിൽ വ്യാപാരികൾ നടത്തിയ ന്യായമായ പ്രക്ഷോഭത്തിന് പൂർണ്ണ പിന്തുണ നൽകിക്കൊണ്ട്, ചില്ലറ വിൽപ്പന രംഗത്തേയ്ക്കുള്ള കുത്തകകളുടെ കടന്നുവരവ് സൃഷ്ടിക്കാനിടയുള്ള വിപത്തുകളെ സംബന്ധിച്ച് 2005 മാർച്ച്, 25ന് *യൂണിറ്റി* താഴെപ്പറയുന്ന മുന്നറിയിപ്പ് നൽകിയിരുന്നു. 'വിതരണ ശൃംഖല നീളുന്നതിനനുസരിച്ച് ഓരോ ഘട്ടത്തിലുമുണ്ടാകുന്ന മൂല്യവർദ്ധിത നികുതിയും വിലവർദ്ധനവും ഒരു ഭാഗത്ത്. രേഖകളും കണക്കുകളും സൂക്ഷിക്കുന്നതിലുള്ള സങ്കീർണതകളും ഭീമമായ ചെലവും പീഡനവും അപമാനവും മറുഭാഗത്ത്. ഇരു ഭാഗത്തുനിന്നുമുള്ള ഈ സമ്മർദ്ദം ചില്ലറവ്യാപാരരംഗത്തുനിന്നും ചെറുകിടക്കാരെ പുകച്ചു പുറത്തുചാടിക്കും. വ്യാപാരരംഗം സമ്പൂർണമായും സംഘടിത ചില്ലറ വ്യാപാരികളുടെ നിയന്ത്രണത്തിലാകും. ഇപ്രകാരം കുത്തകകളുടെ സമ്പൂർണ നിയന്ത്രണത്തിലുള്ള ഒരു ദേശീയ കമ്പോളമാക്കി ഇന്ത്യയെ പരുവപ്പെടുത്തിയെടുക്കുകയാണ് വാറ്റിന്റെ ലക്ഷ്യം' വാറ്റിന്റെ കൃത്യമായ തുടർച്ചയും ഉയർന്ന ഘട്ടവുമാണ് ജിഎസ്ടി.

ഇന്ന് രാജ്യത്തിന്റെ ചെറിയ പട്ടണങ്ങളിലും കവലകളിലും വരെ വൻകിട റീട്ടെയ്ൽ മാളുകളുടെ വമ്പൻ ശൃംഖല വലവിരിച്ചുകഴിഞ്ഞു. വാറ്റ് ഒരുക്കിയ വഴികളിലൂടെ വേരുറപ്പിച്ച്, ജിഎസ്ടിയുടെ പിൻബലത്തിൽ പടർന്ന് ഈ ഭീമന്മാർ രാജ്യത്തിന്റെ വ്യാപാരമേഖലയിലെ നീരാളിപ്പിടുത്തമായി മാറിക്കഴിഞ്ഞു. കുറ്റൻ മൂലധനകരുത്തിന്റെ പിൻബലവുമായി എത്തുന്ന അംബാനി ഉൾപ്പടെയുള്ള കുത്തകകളോട് ചില്ലറ വ്യാപാരമേഖലയ്ക്ക് മൽസരിച്ചുനിൽക്കാനാവില്ല. അതിനാൽ നമ്മുടെ മുമ്പിൽ ഒരു മാർഗ്ഗമേയുള്ളൂ. മരണമടയാൻ ചെറുകിട വ്യാപാര മേഖലയെ വിട്ടുകൊടുക്കില്ലെന്ന് പ്രഖ്യാപിച്ചുകൊണ്ട് ഈ പ്രതിസന്ധിനാളുകളിൽ സർവ്വശക്തിയും സമാഹരിച്ച് പൊരുതുക എന്നതാണ് ആ മാർഗ്ഗം.

## ചെറുകിട വ്യാപാരമേഖല നിയന്ത്രണരഹിതമായ ഓൺലൈൻ വ്യാപാരത്തിന്റെ ആഘാതത്തിൽ പിടയുന്നു

സാങ്കേതിക വിദ്യയുടെ അഭൂതപൂർവ്വമായ വളർച്ചയെ ഉപയോഗപ്പെടുത്തി, മുതലാളിവർഗ്ഗം പുതിയൊരു മൂലധന നിക്ഷേപ സാധ്യത വെട്ടിത്തുറന്നതാണ് ഓൺലൈൻ വ്യാപാരം. ലോകമെമ്പാടും അത് കോടിക്കണക്കിന് ചെറുകിട വ്യാപാരികളെ ഉന്മൂലനം ചെയ്തുകഴിഞ്ഞു. തൊഴിലും വരുമാനമാർഗ്ഗവും എന്നന്നേക്കുമായി നഷ്ടപ്പെട്ട്, തെരുവാധാരമായ കച്ചവടക്കാരും ജീവനക്കാരും യൂറോപ്പിലും തെക്കേ അമേരിക്കയിലും വീശിയടിക്കുന്ന വമ്പൻ സർക്കാർ വിരുദ്ധപ്രക്ഷോഭങ്ങളുടെ ഒരു പ്രധാന വിഭാഗമാണ്. ഈ ലാഭക്കൊയ്ത്തിന്റെ മാരകതാണ്ഡവത്തിൽ എത്ര പേർക്ക് ജീവൻ നഷ്ടപ്പെടുന്നുവെന്നത് വൻകിട മുതലാളിമാർക്കും അവരോട് താദാത്മ്യപ്പെട്ടുകഴിഞ്ഞ സർക്കാരുകൾക്കും പരിഗണനാ വിഷയമേയല്ല.

**ഭരണഘടനയുടെ ഫെഡറലിസം എന്ന അടിസ്ഥാനതത്വം മറികടന്നുകൊണ്ട് ജിഎസ്ടി കൗൺസിൽ ഉണ്ടാക്കി**

**● സംസ്ഥാനങ്ങളുടെ അധികാരങ്ങൾ ഇല്ലാതാക്കിക്കൊണ്ട് എല്ലാ അധികാരവും കേന്ദ്രത്തിന്റെ കൈപ്പിടിയിലൊതുക്കി. ● ജിഎസ്ടി കൗൺസിലിന്റെ തീരുമാനങ്ങൾക്ക് കേന്ദ്രവോട്ട് നിർണായകമാണ്. ● ഫലത്തിൽ ജിഎസ്ടി കൗൺസിലിന്റെ തീരുമാനങ്ങൾ കേന്ദ്രം കൽപ്പിക്കുന്നിടത്തെത്തി.**

**● പാർലമെന്റും നിയമസഭയും ജിഎസ്ടി കൗൺസിലിന്റെ തീരുമാനങ്ങൾ നടപ്പിലാക്കുന്ന ഉപകരണങ്ങളായി മാറി.**

ബഹുരാഷ്ട്ര ഭീമന്മാരായ ആമസോൺ, ഫ്ളിപ്കാർട്ട് എന്നിവ 80 ശതമാനം ബിസിനസും ഇതിനകം കൈവശപ്പെടുത്തിക്കഴിഞ്ഞു. നോട്ടുനിരോധനം ഓൺലൈൻ വ്യാപാരത്തിനും ഡിജിറ്റൽ ബിസിനസ്സിനും അവസരമൊരുക്കി. കോവിഡ് മഹാമാരി സമയത്ത് ഈ രംഗം ഏറെ ശക്തിപ്പെട്ടു. മഹാമാരിയെത്തുടർന്നിങ്ങോട്ട് മുപ്പതുശതമാനത്തിന്റെ വർദ്ധനവാണ് ഓൺലൈൻ വ്യാപാരത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. വമ്പൻ മൂലധനത്തിന്റെപിൻബലത്തിൽഡിസ്കൗണ്ടുകളും ഓഫറുകളും മറ്റ് സൗജന്യങ്ങളും നൽകി, വ്യാപാരം പിടിച്ചടക്കി, ചെറുകിട കച്ചവടക്കാരെ ഇല്ലാതാക്കിക്കഴിയുന്നതോടെ സംഭരണവും വിതരണവും വിൽപ്പനയുമെല്ലാം കുത്തകകളുടെ വരുതിയാലാകും. അതോടെ കൃത്രിമക്ഷാമവും രൂക്ഷമായ വിലവർദ്ധനവും സൃഷ്ടിച്ച് ജനങ്ങളെ കൊള്ളയടിക്കാൻ വഴിയൊരുങ്ങുക തന്നെ ചെയ്യും.

ഓൺലൈൻ വ്യാപാരത്തിന്റെ തലവനായആമസോണിന്റെഉടമജെഫ്ബസോസ് കുന്നുകൂട്ടിയിട്ടുള്ള കണ്ണഞ്ചിപ്പിക്കുന്ന സമ്പത്ത്, ലോകമെമ്പാടുമുള്ള ചെറുകിട കച്ചവടക്കാർ കുടുംബം പോറ്റാൻ കണ്ടെത്തിയിരുന്ന ചെറുവരുമാനങ്ങളെ ഒന്നൊന്നായി കവർന്നെടുത്തതാണ്. കോടിക്കണക്കിന് ചെറുകിട വ്യാപാരികളുടെ വരുമാനത്തെയും നിലനിൽപ്പിനെയും തകർത്ത്, ഒന്നോ രണ്ടോ വ്യക്തികൾ പണം വാരിക്കൂട്ടുന്നത് സമൂഹത്തിൽ സൃഷ്ടിക്കുന്ന ആഘാതമെന്തെന്ന് മുതലാളിത്തസർക്കാരുകൾക്ക് നന്നായി അറിയാം. എങ്കിലും അവർ ജനങ്ങളെ മരിക്കാൻ വിടുകയാണ് ചെയ്തത്. ഓൺലൈൻ വ്യാപാരത്തെ നിയന്ത്രിക്കാൻ എത്രയോ ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ സർക്കാരുകൾക്ക് കഴിയുമായിരുന്നു. ഒരു നിശ്ചിത വിലയിൽത്താഴെയുള്ളഉൽപ്പന്നങ്ങളുടെവിൽപ്പനഓൺലൈനിൽ തടഞ്ഞാൽ മാത്രം ലക്ഷക്കണക്കിന് ചില്ലറകച്ചവടക്കാർ സംരക്ഷിക്കപ്പെട്ടുമായിരുന്നു. ചെറുകിട വ്യാപാരമേഖലയുടെ സംരക്ഷണത്തിനുതകുന്ന ലക്ഷ്യവേധിയായ, കാര്യക്ഷമമായ നിയന്ത്രണങ്ങളും നടപടികളും അടിയന്തരമായി നടപ്പാക്കാൻ സർക്കാരുകളുടെ മേൽ സമ്മർദ്ദം ചെലുത്താനായി വ്യാപാരികളും ജനങ്ങളും ഐക്യപ്പെട്ടുകൊണ്ട് പ്രക്ഷോഭത്തിന്റെ മാർഗ്ഗം സ്വീകരിച്ചേ മതിയാകൂ.

## ദേശീയ പാത വികസനത്തിന്റെ ഇരകളായി മാറിയ കച്ചവടക്കാർ

വികസനത്തിന്റെ പേരിൽ പാറശ്ശാല മുതൽ കാസർകോഡുവരെ നടക്കുന്ന വീതികൂട്ടലിനായി ദേശീയപാതയോരത്തെ ഏതാണ്ട് എല്ലാ കെട്ടിടങ്ങളും പൊളിച്ചുനീക്കിയതിനെത്തുടർന്ന് ആയിരക്കണക്കിന് ചെറുകിട വ്യാപാരികൾ ആ മേഖലയിൽനിന്ന് പുറത്താക്കപ്പെട്ടുകഴിഞ്ഞു. എൽഎആർആർ പ്രകാരം ലഭിക്കുന്ന നഷ്ടപരിഹാരം കെട്ടിട ഉടമയ്ക്കേ ലഭിക്കുകയുള്ളൂവെന്നതിനാൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുവന്നിരുന്ന സ്ഥാപനങ്ങൾ പൂട്ടി വ്യാപാരികൾക്ക് വെറുംകൈയോടെ ഇറങ്ങിപ്പോകേണ്ടി വന്നു. ദീർഘകാലംകൊണ്ട് രൂപപ്പെട്ടുവന്ന ചെറുതും വലുതുമായ കച്ചവട കേന്ദ്രങ്ങൾ, ചെറുപട്ടണങ്ങൾ തുടങ്ങി ജനങ്ങൾ സംഘം ചേരുന്ന ഇടങ്ങളെല്ലാം ഇതോടൊപ്പം ഇല്ലാതാക്കപ്പെട്ടു. ഇവയെല്ലാം വ്യാപാരത്തെ അടിമുടി പ്രതികൂലമായി ബാധിച്ചുകഴിഞ്ഞു. ദേശീയ പാതയുടെവികസനംപൂർത്തിയാകുന്നതോടെ പാതയുടെ ഇരുവശങ്ങളിലുമുള്ള സ്ഥാപനങ്ങൾക്കും വീടുകൾക്കും സർവ്വീസ് റോഡിലേക്ക് പ്രവേശനം ലഭിക്കണമെങ്കിൽ വൻതുക ആക്സസ് ഫീസ് നൽകണമെന്ന് റോഡ് പണിയുന്ന മുതലാളിമാരും ഹൈവേ അതോറിറ്റിയും നിഷ്കർഷിച്ചിരിക്കുകയാണ്. കെട്ടിടം പണിയാനുള്ള അപേക്ഷ തദ്ദേശ സ്ഥാപനങ്ങളിൽ നൽകണമെങ്കിൽ പോലും ഹൈവേ അതോറിറ്റിയുടെ ആക്സസ് പെർമിറ്റ് വേണം. ചുരുക്കത്തിൽ ഭീമമായ ആക്സസ് ഫീസ് നൽകാൻ കെൽപ്പില്ലാത്ത കച്ചവടക്കാർ, കടയും പൂട്ടി പോകേണ്ടി വരുന്ന സാഹചര്യമാണുള്ളത്. ആക്സസ് ഫീസും നൽകി, വിശാലമായ പാർക്കിംഗ് സൗകര്യങ്ങളോടെ വൻകിട മാളുകൾ പ്രവർത്തിക്കുമ്പോൾ ഉയർത്തിപ്പണിതിട്ടുള്ള ഓടകളുടെ കൽക്കെട്ടിനു പിറകിൽ, ഉപഭോക്താക്കൾക്ക് വഴി നടപ്പുപോലും അസാധ്യമായ സർവ്വീസ് റോഡിന്റെ ഇടുങ്ങിയ ഓരത്ത് ചെറിയ കടകൾ തുറന്നിരിക്കുന്ന കച്ചവടക്കാർക്ക് ഒരു വ്യാപാരഇടപാടും ലഭിക്കില്ല. മഴക്കാലത്ത് ഈ കടകളെല്ലാം പ്രളയജലത്തിൽ മുങ്ങിപ്പോവുകയും ചെയ്യും. ചുരുക്കത്തിൽ ദേശീയപാത വികസനം കച്ചവടക്കാരെ, ഇടിവെട്ടിയവനെ പാമ്പ് കടിച്ചു എന്ന സ്ഥിതിയിലാക്കിയിരിക്കുകയാണ്. വല്ലവിധേനയും പിടിച്ചുനിൽക്കാൻ ശ്രമിക്കുന്ന ചെറുകിട വ്യാപാരികൾക്ക് അതിജീവനം പോലും സാധ്യമല്ലാതാക്കുന്നു.

**ഓൺലൈൻ വ്യാപാരത്തിന്റെ തലവനായ ആമസോണിന്റെ ഉടമ ജെഫ് ബസോസിന്റെ പടുകൂറ്റൻ സമ്പത്ത്, ലോകമെമ്പാടുമുള്ള പാവപ്പെട്ട ചെറുകിട കച്ചവടക്കാരും തെരുവ് കച്ചവടക്കാരും കുടുംബം പോറ്റാൻ കണ്ടെത്തിയിരുന്ന ചെറുവരുമാനങ്ങളെ ഒന്നാകെ കവർന്നെടുത്ത് കുന്നുകൂട്ടിയതാണ്. കോടിക്കണക്കിന് ചെറുകിട വ്യാപാരികളുടെ വരുമാനത്തെയും നിലനിൽപ്പിനെയും തകർത്ത്, ഒന്നോ രണ്ടോ വ്യക്തികൾ പണം വാരിക്കൂട്ടുന്നത് സമൂഹത്തിൽ അതീവ ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നു.**

**ഒരു കേന്ദ്രത്തിൽ നികുതി അടച്ച്, രാജ്യം മുഴുവൻ വിൽക്കാൻ സാഹചര്യമൊരുക്കിയത് റീട്ടെയ്ൽ രംഗത്തെ വൻകിട കുത്തകകൾക്കു വേണ്ടി മാത്രമാണ്.**

**● അവരുടെ കച്ചവടം തടസ്സമില്ലാതെ മുന്നേറാൻ ഏറ്റവും അനുകൂലമായ നികുതിഘടനയാണ് ജിഎസ്ടി. ● അതിനാലാണ് വൻവ്യവസായികളും കുത്തകകളും ഉൽപ്പാദകരും ചരക്കുസേവന നികുതിയെ സ്വാഗതം ചെയ്തത്.**

## വ്യാപാരി - ബഹുജന സമരൈക്യം സൃഷ്ടിക്കുക. നീണ്ടുനിൽക്കുന്ന പോരാട്ടത്തിന് തയ്യാറെടുക്കുക

ചെറുകിട വ്യാപാരികൾക്കും ബഹുജനങ്ങൾക്കും ഒരു പോലെ ആഘാതമേൽപ്പിക്കുന്ന സാമ്പത്തിക നയങ്ങൾ ആവിഷ്കരിക്കുന്നതിൽ കേന്ദ്ര-സംസ്ഥാനസർക്കാരുകളും അവരെ നയിക്കുന്ന രാഷ്ട്രീയ കക്ഷികളും ഒറ്റക്കെട്ടാണ്. വ്യാപാര മേഖലയുടെ കുത്തകവൽക്കരണത്തെ അനുകൂലിക്കുന്ന നിലപാടാണ് രാഷ്ട്രീയ പ്രസ്ഥാനങ്ങളും കൈക്കൊള്ളുന്നത്. ജിഎസ്ടി നടപ്പാക്കാൻ കേരളത്തിന്റെ നിയമസഭയും ഐക്യകണ്ഠേന പ്രമേയം പാസ്സാക്കി എന്ന കാര്യം നാം വിസ്മരിക്കരുത്. ജിഎസ്ടിയ്ക്ക് പാതയൊരുക്കിയ വാറ്റിന്റെ എംപവേർഡ് കമ്മിറ്റിയെ നയിച്ചിരുന്നത് സിപിഐ(എം) ന്റെ ബംഗാൾ ധനമന്ത്രിയായിരുന്നുവെന്നതും നാം ഓർക്കണം. ജിഎസ്ടിയെ വാനോളം പ്രശംസിച്ചത് കേരളത്തിന്റെ ധനമന്ത്രി തോമസ് ഐസക്ക് ആയിരുന്നു. ബഹുജനങ്ങൾക്കും വ്യാപാരികൾക്കുമെതിരായ നയങ്ങളുടെ കാര്യത്തിൽ രാഷ്ട്രീയ കക്ഷികൾ സമവായത്തിലാണെന്ന് ഇക്കാര്യങ്ങൾ വ്യക്തമാക്കുന്നു. അതിനാൽ ഈ നയങ്ങൾക്കെതിരായ പോരാട്ടത്തിൽ ഏതെങ്കിലും രാഷ്ട്രീയകക്ഷിയെ ആശ്രയിക്കാനാവുകയില്ല എന്ന് വ്യക്തമാണ്.

(ശേഷം 5-ാം പേജിൽ)

# സാധാരണക്കാരെ പിഴിഞ്ഞ് കോർപ്പറേറ്റുകളെ ഊട്ടുന്ന സർക്കാർ

**ഏ**പ്രിൽ മാസത്തിൽ രാജ്യത്തെ ചരക്ക-സേവന നികുതിപിരിവ് രണ്ടു ലക്ഷം കോടി രൂപ കടന്നുവെന്ന് കേന്ദ്ര ധനകാര്യ മന്ത്രാലയം വെളിപ്പെടുത്തിയിരുന്നു. കഴിഞ്ഞ ഒരു വർഷത്തിനിടയ്ക്ക് റെക്കോർഡ് പിരിവാണ് ജിഎസ്ടി ഇനത്തിൽ നടന്നത്. ഇത് ശക്തമായ സമ്പദ്ഘടനയുടെ തെളിവാണെന്നാണ് കേന്ദ്രസർക്കാർ വാദം. ഈ വാദം വിശദമായി പരിശോധിക്കുന്നതിനു മുമ്പ് അടുത്തിടെ കേന്ദ്രത്തിൽ നിന്നു തന്നെ പുറത്തുവന്ന മറ്റു ചില കണക്കുകൾകൂടി പരിശോധിക്കേണ്ടതുണ്ട്. നികുതി പിരിവിൽ വർദ്ധനയുണ്ടായി എന്ന് അവകാശപ്പെടുന്ന കണക്കനുസരിച്ച്, വ്യക്തിഗത ആദായനികുതിയുടെയും സെക്യൂരിറ്റീസ് ട്രാൻസാക്ഷൻ ടാക്സിന്റെയും പിരിവിലാണ് ജിഎസ്ടിക്കു പുറമെ വർദ്ധനയുള്ളത്. മറുവശത്ത് കോർപ്പറേറ്റ് നികുതിപിരിവിൽ കുറവും രേഖപ്പെടുത്തുന്നു. കുറച്ചുകൂടി വ്യക്തമാക്കിയാൽ, വ്യക്തിഗതനികുതികളുടെയും ചരക്കുസേവനനികുതിയുടെയും പിരിവിൽ നിരന്തരം വർദ്ധനയുണ്ടാകുമ്പോൾ സമ്പന്നകുത്തകകളിൽ നിന്ന് ഈടാക്കേണ്ട കോർപ്പറേറ്റ് നികുതിയടക്കമുള്ളവ കുറഞ്ഞുകൊണ്ടേയിരിക്കുന്നു എന്നതാണ് കഴിഞ്ഞ വർഷങ്ങളിൽ ദൃശ്യമാകുന്ന പ്രവണത. ആകെ നികുതി വരുമാനത്തിന്റെ 28% ആദായനികുതിയും 26% കോർപ്പറേറ്റ് നികുതിയുമാണ്. എൻഡിഎ സർക്കാർ 2019ൽ കോർപ്പറേറ്റ് നികുതിയിൽ വമ്പിച്ച കുറവു വരുത്തിയിരുന്നു. അതിനുശേഷം കോർപ്പറേറ്റ് നികുതിപിരിവിൽ ഇടിവുണ്ടാവുകയാണ്. അതേപോലെതന്നെ, കേന്ദ്രത്തിന്റെ മൊത്തം നികുതിവരുമാനത്തിൽ ആദായനികുതിയും കോർപ്പറേറ്റ് നികുതിയുമടക്കമുള്ള പ്രത്യക്ഷനികുതികളുടെ പങ്ക് കുറഞ്ഞുവരികയും, ജിഎസ്ടി പോലെയുള്ള പരോക്ഷനികുതികളുടെ പങ്ക് വർദ്ധിക്കുകയും ചെയ്യുന്നു എന്നാണ് കണക്കുകൾ. കുറഞ്ഞ വരുമാനമുള്ളവർക്കുമേൽ കുറഞ്ഞ നികുതിയും വരുമാനം കൂടുന്നതിനനുസരിച്ച് കൂടിയ നികുതിയും എന്ന സങ്കൽപ്പമുള്ള പ്രത്യക്ഷനികുതികൾ അതുകൊണ്ടുതന്നെ പുരോഗമനോന്മുഖമെന്നാണ് കണക്കാക്കുക. എന്നാൽ ഏവരും ഒരേ നിരക്കിൽ നികുതിയൊടുക്കേണ്ടി വരുന്ന പരോക്ഷനികുതികളാകട്ടെ നേരേ തിരിച്ചും വിലയിരുത്തപ്പെടുന്നു. അതായത്, ഒരുസമ്പദ്ഘടനയിൽപ്രത്യക്ഷനികുതിയുടെ പങ്ക് കുറയുകയും പരോക്ഷനികുതിയുടെ പങ്ക് ഉയരുകയും ചെയ്യുന്നുവെങ്കിൽ, അത് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരെ കണക്കിലെടുക്കാതെ, സമ്പന്നർക്കു മാത്രം വിധേയപ്പെട്ടു നിൽക്കുന്ന ഒന്നാണ് എന്നു പറയേണ്ടിവരും. 1980കൾ മുതൽ പരോക്ഷനികുതികൾ കുറഞ്ഞുവരികയും പ്രത്യക്ഷനികുതികൾ വർദ്ധിച്ചുവരികയും ചെയ്തുകൊണ്ടിരുന്ന രീതിക്ക്, കഴിഞ്ഞ ഒരു ദശകമായി മാറ്റമുണ്ടായിരിക്കുന്നു. ഈ ദശകത്തിൽ പ്രത്യക്ഷനികുതികളുടെ പങ്ക് കുറയുകയും പരോക്ഷനികുതികൾ വർദ്ധിച്ചുകൊണ്ടുമിരിക്കുകയാണ്. ഇതിൽതന്നെ കോർപ്പറേറ്റുകളുടെ നികുതികൾ കുറയുകയും വ്യക്തിഗത നികുതികൾ കൂടുകയും ചെയ്യുന്നു. ആദായനികുതിയിൽ, കൂടുതൽ റിട്ടേണുകളും ഫയൽ ചെയ്യുന്നത് താഴ്ന്ന വരുമാനമുള്ളവരാണ്. 50 ലക്ഷത്തിനുമേൽ വാർഷികവരുമാനമുള്ളവർ ഫയൽ ചെയ്ത നികുതി റിട്ടേണുകളുടെ എണ്ണം ആകെ റിട്ടേണുകളുടെ 0.8 ശതമാനവും, അവരുടെ നികുതി ആകെ പിരിച്ച തുകയുടെ 42.3ശതമാനവും മാത്രമാണെന്നാണ് കണക്കുകൾ പറയുന്നത്. ലോകത്തുതന്നെ ഏറ്റവും ഉയർന്ന നിരക്കിൽ (വരുമാനത്തിലും ചെലവിലും നികുതി ചുമത്തുന്നത് കണക്കിലെടുക്കുമ്പോൾ) ജനത്തിനുമേൽ നികുതി ഈടാക്കുന്ന രാജ്യമാണ് ഇന്ത്യ. അതായത്, ഇന്ത്യയിൽ ഈ കനത്ത നികുതിയുടെ ഭാരം താങ്ങുന്നത് ദരിദ്രരും ഇടത്തട്ടുകാരുമായ സാധാരണക്കാർ മാത്രമാണ്. അവരെയാണ് ജിഎസ്ടിയും ആദായനികുതിയും കണ്ണിൽച്ചോരയില്ലാത്ത നിരക്കിൽ ചുമത്തി സർക്കാർ പിഴിയുന്നത്. കഴിഞ്ഞ പത്തുവർഷത്തെ നരേന്ദ്രമോദി സർക്കാരിന്റെ ഭരണമാകട്ടെ, വളരെ വ്യക്തമായി ഇന്ത്യയിലെ ദരിദ്രജനകോടികളെയും സാധാരണക്കാരെയും ചൂഷണം ചെയ്ത് മുതലാളിവർഗ്ഗത്തെ മൂക്കറ്റം ഊട്ടിയ ഒന്നായിരുന്നുവെന്ന് സംശയരഹിതമായി സ്ഥാപിക്കുന്ന തെളിവുകളിൽ ഒന്നാണ് ഈ കണക്കുകൾ.

## കുതിച്ചുയരുന്ന ജീവിതച്ചെലവിൽ നട്ടംതിരിഞ്ഞ് ജനങ്ങൾ

രാജ്യത്തിന്റെ ജിഎസ്ടി വരുമാനം ഉയരുന്നതിന്റെയും ജിഡിപി വളർച്ചയുടെയും പേരിൽ കേന്ദ്രസർക്കാരും ബിജെപിയും വീരവാദം ഉയർത്തുമ്പോൾ രണ്ടറ്റവും കൂട്ടിമുട്ടിക്കാനുള്ള നെട്ടോട്ടത്തിലാണ് സാധാരണക്കാർ. ഗാർഹികച്ചെലവുകൾ കുതിച്ചുയരുകയാണ്. പുറത്തുവരുന്ന പഠനങ്ങളും കണക്കുകളുമനുസരിച്ച് ഭക്ഷണത്തിനായി ഒരു കുടുംബം ചെലവിടേണ്ട തുകയിൽ വൻവർദ്ധനയാണ് കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ ഉണ്ടായിട്ടുള്ളത്. ഒരു ഇടത്തരം കുടുംബത്തിന് ഒരു നേരത്തെ വെജിറ്റേറിയൻ ഊണിനായി ചെലവിടേണ്ടി വരുന്ന തുകയിൽ 71 ശതമാനത്തോളം വർദ്ധന അഞ്ചു വർഷത്തിനിടെയുണ്ടായി എന്നാണ് കണക്കുകൾ. ഇക്കാലയളവിൽ ശമ്പളവരുമാനത്തിലെ വർദ്ധനയാകട്ടെ വെറും 37 ശതമാനം മാത്രവും. അവശ്യവസ്തുക്കളുടെ വിലക്കയറ്റവും പണപ്പെരുപ്പവുമാണിത് കാണിക്കുന്നത്. സാധാരണജനത്തിന് ഈ കണക്കുകളൊന്നും പറയാതെ തന്നെ അവരുടെ ജീവിതത്തിലെ നേരിട്ടുള്ള അനുഭവത്തിൽനിന്നും അറിയുന്ന കാര്യമാണിത്. മാസശമ്പളക്കാരായ ആളുകളെ സംബന്ധിച്ചിടത്തോളം അവരുടെ വരുമാനത്തിൽനിന്നും കുടുംബത്തിന്റെ ഭക്ഷണ ആവശ്യങ്ങൾക്കായി നീക്കിവെക്കേണ്ടിവരുന്ന തുക ഓരോ മാസവും വർദ്ധിക്കുന്നു എന്നാണ് ഇതിന്റെ അർത്ഥം. അതായത്, അവർ മറ്റു ചെലവുകൾ ചുരുക്കാനും കടം വാങ്ങാനും നിർബന്ധിതരാകുന്നു. ദിവസക്കൂലിക്കാരായ തൊഴിലാളികൾക്കും പിടിച്ചുനിൽക്കാനാകുന്നില്ല. രാജ്യത്ത് പട്ടിണി വർദ്ധിക്കുന്നു എന്ന് പല പഠനങ്ങളും ചൂണ്ടിക്കാട്ടിക്കഴിഞ്ഞു. ഈ അനിയന്ത്രിതമായ വിലക്കയറ്റം സൃഷ്ടിക്കുന്നതിൽ ചരക്ക-സേവനനികുതി എന്ന നികുതി സമ്പ്രദായത്തിന് വലിയ പങ്കുണ്ട്. അരി അടക്കമുള്ള ഭക്ഷണസാധനങ്ങൾക്കുവരെ നികുതി കൊടുക്കേണ്ടിവരികയാണ് സാധാരണക്കാർ. അക്ഷരാർത്ഥത്തിൽ ജനത്തിന്റെ പോക്കറ്റടിക്കുന്ന സർക്കാരുകൾ. അങ്ങനെ കൊള്ളയടിച്ചുകൊണ്ടുവരുന്ന മുതലിന്റെ വർദ്ധനയെപ്രതി അവർ ഊറ്റംകൊള്ളുമ്പോൾ, ആ ഭാരം താങ്ങുന്ന ജനത്തിന് തിരികെ എന്തു കിട്ടുന്നു എന്നതു കൂടി അവർ പറയേണ്ടതുണ്ട്.

ഭാരതത്തിലെ കുടുംബങ്ങളുടെ ഗാർഹികകടം എക്കാലത്തേയും ഉയർന്ന നിലയിലാണ്. 2023 ഡിസംബറിൽ, ജിഡിപിയുടെ 40 ശതമാനമായി ഗാർഹികകടം ഉയർന്നു എന്നാണ് കണക്ക്. ഗാർഹികസമ്പാദ്യമാകട്ടെ ജിഡിപിയുടെ 5% എന്ന എക്കാലത്തെയും താഴ്ന്ന നിരക്കിലുമെത്തിയിരിക്കുന്നു. എന്നാൽ ഇത് പ്രതിസന്ധിയുടെയല്ല, ആളുകൾ കൂടുതലായി വായ്പയെടുത്ത് ആസ്തികൾ വാങ്ങിക്കൂട്ടുന്നതിന്റെ ലക്ഷണമാണെന്നാണ് കേന്ദ്രസർക്കാർ നിലപാട്. അത് സമ്പദ്ഘടനയിലുള്ള വിശ്വാസത്തിന്റെ ലക്ഷണമാണത്രേ! പക്ഷേ, ബാങ്കുകളിൽ നിന്നുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഗാർഹികകടങ്ങളിൽ ഏറ്റവും വേഗത്തിൽ വളരുന്നത് സുരക്ഷിതമല്ലാത്ത വ്യക്തിഗതവായ്പകളാണ്. അത്തരം വായ്പകൾ എന്തായാലും ആസ്തി വർദ്ധിപ്പിക്കാനായല്ല, അടിയന്തര ചിലവുകൾക്കായാണ് പൊതുവെ ആളുകൾ എടുക്കാറുള്ളത്. അപ്പോൾ കേന്ദ്രസർക്കാരിന്റെ നിലപാട് എത്രത്തോളം വസ്തുതകൾക്ക് നിരക്കുന്നതാണ്?

## സമ്പന്നരെ കാണാത്ത നികുതികൾ

ആദായനികുതിയുടെ പിരിവിലെ വർധന നോക്കാം. പണപ്പെരുപ്പം മാനംമുട്ടിയിട്ടും ആദായനികുതി സ്ലാബുകളിൽ മാറ്റംവരുത്താൻ നരേന്ദ്രമോദി സർക്കാർ തയ്യാറായിട്ടില്ല. നികുതിദായകരുടെ കണ്ണിൽ പൊടിയിടുന്ന ചില പരിഷ്കാരങ്ങൾ വരുത്തി, യഥാർത്ഥത്തിൽ ഉണ്ടായിരുന്ന ആനുകൂല്യങ്ങൾ കൂടി ഇല്ലാതാക്കിയ പുതിയ നികുതി സമ്പ്രദായവും, നവീന സാങ്കേതികവിദ്യയുപയോഗിച്ച് കൂടുതലാളുകളെയും ഇടപാടുകളെയും നികുതിവലയിൽ കൊണ്ടുവന്നതുമൊക്കെവഴി മാസവരുമാനക്കാരായവരുടെയെല്ലാം മേൽ ആദായനികുതിയുടെ ഭാരം അടിച്ചേൽപ്പിച്ചിരിക്കുന്നു. ഏറ്റവും കൂടുതൽ ആദായനികുതി അടച്ചവരുടെ പേരുകൾ നോക്കിയാൽ ക്രിക്കറ്റ് താരങ്ങളെയും സിനിമാതാരങ്ങളെയുമാണ് കാണാൻ കഴിയുക. ഇന്ത്യയിലെ കൊടികെട്ടിയ മുതലാളിമാരൊന്നും രാജ്യത്തെ വലിയ ആദായനികുതിദായകരല്ല. അവർക്ക് വ്യക്തിഗതവരുമാനം കുറവാണത്രേ! പകരം അവരുടെ സ്ഥാപനങ്ങൾ കോർപ്പറേറ്റ് നികുതി അടയ്ക്കുന്നുണ്ട്. ഒരു നികുതിവലയും അതുപോലെയുള്ളവർക്ക് മോദിയുടെ ഇന്ത്യയിൽ ഇന്ന് പേടിക്കേണ്ടി വരുന്നില്ല. മറുവശത്ത് സാധാരണ ജീവനക്കാരെയും പെൻഷൻകാരെയും പോലും കണക്കും വകുപ്പും പറഞ്ഞും ചെറുകിട നിക്ഷേപങ്ങൾ പോലും നിരീക്ഷിച്ചും ഭയപ്പെടുത്തി ആദായനികുതി പിടിച്ചുപറിക്കുന്നു. ഒരു സാധാരണ സർക്കാർ ജീവനക്കാരന് ഒരു വർഷം കിട്ടേണ്ട മൊത്തം ശമ്പളത്തിൽ നിന്നും ഏകദേശം ഒരു മാസത്തെ ശമ്പളമെങ്കിലും നികുതിയായി സർക്കാർ തന്നെ പിടിച്ചെടുക്കുന്നു എന്നതാണ് അവസ്ഥ. മാസവരുമാനക്കാരല്ലെങ്കിലും, സ്വയംതൊഴിൽ ചെയ്യുന്നവർക്കും പ്രൊഫഷണലുകൾക്കും ചെറുകിടവ്യാപാരികൾക്കുമെല്ലാം ഇന്ന് ആദായനികുതിവലയ്ക്കുള്ളിൽ പെട്ട് ഉഴലേണ്ടി വരുന്നു.

ഏറ്റവും സമ്പന്നരായവർക്ക് യാതൊരു നികുതിഭയവുമില്ലാതെ കോടികളുടെ ധാരാളിത്തം കാണിക്കാനാവുന്നതും സമ്പത്ത് കുന്നുകൂട്ടാനാവുന്നതും ജനം കാണുന്നുണ്ട്. അതേസമയം, പെൻഷൻകാരും ചാരിറ്റബിൾ സൊസൈറ്റികളും രാഷ്ട്രീയപാർട്ടികളും പോലും ആദായനികുതി വലയ്ക്കുള്ളിലാണ്. സമ്പന്നന് കൂടുതൽ സമ്പത്ത് കുന്നുകൂട്ടാൻ തടസ്സമില്ലാത്തതും, സാധാരണക്കാരന്റെ തുച്ഛവരുമാനത്തിൽനിന്നു പോലും പിഴിഞ്ഞെടുക്കാൻ മടിയില്ലാത്തതുമായ ഈ നികുതിസംവിധാനത്തെ എങ്ങനെയാണ് ജനാധിപത്യപരമെന്നു വിശേഷിപ്പിക്കാനാവുക. കൊള്ളലാഭം കൊയ്യുന്ന കോർപ്പറേറ്റുകൾക്കുള്ള നികുതികളാകട്ടെ പല തവണയായി നരേന്ദ്രമോദി സർക്കാർ വെട്ടിക്കുറച്ചിരുന്നു. കോർപ്പറേറ്റുകളുടെ ലാഭത്തിൽ ഇക്കാലയളവിലുണ്ടായ വർദ്ധനവിന് അനുസൃതമായി നികുതികൾ കൂടുതലായി ഇന്ന് ഖജനാവിലെത്തുന്നില്ല. അതി

(ശേഷം 6–ാം പേജിൽ)

## വ്യാപാരമേഖലയെ രക്ഷിക്കുക...

(4–ാം പേജിൽ നിന്ന്)

ഈ സാഹചര്യത്തിൽ സങ്കുചിതമായ കക്ഷി രാഷ്ട്രീയ താൽപ്പര്യങ്ങൾക്കതീതമായി വ്യാപാരികളും ബഹുജനങ്ങളും തോളോടുതോൾ ചേർന്നുനിന്ന് പൊരുതുകയാണ് വേണ്ടത്. അതിശക്തമായ വ്യാപാരി-ബഹുജന ഐക്യ പ്രസ്ഥാനം പടുത്തുയർത്തപ്പെടണം. ഏതെങ്കിലും ഒരു കക്ഷിയുടെ പതാക ഏന്തിക്കൊണ്ടല്ല, മറിച്ച് നമ്മൾ തന്നെ രൂപംകൊടുക്കുന്ന സമരസംഘടനയുടെ കീഴിൽ നാം അണിനിരക്കണം. സമരോപകരണങ്ങളെന്ന നിലയിൽ നഗരങ്ങളിലും പട്ടണങ്ങളിലും ഗ്രാമങ്ങളിലും ഈ പ്രസ്ഥാനത്തിന്റെ ഘടകങ്ങൾക്ക് രൂപം നൽകണം. സമൂഹത്തിലെ നന്മ കാംക്ഷിക്കുന്ന എല്ലാ നല്ല മനുഷ്യരെയും ഈ പ്രസ്ഥാനത്തിൽ കണ്ണിചേർക്കണം.

ചെറുകിട വ്യാപാരമേഖലയെ തകർക്കുന്ന എല്ലാ നയങ്ങളിൽനിന്നും സർക്കാരുകൾ പിന്മാറുക, വാറ്റ്, ജിഎസ്ടി തുടങ്ങിയ നികുതി പരിഷ്ക്കരണങ്ങൾ പിൻവലിക്കുക, ചില്ലറ വിൽപ്പനയുടെ രംഗത്തേയ്ക്ക് കുത്തകകളുടെ കടന്നുവരവിനെ തടയുക, ഓൺലൈൻ വ്യാപാരം നിയന്ത്രിക്കുക തുടങ്ങിയ ആവശ്യങ്ങളെ മുൻനിർത്തിക്കൊണ്ട് വ്യാപാരികളും ബഹുജനങ്ങളും ഒത്തുചേർന്നുകൊണ്ട് സുഘടിതമായ ഒരു പ്രക്ഷോഭത്തിനായി മുന്നോട്ടുവരണമെന്ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ഏവരോടും അഭ്യർത്ഥിക്കുന്നു. അത്തരമൊരു പ്രവർത്തനത്തിന് മുൻകൈയെടുക്കാൻ വ്യാപാരി സംഘടനകളോടും വ്യാപാരി സമൂഹത്തോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. നമ്മുടെ സംസ്ഥാനത്തെ നിരവധിയായ ജനകീയസമരങ്ങളെ വിജയത്തിലേക്ക് നയിക്കാൻ പ്രയത്നിച്ചിട്ടുള്ള എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ഈ പ്രക്ഷോഭത്തിനുവേണ്ടുന്ന എല്ലാ പിന്തുണയും നൽകി അചഞ്ചലം നിലകൊള്ളും. ■

# ഞെട്ടിപ്പിക്കുന്ന സാമ്പത്തിക അസമത്വം ലോകമെമ്പാടും കെടുതികൾ വിതക്കുന്നു

## കോർപ്പറേറ്റുകളെ ഊട്ടുന്ന സർക്കാർ

(5–ാം പേജിൽ നിന്ന്)

നപുറമേ അവർക്കായി സർക്കാർ നൽകുന്ന ആനുകൂല്യങ്ങളും കടം എഴുതിത്തള്ളലും മുറയ്ക്ക് നടക്കുന്നുണ്ട്. കോർപ്പറേറ്റ് നികുതി കുടിശ്ശികകളിലും ഇളവുകൾ നൽകുന്നു. അതായത് സാധാരണക്കാരനെ പിഴിഞ്ഞ് നികുതി പിരിച്ച് ഈ സമ്പന്നർക്ക് ആനുകൂല്യം നൽകുന്നു എന്നതല്ലേ യാഥാർത്ഥ്യം?

മറുവശത്ത്, പണപ്പെരുപ്പത്തിനനുസരിച്ച് സാധാരണക്കാർക്കും തൊഴിലാളികൾക്കും അവരുടെ വരുമാനത്തിലുണ്ടായ തുച്ഛമായ വർദ്ധനവിനെ, അതേ പണപ്പെരുപ്പത്തിനനുസരിച്ച് ആദായനികുതി സ്ലാബുകളിൽ മാറ്റം വരുത്താതെ, നികുതി ചുമത്താവുന്നതും വർദ്ധിപ്പിക്കാവുന്നതുമൊക്കെയാക്കി ഈ സർക്കാർ മാറ്റിയത്. അതായത്, സാധാരണക്കാരുടെ വരുമാനത്തിൽ ഉണ്ടായ ചെറിയ വർദ്ധനവിന്റെ നല്ലൊരു പങ്ക് നികുതിയായി സർക്കാർ തന്നെ പിടിച്ചുവാങ്ങുന്നു. ഇതിലും വലിയ പകൽക്കൊള്ള എന്തുണ്ട്?

### സ്വകാര്യനിക്ഷേപം തൊഴിൽ സൃഷ്ടിക്കുന്നു എന്ന പൊള്ളത്തരം

കോർപ്പറേറ്റുകളുടെ നികുതി വെട്ടിക്കുറയ്ക്കാനും, അവർക്ക് ആനുകൂല്യങ്ങൾ നൽകാനും സമ്പന്നർക്ക് ഇളവുകൾ നൽകാനും എല്ലാ സർക്കാരുകളും എപ്പോഴും കണ്ടെത്തുന്ന ന്യായീകരണമുണ്ട്. അവർ തൊഴിൽ സൃഷ്ടിക്കുന്നവരാണ്. അവർക്ക് ആനുകൂല്യങ്ങൾ നൽകിയെങ്കിൽ മാത്രമേ സമൂഹത്തിലേക്ക് കൂടുതൽ തൊഴിലും വരുമാനവും വന്നെത്തുകയുള്ളൂ. നരേന്ദ്രമോദി തന്നെ പലതവണ പരസ്യമായി പറഞ്ഞത് അവർ സമ്പത്ത് സൃഷ്ടിക്കുന്നവരും ആദരിക്കപ്പെടേണ്ടവരുമാണെന്നാണ്! എന്നാൽ ഈ മുതലാളിത്തവിധേയരുടെ വാഴ്ത്തുപാട്ടുകളിൽ എത്രത്തോളം വസ്തുതയുണ്ട്?

നാൾക്കുനാൾ രൂക്ഷമാവുന്ന കമ്പോള പ്രതിസന്ധിയിൽ ആണ്ടുമുങ്ങുന്ന മുതലാളിത്തത്തിന് ഒരു പ്രതിസന്ധിയും പരിഹരിക്കാനുള്ള ശേഷി അവശേഷിക്കുന്നില്ല. നൽകുന്നതിലുമേറെ തൊഴിലുകൾ ഇല്ലായ്മ ചെയ്യപ്പെടുന്നു എന്നതാണ് വാസ്തവം. കഴിഞ്ഞ 10 വർഷത്തിനിടയിൽ കൊട്ടിഘോഷിച്ച് വന്ന സ്വകാര്യ മൂലധന പദ്ധതികൾ നോക്കൂ. എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്? കേരളത്തിൽ തന്നെ, സ്മാർട്ട് സിറ്റി, വല്ലാർപാടം തുടങ്ങി വികസന വായ്ത്താരി മുഴക്കിയ പദ്ധതികളിലേതിലാണ് ഉറപ്പു തന്ന തൊഴിലുകൾ കൈവന്നത്? ഒരു കാര്യം പ്രത്യേകം ഓർക്കണം, കരാർ തൊഴിലോ, ദിവസവേതനജോലിയോ കൊടുക്കുന്നത് സ്ഥിരംതൊഴിലായി കണക്കാക്കാനാകില്ല. തൊഴിലെന്നാൽ സ്ഥിരവരുമാനമുള്ളതും സുനിശ്ചിതത്വവും സുരക്ഷയുമുള്ളതായിട്ടാണ് കണക്കാക്കേണ്ടത്. രണ്ടു കോടി തൊഴിലുകൾ നൽകുമെന്നു പറഞ്ഞ് അധികാരത്തിലേറിയ ബിജെപി സർക്കാരിന്റെ കാലത്ത് തൊഴിലില്ലായ്മ അതിരൂക്ഷമാകുന്നതാണ് നമ്മൾ കണ്ടത്. അതേസമയം തന്നെ കഴിഞ്ഞ പത്തുവർഷത്തെ ബിജെപി ഭരണം കോടിക്കണക്കിനു തൊഴിലുകളെ ഇല്ലാതാക്കുന്നതിൽ പങ്കുവഹിച്ചു. ഇന്ത്യയിലെ യുവത്വത്തിന് മാന്യമായ തൊഴിൽ ഉറപ്പു നൽകിയിരുന്ന റെയിൽവെയിൽ പതിനായിരക്കണക്കിന് ഒഴിവുകൾ നികത്താതെ, ജോലികൾ ഔട്ട്സോഴ്സിങ്ങ് എന്ന പേരിൽ സ്വകാര്യ കോൺട്രാക്ടർമാർക്ക് കൈമാറുന്നു. സൈന്യത്തിലാകട്ടെ 'അഗ്നിവീർ' പദ്ധതി കൊണ്ട് വന്ന് സ്ഥിരം തൊഴിൽ സങ്കൽപ്പം ഇല്ലാതാക്കുന്നു. വിമാനത്താവളങ്ങളടക്കം പൊതുസ്വത്തുക്കൾ സ്വകാര്യമേഖലയ്ക്ക് കൈമാറിക്കൊണ്ട് ആ മേഖലകളിലൊക്കെയുണ്ടായിരുന്ന സ്ഥിരം തൊഴിലുകൾ ഇല്ലാതാക്കി. അവിടെയൊക്കെ സ്വകാര്യമേഖലയിലെ കരാർതൊഴിലാളികളാകും പണിയെടുക്കുക. സ്വകാര്യമൂലധനമാകട്ടെ, വൻതോതിൽ തൊഴിൽ സൃഷ്ടിക്കുന്ന പുതിയ നിക്ഷേപങ്ങളൊന്നും തന്നെ നടത്താൻ തയ്യാറുമല്ല. അപ്പോൾ പുതിയ തൊഴിലുകൾ ഉണ്ടാകുന്നുമില്ല. ഉണ്ടായിരുന്ന സ്ഥിരം തൊഴിലുകൾ പോലും സ്വകാര്യവൽക്കരണത്തിലൂടെ ഇല്ലാതാകുന്നു. അഥവാ തൊഴിൽ നൽകിയാലും അതെല്ലാം കരാർ അഥവാ താത്കാലിക തൊഴിലുകൾ മാത്രം. അതായത്, സ്വകാര്യമുതലാളിമാർക്ക് ആനുകൂല്യങ്ങൾ വാരിക്കോരി നൽകിയതുവഴി ഇവിടെ തൊഴിലുകൾ സൃഷ്ടിക്കപ്പെട്ടില്ലെന്നു മാത്രമല്ല, ഉണ്ടായിരുന്ന സ്ഥിരം തൊഴിലവസരങ്ങൾ കൂടി ഇല്ലാതാകുന്നു എന്നതാണ് യാഥാർത്ഥ്യം. ആനുകൂല്യങ്ങളും ഇളവുകളും നേടിയെടുത്ത അതിസമ്പന്നരാകട്ടെ അതുപയോഗിച്ച് തങ്ങളുടെ ലാഭം പെരുപ്പിക്കുന്നു, സമ്പത്ത് കുന്നുകൂട്ടുന്നു.

### നികുതിഭാരം വഹിക്കുന്ന ജനങ്ങൾക്ക് സർക്കാരുകളിൽ നിന്ന് എന്തുകിട്ടുന്നു ?

ഇത്രയൊക്കെ നികുതി കൊടുത്തിട്ടും ഈ നാട്ടിലെ പൗരന്മാരായ സാധാരണക്കാരന് എന്താണ് ഭരണകൂടത്തിൽ നിന്നും കിട്ടുന്നത്. ജനങ്ങൾക്ക് എന്തെങ്കിലും സൗജന്യങ്ങളോ സബ്സിഡികളോ നൽകുന്നത് തെറ്റാണെന്നാണ് നവലിബറൽ മുതലാളിത്ത ഭരണകൂടങ്ങളും അവരുടെ പണ്ഡിതരും സ്ഥാപിക്കുന്നത്. കഴിഞ്ഞ പത്തു വർഷമായി ഇന്ത്യ ഭരിക്കുന്ന നരേന്ദ്രമോദി സർക്കാരും മറ്റ് പല സംസ്ഥാന സർക്കാരുകളും പലതരത്തിൽ ഇത് പ്രായോഗിക തലത്തിൽ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഗാർഹികാവശ്യത്തിനുള്ള പാചകവാതകത്തിനുണ്ടായിരുന്ന സബ്സിഡി ഘട്ടംഘട്ടമായി നിർത്തിയത് ഒരു ഉദാഹരണം. എല്ലാം കമ്പോളത്തിന്റെ ലാഭാധിഷ്ഠിത കച്ചവടത്തിനായി വിട്ടുകൊടുക്കുകയെന്നതാണ് ഇവരുടെ പൊതുനയം. വിദ്യാഭ്യാസവും ആരോഗ്യസംരക്ഷണവുമെല്ലാം ഇന്ന് കച്ചവടച്ചരക്കുകളായിരിക്കുന്നു. ആവശ്യമുള്ളവർ പണം മുടക്കണമത്രേ. പാവപ്പെട്ടവരെ സേവിക്കാൻ എന്നു പറഞ്ഞ് മോദി സർക്കാർ കൊണ്ടുവന്ന പല പദ്ധതികളും ഒന്നുകിൽ വായ്പ, അല്ലെങ്കിൽ ഇൻഷുറൻസ് അധിഷ്ഠിത പദ്ധതികളും, വാസ്തവത്തിൽ കോർപ്പറേറ്റുകളുടെ കൈവശം മൂലധനമെത്തിക്കാനുള്ളവയുമായിരുന്നു. ആയുഷ്മാൻ ഭാരത് പരിശോധിച്ചുനോക്കൂ. ചികിത്സ ഇൻഷുറൻസ് അധിഷ്ഠിതമാക്കുകയെന്നതാണോ ഒരു ജനാധിപത്യ സർക്കാരിന്റെ കടമ? ആരോഗ്യമേഖലയിലെ പൊതുചെലവ് ഇന്ത്യയിൽ ജിഡിപിയുടെ 1.3% മാത്രമാണ്. വിദ്യാഭ്യാസമേഖലയുടെ കാര്യവും വ്യത്യസ്തമല്ല. പെട്രോളിനും ഡീസലിനും 100 ശതമാനത്തിലധികം നികുതി ചുമത്തുന്ന രാജ്യമാണ് നമ്മുടേത്. അതിനു പുറമെ സംസ്ഥാനങ്ങളുടെ റോഡ് ടാക്സുകളുമുണ്ട്. എന്നിട്ടും നമ്മുടെ ദേശീയപാതകൾ ഒന്നൊന്നായി വികസനത്തിന്റെ പേരിൽ സ്വകാര്യവൽക്കരിച്ച് ബിഒടി ടോൾ റോഡുകളായി മാറ്റുന്നു. അവിടെ യാത്രചെയ്യാൻ സ്വകാര്യ മുതലാളി നിശ്ചയിക്കുന്ന ഭീമമായ ചുങ്കം കൊടുക്കേണ്ടി വരുന്നു.

ആരോഗ്യസംരക്ഷണവും വിദ്യാഭ്യാസവും യാത്രാസൗകര്യങ്ങളുമൊന്നും ഈ നാട്ടിലെ ജനങ്ങൾക്ക് സർക്കാർ നൽകേണ്ട ഔദാര്യമല്ല. അത് ഏതെങ്കിലും സ്വകാര്യ മുതലാളിക്ക് കച്ചവടം ചെയ്യാനുള്ള ചരക്കുമല്ല. അത് ജനങ്ങളുടെ അവകാശമാണ്. ആ അവകാശങ്ങൾ, ഏറ്റവും മികച്ച നിലവാരത്തിൽ ഓരോ പൗരനും ഒരുപോലെ ലഭ്യമാകുന്നു എന്ന് ഉറപ്പാക്കേണ്ടത് ജനാധിപത്യ സർക്കാരിന്റെ കടമയാണ്. അത് ഉറപ്പാക്കാനാണ് ആത്യന്തികമായി ഭരണകൂടത്തിന് ജനം നികുതി നൽകുന്നത്. റോഡും വിമാനത്താവളവും വിദ്യാഭ്യാസ സ്ഥാപനങ്ങളും നടത്താൻ സ്വകാര്യമുതലാളിമാർ മതിയെങ്കിൽ, സേവനങ്ങൾ ജനം പണം കൊടുത്തു വാങ്ങേണ്ടവയാണെങ്കിൽ, പിന്നെ എന്തിനാണ് നികുതിയടയ്ക്കേണ്ടത് എന്ന ചോദ്യത്തിനു കൂടി അധികാരികൾ ഉത്തരം പറയണം. ലോകത്ത് തന്നെ ഏറ്റവും ഉയർന്ന നിരക്കുകളിലൊന്നിൽ നികുതികളടച്ചിട്ടും ഇന്ത്യയിലെ ജനങ്ങൾക്കിന്നും നിലവാരമുള്ള സാർവത്രിക വിദ്യാഭ്യാസമോ ആതുരസേവനമോ പൊതുമേഖലയിൽ ലഭ്യമല്ല. ഉള്ളതു തന്നെ സർക്കാർ കൈയൊഴിയുന്നു. സാധാരണക്കാരന് യാത്ര ചെയ്യാനുള്ള പാസഞ്ചർ ട്രെയിനുകൾ നിർത്തലാക്കി, സമ്പന്നർക്കുള്ള 'വന്ദേ ഭാരത്'കൾ മാത്രം ഓടിക്കുന്ന റെയിൽവെയും ഇവിടുത്തെ ദരിദ്രനാരായണന്മാരുടെ നികുതിപ്പണംകൊണ്ട് കെട്ടിപ്പടുത്തതാണ്. പൊതുസംവിധാനങ്ങൾ ലാഭം നോക്കി നടത്താനുള്ളതല്ല, അവസാനത്തെ പൗരനും ഗുണമേന്മയുള്ള സേവനവും സൗകര്യവും ലഭിക്കുന്നു എന്നുറപ്പു വരുത്താനുള്ളവയാണ്. അതിനു വേണ്ടിയാണ് ജനാധിപത്യ സംവിധാനത്തിൽ ജനം നികുതിയൊടുക്കുന്നത്. ജനമാണ് ഉടമസ്ഥർ. അവരെ ഞെക്കിപ്പിഴിഞ്ഞ് നികുതിയൂറ്റി മുതലാളിമാർക്ക് ഇളവുകൾ നൽകുന്നതും കോർപ്പറേറ്റ് കടങ്ങൾ എഴുതിത്തള്ളുന്നതും, പൊതുമുതൽ സ്വകാര്യമൂലധനത്തിന് കൈമാറുന്നതും ഏറ്റവും വലിയ ജനദ്രോഹമാണ്.

### ഭീകരമാവുന്ന അസമത്വം

ലോക അസമത്വ ഡേറ്റാബേസ് 2022–23ൽ കണ്ടെത്തിയത്, രാജ്യത്തിന്റെ ദേശീയവരുമാനത്തിന്റെ 22.6% ജനസംഖ്യയുടെ മുകൾത്തട്ടിലെ ഒരു ശതമാനത്തിന്റെ കൈകളിലേക്കാണ് പോകുന്നത് എന്നാണ്. സമ്പത്തിലെ അസമത്വം അതിലും രൂക്ഷമാണ്. രാജ്യത്തിന്റെ ആകെ സമ്പത്തിന്റെ 40.1 ശതമാനവും മുകൾത്തട്ടിലെ ഒരു ശതമാനത്തിന്റെ കൈവശമാണ്. ഈ അസമത്വം നാൾക്കുനാൾ ഭീഷണമാവുകയുമാണ്. ലോകമെമ്പാടും ഈ അസമത്വത്തിന്റെ കെടുതികൾ സാധാരണക്കാരും തൊഴിലാളികളും അനുഭവിക്കുകയാണ്. ലോകത്ത് 5.6 ദശലക്ഷം ജനങ്ങൾ ഓരോ വർഷവും ആതുരശുശ്രൂഷയ്ക്കുള്ള സൗകര്യങ്ങൾ ലഭ്യമാകാതെ മരണത്തിനു കീഴടങ്ങുന്നു. 2.1 ദശലക്ഷം ജനങ്ങൾ പട്ടിണി മൂലവും മരിയ്ക്കുന്നു. അതേസമയംതന്നെ, മറുവശത്ത് സമ്പന്നരുടെ അത്യാംഡംബരം കണ്ടും നമ്മുടെ കണ്ണുതള്ളുന്നു.

ഇന്ത്യയിലേക്കു വന്നാൽ, ഇന്ത്യയിലെ ഏറ്റവും സമ്പന്നരായ 100 പേരുടെ ആകെ ആസ്തി 775 ശതകോടി ഡോളറാണെന്ന് കണക്കാക്കപ്പെടുന്നു. രാജ്യത്തെ ശതകോടീശ്വരന്മാരുടെ എണ്ണം 2020ൽ 102 എന്നതിൽ നിന്നും 2021ൽ 142 ആയി ഉയർന്നു. ജനസംഖ്യയുടെ താഴേക്കിടയിലുള്ള 50 ശതമാനത്തിന് ദേശീയസമ്പത്തിന്റെ വെറും 6% മാത്രം സ്വന്തമായുള്ളപ്പോൾ മുകൾത്തട്ടിലുള്ള 10 ശതമാനത്തിന് 45% കൈപ്പിടിയിലുണ്ട്. ലോകത്തെ പോഷകദാരിദ്ര്യമുള്ള ജനങ്ങളുടെ കാൽഭാഗവും ഇന്ത്യയിലാണ്. രാജ്യത്തെ 84% ജനങ്ങൾക്കും അവരുടെ വരുമാനത്തിൽ കുറവ് നേരിടുന്നുണ്ട്. ശതകോടീശ്വരന്മാരുടെ എണ്ണം കൂടിയ അതേ കാലയളവിൽ രാജ്യത്തെ ദരിദ്രരുടെ എണ്ണവും വർദ്ധിച്ചു എന്നാണ് കണക്കുകൾ. 2020ലെ 59 ദശലക്ഷത്തിൽ നിന്നും 2021ൽ 134 ദശലക്ഷമായി അവരുടെ എണ്ണം ഉയർന്നിരിക്കുന്നു. ഇതേ കാലയളവിൽ പരോക്ഷനികുതികളിലെ വർദ്ധനയും കോർപ്പറേറ്റ് നികുതിയിലെ കുറവും ഇവിടെ നമ്മൾ ചേർത്തുവായിക്കണം. എക്സൈസ് ഡ്യൂട്ടികൾ മൊത്തം നികുതിവരുമാനത്തിന്റെ 12 ശതമാനത്തിൽ നിന്നും 19.2 ശതമാനമായി ഉയർന്നപ്പോൾ, കോർപ്പറേറ്റ് നികുതി 27.7 ശതമാനത്തിൽ നിന്നും 22.6 ശതമാനമായി താണിരിക്കുന്നു. അതേസമയം, പെട്രോളിന്റെയും ഡീസലിന്റെയും വിൽപ്പനനികുതിയിൽ നിന്നു മാത്രം മോദി സർക്കാർ ലക്ഷക്കണക്കിന് കോടികളാണ് പിരിച്ചെടുത്തിരിക്കുന്നത്. 2021ൽ മാത്രം 3.21 ലക്ഷം കോടി സർക്കാരിന് ഈ ഇനത്തിൽ ലഭിച്ചു. അന്താരാഷ്ട്രതലത്തിൽ പെട്രോളിയം വില വളരെയധികം കുറഞ്ഞിട്ടും അതിന്റെ ഗുണം ജനത്തിനു കൈമാറാതെ, യാതൊരു ദാക്ഷിണ്യവുമില്ലാതെ ജനത്തെ കൊള്ളയടിക്കുകയാണ് കേന്ദ്രവും, കേരളമടക്കമുള്ള വിവിധ സംസ്ഥാന സർക്കാരുകളും. വിലക്കയറ്റം സൃഷ്ടിക്കുന്നതിൽ പെട്രോളിയം ഉത്പന്നങ്ങളുടെ വർദ്ധിച്ച വിലകളും വലിയ പങ്കാണ് വഹിക്കുന്നത്. സാധാരണക്കാരുടെ വരുമാനത്തെ അത് വീണ്ടും ശോഷിപ്പിക്കുന്നു.

വിദ്യാഭ്യാസവും ആരോഗ്യസംരക്ഷണവുമെല്ലാം ചെലവേറിയതാകുന്നു, സാധാരണക്കാർക്ക് അപ്രാപ്യമാകുന്നു. സർക്കാരുകളാകട്ടെ, ഈ മേഖലകളിൽ നിന്ന് പിന്മാറിക്കൊണ്ട് സ്വകാര്യമൂലധനത്തിനായി വാതിൽ തുറന്നിടുന്നു. 2017ൽ മാത്രം സ്വകാര്യ ആരോഗ്യ ശുശ്രൂഷാ ചെലവുകൾ 55 ദശലക്ഷം പേരെ ദാരിദ്ര്യത്തിലേക്ക് തള്ളിവിട്ടു. വിദ്യാഭ്യാസം ചെലവേറിയതാവുമ്പോൾ എത്രയോ കുഞ്ഞുങ്ങൾക്ക് ദാരിദ്ര്യംമൂലം അത് നിഷേധിക്കപ്പെടുന്നു. പട്ടിണികൊണ്ട് ജനം പിടഞ്ഞുമരിക്കുന്ന ഇതേ രാജ്യത്തു തന്നെയാണ്, അതിസമ്പന്നർ മക്കളുടെ വിവാഹമാമാങ്കങ്ങൾ ശതകോടികൾ പൊടിച്ചു നടത്തുന്നത്. വികസന വായ്ത്താരികളിലൂടെയും, പൊള്ളയായ വാഗ്ദാനങ്ങളിലൂടെയും പദ്ധതികളിലൂടെയും, തെരഞ്ഞെടുപ്പ് അടുത്തപ്പോൾ മറനീക്കി പുറത്തുവന്ന പച്ചയായ വർഗ്ഗീയപ്രസംഗങ്ങളിലൂടെയും ജനത്തെ കബളിപ്പിച്ചും ഭി

(ശേഷം 7–ാം പേജിൽ)

# സൂറത്ത്: അപഹാസ്യമാകുന്ന ഇന്ത്യൻ തിരഞ്ഞെടുപ്പ് പ്രക്രിയ

(1–ാം പേജിൽ നിന്ന്)

ബിജെപി-സംഘപരിവാർ സംഘം ഇൻഡോറിൽ അവതരിച്ചത്. ചരിത്രപ്രസിദ്ധമായ നിരവധി തൊഴിലാളി സമരങ്ങളുടെയും ഇടതു പക്ഷരാഷ്ട്രീയത്തിന്റെയും ചരിത്രം ഇൻഡോറിന് പറയാനുണ്ട്. കോൺഗ്രസ്സ് തുടർച്ചയായി കൈയടക്കി വെച്ചിരുന്ന ഇൻഡോർ സീറ്റ് 1989 മുതൽ ബിജെപിയുടെ കൈയിലായി. തുടർന്ന് 8 തവണ വിജയിച്ചത് ലോക്സഭാ സ്പീക്കറായിരുന്ന സുമിത്രാ മഹാജനായിരുന്നു. 2019ൽ ശങ്കർ ലാൽവാനി ബിജെപി എംപിയായി തിരഞ്ഞെടുക്കപ്പെട്ടു. ഇത്തവണയും ഇദ്ദേഹമായിരുന്നു ഇൻഡോറിലെ സ്ഥാനാർത്ഥി.

ഹിന്ദി മേഖലയിലെ ഒരു പ്രധാന സംസ്ഥാനമായ മധ്യപ്രദേശിൽ നിരവധി ജനകീയ പ്രക്ഷോഭങ്ങൾ വളർത്തിയെടുത്തുകൊണ്ട് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംഘടനാപരമായി വളരുകയാണ്. തൊഴിൽരഹിതരായ ചെറുപ്പക്കാരുടെ വീറ്റുറ്റ സമരം വളർത്തിയെടുത്തും ഡൽഹിയിൽ നടന്ന കർഷകപ്രക്ഷോഭത്തിന്റെ ഭാഗമാകാൻ മധ്യപ്രദേശിൽനിന്ന് നൂറുകണക്കിന് കർഷകരെ സംഘടിപ്പിച്ചും നിരവധി പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകിയും ‘പശു ബെൽറ്റ്’ എന്നറിയപ്പെടുന്ന ഹിന്ദി മേഖലയിലും കമ്മ്യൂണിസ്റ്റ് ആശയങ്ങൾക്ക് സ്വാധീനമുറപ്പിക്കാനാവും എന്ന് തെളിയിക്കുകയാണ് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്). മധ്യപ്രദേശിൽ ഇത്തവണ ഗ്വാളിയോർ, ഗുണ, സാഗർ, ജബൽപൂർ, ഭോപ്പാൽ, ഇൻഡോർ എന്നിങ്ങനെ ആറു പാർലമെന്റ് സീറ്റുകളിലാണ് പാർട്ടി മത്സരിക്കുന്നത്.

ഇൻഡോറിൽ നമ്മുടെ പാർട്ടിയുടെ സ്ഥാനാർത്ഥിയായി മത്സരിക്കുവാൻ പാർട്ടിയുടെ വിദ്യാർഥിസംഘടനയായ എഐഡിഎസ്ഒയുടെ സംസ്ഥാന പ്രസിഡണ്ടായ സഖാവ് അജിത് സിംഗ് പൻവാറിനെയാണ് നിയോഗിച്ചത്. തിരഞ്ഞെടുപ്പ് പ്രചാരണം വളരെ നേരത്തെതന്നെ ആരംഭിച്ചിരുന്നു. വിദ്യാർത്ഥി-യുവജന പ്രക്ഷോഭണങ്ങളിലൂടെ പരിചിതനായ സഖാവിന് നല്ല സ്വീകാര്യതയാണ് ജനങ്ങളിൽനിന്ന് ലഭിച്ചത്.

സൂറത്ത്മാതൃകയിൽസ്ഥാനാർത്ഥികളെ പിൻവലിപ്പിക്കാനുള്ള ശ്രമം ബിജെപി പ്രകടമായി ആരംഭിച്ചത് സ്ക്രൂട്ടിനി ദിവസത്തിനു ശേഷമായിരുന്നു. അതായത് എല്ലാ അർത്ഥത്തിലും നാമനിർദ്ദേശപത്രികകൾ സ്വീകരിക്കപ്പെട്ടതിനുശേഷം, യോഗ്യത നേടിയ സ്ഥാനാർത്ഥികളെ പിൻവലിപ്പിക്കാനുള്ള ശ്രമമാണ് നടത്തിയത്. പത്രിക പിൻവലിക്കാനുള്ള അവസാന ദിവസമായ ഏപ്രിൽ 29ന് മുമ്പുതന്നെ അജിത് പൻവാറിന്റെ സ്ഥാനാർത്ഥിത്വം പിൻവലിപ്പിക്കുവാൻ കൊണ്ടുപിടിച്ച ശ്രമം ബിജെപി ആരംഭിച്ചിരുന്നു. ഏപ്രിൽ 27ന് മഹർസിംഗ് എന്ന പേരുള്ള ഒരു അഡ്വക്കേറ്റ് സമീപിച്ച് ഒരു മുൻ ബിജെപി എംഎൽഎയ്ക്ക് സ്ഥാനാർത്ഥിയെ കാണാൻ താല്പര്യമുണ്ടെന്നും വളരെ പ്രധാനപ്പെട്ട കാര്യം സംസാരിക്കാനുണ്ടെന്നും അറിയിച്ചു. സഖാവ് അത് നിരസിച്ചു. പിന്നീട് ഒരു പോലീസ് ഓഫീസർ സഖാവിനെ ബന്ധപ്പെട്ട്, ഇൻഡോർ സിറ്റിയുടെ വികസനത്തെപ്പറ്റി നേരിൽ സംസാരിക്കാൻ ബിജെപിയുടെ ചില ഉന്നത നേതാക്കൾക്ക് താല്പര്യമുണ്ടെന്ന് അറിയിച്ചു. കാര്യങ്ങൾ ഇത്രത്തോളം ആയപ്പോൾ സൂറത്ത് മോഡലിൽ എന്തോ സംഭവിക്കുവാൻ പോവുകയാണെന്ന് പാർട്ടിയുടെ മധ്യപ്രദേശ് സംസ്ഥാന കമ്മിറ്റിക്ക് ബോധ്യമായി. പിന്നീട് തുരുതുരെ ഫോൺകോളുകൾ വന്നുകൊണ്ടിരുന്നു. അതിനൊന്നും പ്രതികരിക്കാതിരുന്നപ്പോൾ ഒരു ബിജെപി കൗൺസിലറുടെ നേതൃത്വത്തിൽ, എസ്‌യുസിഐ സ്ഥാനാർത്ഥിയെ നാമനിർദ്ദേശ പത്രികയിൽ പിന്തുണച്ചവരുടെ വീടുകളിലെത്തി സമ്മർദ്ദം ചെലുത്തി. ആദ്യം പ്രലോഭനങ്ങൾ ചൊരിയുകയും വഴങ്ങാതിരുന്നപ്പോൾ വീടുകൾ ബുൾഡോസറുകൾ ഉപയോഗിച്ച് തുടച്ചുനീക്കും എന്ന് ഭീഷണി ഉയർത്തുകയും ചെയ്തു. ഏപ്രിൽ 29ന് കളക്ടറേറ്റ് വരെ ചെല്ലുക മാത്രം മതി, മറ്റുകാര്യങ്ങളെല്ലാം അവരുടെ ആളുകൾ ചെയ്തോളും എന്നാണവർ പറഞ്ഞത്. പക്ഷേ പാർട്ടിയെ പിന്തുണച്ച ഒരാളെ പോലും പിന്തിരിപ്പിക്കുവാൻ സർവ്വ അധികാരങ്ങളും പണവും പേശി ബലവുമുള്ള ബിജെപിക്കായില്ല.

ഏപ്രിൽ 29ന് നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള അവസാന സമയം അടുത്തപ്പോൾ കോൺഗ്രസിന്റെ ഇൻഡോറിലെ സ്ഥാനാർത്ഥിയായ അക്ഷയ കാന്തി ബാം പത്രിക പിൻവലിക്കുകയും മധ്യപ്രദേശിലെ ബിജെപി പ്രസിഡന്റ് വിജയ് വർഗ്ഗീയയുടെ കാറിൽ കയറി രക്ഷപ്പെടുകയും ബിജെപിയിൽ ചേർന്നതായി പ്രഖ്യാപിക്കുകയും ചെയ്തു. ബാമിനെ സ്ഥാനാർത്ഥിത്വം പിൻവലിപ്പിക്കുവാൻ സമ്മർദ്ദം ചെലുത്താനായി അദ്ദേഹത്തിന്റെ പേരിൽ 17 വർഷം മുൻപുള്ള ഒരു കേസിൽ വധശ്രമക്കുറ്റവും കൂടെ ചേർക്കുകയുണ്ടായി. പിന്നീട്, സംഘടിത പ്രസ്ഥാനമെന്ന നിലയിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയും ബിഎസ്പി യുമായിരുന്നു അവശേഷിച്ചത്. ബിഎസ്പിയാകട്ടെ, മധ്യപ്രദേശിൽ ബിജെപിയുടെ ക്യാമ്പിൽ തന്നെയെന്ന് ഗണിക്കാവുന്ന വിധത്തിലായിരുന്നു. ബിഎസ്പിയുടെ സ്ഥാനാർത്ഥി അടക്കമുള്ള 13 സ്ഥാനാർത്ഥികൾ എല്ലാവരും തന്നെ പിൻവലിക്കാനുള്ള അവസാന മണിക്കൂറുകളിൽ കളക്ടറേറ്റിൽ സന്നിഹിതരായിരുന്നു. സ്ഥാനാർത്ഥിത്വം പിൻവലിക്കുകയെന്ന ഉദ്ദേശമില്ലായിരുന്നെങ്കിൽ അവരാരും ആ സമയത്ത് അവിടെ എത്തേണ്ടതില്ലായിരുന്നു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സ്ഥാനാർത്ഥിയെ പിൻവലിപ്പിക്കുവാൻ അവസാന നിമിഷം വരെയും നടത്തിയ ശ്രമങ്ങൾ പരാജയപ്പെട്ടതോടെ ബിജെപിയുടെ തന്ത്രങ്ങൾ മാറി. മറ്റെല്ലാ സ്ഥാനാർത്ഥികളും പിൻവാങ്ങുകയും മത്സരം ബിജെപിയും എസ്‌യുസിഐയും തമ്മിൽ ആവുകയും ചെയ്താൽ ഇൻഡോറിലെ തിരഞ്ഞെടുപ്പ് മത്സരം ഇന്ത്യയുടെയാകെ ശ്രദ്ധാകേന്ദ്രമാവുമെന്ന് മനസ്സിലാക്കിയ ബിജെപി അവരുടെ പദ്ധതി ഉപേക്ഷിക്കുകയും മറ്റ് സ്ഥാനാർത്ഥികളെല്ലാം മത്സരത്തിൽ തുടരുകയും ചെയ്തു.

ലോകത്തിലെ ഏറ്റവും ബൃഹത്തായ തിരഞ്ഞെടുപ്പ് എന്നൊക്കെ കൊട്ടിഘോഷിക്കുമ്പോഴും ഇന്ത്യൻ തിരഞ്ഞെടുപ്പിലെ ഏറ്റവും ദുർഗന്ധപൂരിതമായ വശങ്ങളാണ് സൂറത്ത്, ഇൻഡോർ സംഭവങ്ങൾ വെളിപ്പെടുത്തുന്നത്. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ പ്രാരംഭഘട്ടത്തിൽതന്നെ ഇത്രയും കടുത്ത ജനാധിപത്യവിരുദ്ധ നീക്കം നടത്തുന്ന ബിജെപി തുടർന്നങ്ങോട്ടുള്ള ഏതൊരു ഘട്ടത്തിലും എന്ത് വൃത്തികെട്ട കളികളും നടത്തുമെന്ന് പ്രഖ്യാപിക്കുകയാണിവിടെ. ബിജെപിക്കെതിരെ വോട്ട് ചെയ്ത് അവരെ പരാജയപ്പെടുത്തിയ അഞ്ച് സംസ്ഥാനങ്ങളിലും ഒരു കേന്ദ്രഭരണ പ്രദേശത്തും ‘ഓപ്പറേഷൻ താമര’ എന്ന പേരിൽ പണം കൊടുത്തും ബ്ലാക്ക്മെയിൽ ചെയ്തും കാലുമാറ്റത്തിലൂടെ അധികാരം പിടിച്ചെടുത്ത ബിജെപി ഭാവിയിലേക്ക് ഇൻഡോറിലൂടെ ഒരു കറുത്ത സൂചനയാണ് നൽകുന്നത്.

25.13 ലക്ഷം വോട്ടർമാരുള്ള ഇൻഡോറിൽ 2019ൽ 60%ത്തിലേറെ വോട്ട് നേടി വൻഭൂരിപക്ഷത്തിൽ ജയിച്ച ബിജെപി ഇത്ര നീചമായ ഒരു അട്ടിമറിക്ക് തുനിഞ്ഞതിന്റെ കാരണമെന്താണ്? കോൺഗ്രസിനെയും മറ്റ് എതിർശക്തികളെയും അസ്തപ്രജ്ഞരും അപമാനിതരും അതുവഴി നിഷ്ക്രിയരുമാക്കുക എന്നതാണ് ഒരുലക്ഷ്യം. എതിരാളികൾ ജയിച്ചുവന്നാലും അവരെ വിലയ്ക്കെടുക്കാവുന്നതേയുള്ളൂ എന്ന് കാട്ടുകയാണ് മറ്റൊരു ലക്ഷ്യം. അധികാര സംവിധാനങ്ങൾ തങ്ങൾക്ക് വിധേയമായാണ് പ്രവർത്തിക്കുന്നതെന്നും തങ്ങളെ തടയാൻ ഒരു ശക്തിക്കും ആവില്ലെന്നും അവർ വിളംബരം ചെയ്യുന്നു. ജനാധിപത്യ സംവിധാനങ്ങളെയും പ്രക്രിയയെയും അവരതെല്ലും വകവക്കുന്നില്ല.

25 ലക്ഷം ജനങ്ങൾക്ക് വോട്ടവകാശം നിഷേധിച്ചുകൊണ്ട് ഇൻഡോറിൽ ജനാധിപത്യ പ്രക്രിയയെ കശാപ്പ് ചെയ്യുവാൻ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) അനുവദിക്കാത്തതിനെ തുടർന്ന് വിവിധ പാർട്ടികൾ സ്വീകരിച്ച നിലപാടുകൾ പരിശോധിക്കുന്നത് കൗതുകകരമാണ്. ബിജെപിക്കെതിരെ നോട്ടക്ക് വോട്ട് ചെയ്യുവാനാണ് കോൺഗ്രസ് ആഹ്വാനം ചെയ്തിട്ടുള്ളത്. കൊണ്ടുപിടിച്ച പ്രചരണവും അവർ നടത്തുന്നുണ്ട്. നോട്ടയ്ക്ക് വോട്ട് കുത്താൻ മാത്രമായി ആളുകൾ പോളിംഗ് ബൂത്തിൽ പോകില്ലെന്നും നോട്ടക്ക് എത്ര വോട്ട് കിട്ടിയാലും ബിജെപിയെ പരാജയപ്പെടുത്താൻ അതുകൊണ്ട് മാത്രമാവില്ലെന്നും അറിയാഞ്ഞിട്ടല്ല, മറിച്ച് സ്വന്തം സ്ഥാനാർത്ഥിയെ നിലക്കുനിർത്താൻ ആവാത്തതിന്റെ ജാള്യതമറയ്ക്കുവാൻ വേണ്ടി മാത്രമുള്ള പരിശ്രമമാണ് അവർ നടത്തുന്നത്.

ഇൻഡോറിലെ സവിശേഷമായ സാഹചര്യത്തിൽ സിപിഐയുടെ മധ്യപ്രദേശ് സംസ്ഥാന കമ്മിറ്റി അവിടെ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിക്ക് പിന്തുണ നൽകിക്കൊണ്ട് പുരോഗമനപരമായ നിലപാടെടുത്തു. പക്ഷേ ഇടതു-ജനാധിപത്യ ബോധത്തിന് കളങ്കമുണ്ടാക്കിക്കൊണ്ട് കോൺഗ്രസിനെ പോലെ തന്നെ നോട്ടയ്ക്ക് വോട്ട് ചെയ്യാനാണ് സിപിഐ(എം) മധ്യപ്രദേശ് സംസ്ഥാന ഘടകം തീരുമാനിച്ചത്. ചരിത്രത്തിലുടനീളം വിട്ടുവീഴ്ചയില്ലാത്ത ഇടതുപക്ഷ നിലപാട് എടുത്തിട്ടുള്ള എസ്‌യുസിഐ സ്ഥാനാർത്ഥി മണ്ഡലത്തിൽ ഉണ്ടായിരിക്കവെ പരോക്ഷമായി ബിജെപിയെ സഹായിക്കുന്ന നിലപാടെടുത്തത് ആ പാർട്ടിയുടെ വർഗ്ഗസ്വഭാവത്തെ വിളിച്ചു പറയുന്നു. ബീഹാറിൽ സിപിഐ(എം)ന്റെ ഏക സ്ഥാനാർത്ഥി ഹനുമാന്റെയും ശ്രീരാമന്റെയും മറ്റും ചിത്രങ്ങൾ ഉയർത്തിപ്പിടിച്ച് പ്രചാരണം നടത്തുന്നത് ഈ സന്നിഗ്ധകാലത്ത് നമുക്ക് കാണേണ്ടിവരുന്നു.

മാർക്സിസം-ലെനിനിസം സഖാവ് ശിബ്ദാസ് ഘോഷ് ചിന്തകൾ ഉയർത്തിപ്പിടിച്ചുകൊണ്ട് പാർലമെന്റ് തിരഞ്ഞെടുപ്പ് വേദികളിലൂടെ ഒരു ജനകീയപ്രക്ഷോഭണത്തിന്റെ രാഷ്ട്രീയം അവതരിപ്പിച്ചുകൊണ്ട് മുന്നേറുന്ന എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ഇൻഡോറിൽ ബിജെപിക്കെതിരെ നേർക്കുനേർ നടത്തുന്ന പോരാട്ടം രാജ്യത്തെങ്ങും ജനാധിപത്യ വിശ്വാസികൾക്ക് പ്രതീക്ഷ നൽകുന്നുണ്ട്. ■

## കോർപ്പറേറ്റുകളെ ഊട്ടുന്ന സർക്കാർ

(6–ാം പേജിൽ നിന്ന്)

ന്നിപ്പിച്ചും ഈ സാമ്പത്തികാസമത്വം എന്ന ജനവിരുദ്ധത മൂടിവെക്കാനും മുതലാളിത്ത പ്രീണനം തുടരാനും മോദി സർക്കാരും, അതേ നയങ്ങൾ പിന്തുടരുന്ന വിവിധ സംസ്ഥാന സർക്കാരുകളും ശ്രമിച്ചു കൊണ്ടേയിരിക്കുന്നു. ബഹുഭൂരിപക്ഷം വരുന്ന രാജ്യത്തെ സാധാരണക്കാർക്ക് ആശ്വാസം നൽകാനായി തങ്ങളുടെ നികുതിക്കൊള്ള ചുരുക്കാൻ അവർ തയ്യാറല്ല. സമ്പന്നരുടെ കോർപ്പറേറ്റ് നികുതിയിൽ നാമമാത്ര വർദ്ധനപോലും അവർ നടത്തില്ല. സ്വത്തുനികുതി കൊണ്ടുവരണമെന്ന് നിരവധി സാമ്പത്തികവിദഗ്ധരും ചില ഉദ്യോഗസ്ഥരും നിർദ്ദേശം വെച്ചപ്പോൾതന്നെ വിറളിയെടുക്കുകയായിരുന്നു നരേന്ദ്രമോദിയും അദ്ദേഹത്തിന്റെ സർക്കാരും. ഇപ്പോൾ പാരമ്പര്യസ്വത്ത് കൈമാറ്റത്തിനുമേൽ നികുതി ചുമത്തണമെന്ന നിർദ്ദേശം അന്തരീക്ഷത്തിലുയർന്നപ്പോൾ തന്നെ ഇവരുടെ വെപ്രാളം എന്തിനാണ്? ഈ വിഷമം, സാധാരണക്കാരന്റെ പിച്ചച്ചട്ടിയിൽ കൈയ്യിട്ടുവാരുമ്പോൾ എന്തേ ഉണ്ടാകാത്തത്?

കാരണം, ഈ ഭരണകൂടം നിലകൊള്ളുന്നതും അവരുടെ നയങ്ങളുമെല്ലാം മുതലാളിത്തത്തിനു വേണ്ടി മാത്രമാണ്. സാധാരണക്കാരന്റെ ദുരിതം അവിടെ വിഷയമല്ല. ഇത് മോദിയുടെയും ബിജെപിയുടെയും മാത്രം നയമല്ല. അടിസ്ഥാനപരമായി പ്രതിപക്ഷകക്ഷികളും അധികാരത്തിലെത്തിയാൽ ഇതേ നയങ്ങൾ തന്നെയല്ലേ നടപ്പാക്കുന്നത്? കോൺഗ്രസ് സർക്കാരുകൾ അധികാരത്തിലിരുന്നപ്പോളും കേരളത്തിൽ ഇടതുപക്ഷം എന്നവകാശപ്പെടുന്ന പിണറായി വിജയൻ സർക്കാരും അവരുടെ സാമ്പത്തികനയങ്ങളിൽ നരേന്ദ്രമോദി സർക്കാരുമായി എന്തു വ്യത്യസ്തതയാണ് പുലർത്തുന്നത്? ഈ അസമത്വം മുതലാളിത്തത്തിന്റെ സൃഷ്ടിയാണ്. മുതലാളിത്തം കൂടുതൽ പ്രതിസന്ധികളിലേക്ക് പോകുന്നതിനനുസരിച്ച് അസമത്വം കൂടിക്കൊണ്ടേയിരിക്കും. അതേ അസമത്വം തന്നെ കമ്പോളത്തെ കൂടുതൽ പ്രതിസന്ധിയിലുമാക്കും. മുതലാളിത്ത വ്യവസ്ഥയിൽ അതിന് ശാശ്വതമായ പരിഹാരമില്ല. പക്ഷേ, അൽപ്പമെങ്കിലും ജനാധിപത്യ ബോധമുള്ള, തരിമ്പെങ്കിലും ജനത്തോട് ആത്മാർത്ഥതയുള്ള ഒരു സർക്കാരിന് സാധാരണക്കാരനെ മാത്രം ദുരിതത്തിലാഴ്ത്തുന്ന ഈ നികുതിക്കൊള്ളയിൽ നിന്ന് അൽപ്പം ആശ്വാസം അവർക്ക് നൽകാനുള്ള നടപടികളെങ്കിലും കൈക്കൊള്ളാം. അത് ഭരണകൂടത്തിൽ നിന്നും പിടിച്ചുവാങ്ങാനായി ഈ രാജ്യത്തെ അധ്വാനിച്ചു ജീവിക്കുന്ന സാധാരണക്കാരായ ജനങ്ങൾ എല്ലാ ഭേദങ്ങൾക്കുമപ്പുറം ഒറ്റക്കെട്ടായി ശബ്ദമുയർത്തേണ്ടിയിരിക്കുന്നു. ■

# കുറ്റവാളികളേക്കാൾ കൂടുതൽ വിചാരണത്തടവുകാർ

# പ്രഹസനമാകുന്ന നീതിന്യായ വ്യവസ്ഥ

ഒരുവനെ ക്രമേണ മനുഷ്യനല്ലാതാക്കുന്ന, അപമാനവീകരിക്കുന്ന ഒരു സാഹചര്യമാണ് നമ്മുടെ രാജ്യത്തെ ജയിലുകളിൽ നിലനിൽക്കുന്നത്. നരക തുല്യമാണവ. ദീർഘകാലമായി ജയിലിലടയ്ക്കപ്പെട്ടിരിക്കുന്നവരിൽ പലരും കുറ്റവാളികൾ ആണെന്ന് തെളിയിക്കപ്പെട്ടവർ പോലുമല്ല; വിചാരണ കാത്ത് കഴിയുന്നവരാണ്. വർഷങ്ങളോളം അങ്ങനെ കഴിയേണ്ടിവരുന്ന ആളുകൾക്ക് എന്തെങ്കിലും അന്തസ്സ് ബാക്കി ഉണ്ടാവുമോ ?

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമാണ് ഇന്ത്യ എന്നാണ് നമ്മുടെ ഭരണാധികാരികൾ എപ്പോഴും പറയുന്നത്. അങ്ങനെയാണെങ്കിൽ ജനാധിപത്യത്തിന്റെ മര്യാദകളും തത്വങ്ങളും ശീലങ്ങളും നാം പിന്തുടരേണ്ടതാണ്. എന്നാൽ നമ്മുടെ നാട്ടിൽ ഇതേ ഭരണാധികാരികൾ തന്നെ എല്ലാ ജനാധിപത്യ തത്വങ്ങളും ചവിട്ടിയരക്കുന്നത് നിത്യവും നാം കണ്ടുകൊണ്ടിരിക്കുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് നമ്മുടെ നീതിന്യായ വ്യവസ്ഥ. ആഭ്യന്തരമന്ത്രാലയത്തിന്റെ 2022ലെ റിപ്പോർട്ട് പ്രകാരം നമ്മുടെ നാട്ടിൽ 5,50,000 പേർ വിവിധ ജയിലുകളിലായുണ്ട്. അതിൽ നാലിൽ മൂന്ന് പേർ(76 ശതമാനം) –4,27,165 മനുഷ്യർ– വിചാരണ തടവുകാരാണ്. ഇതേക്കുറിച്ച് ചീഫ് ജസ്റ്റിസ് പോലും ഈയിടെ ഗുജറാത്തിൽ നടന്ന ജഡ്ജിമാരുടെ കോൺഫറൻസിൽ ആശങ്ക പ്രകടിപ്പിക്കുകയുണ്ടായി. വിചാരണ നേരിടുന്നവർക്ക് ജാമ്യമാണ് പതിവെന്നും ജയിൽ ഒരു അപവാദമായിരിക്കണമെന്നുമുള്ള സുപ്രീംകോടതിയുടെ സുപ്രധാനമായ വിധി(സ്റ്റേറ്റ് ഓഫ് രാജസ്ഥാൻ 1978) അദ്ദേഹം അവരെ ഓർമിപ്പിച്ചു. എന്നാൽ യാഥാർത്ഥ്യം നേരെ തിരിച്ചാണ്.

ഒട്ടനവധി തടവുകാർ വിചാരണയും കാത്ത് വർഷങ്ങളായി കഴിയുന്നവരാണ്. "വിചാരണ നടത്താതെ ഒരു മനുഷ്യനെ അനിശ്ചിതകാലം തടവിൽ വെക്കാൻ പാടില്ല; ഒരാളെയും അങ്ങനെ അനിശ്ചിതകാലത്തേക്ക് കസ്റ്റഡിയിൽ വയ്ക്കാനും പാടില്ല. നമ്മുടെ ഭരണഘടന ഉറപ്പു നൽകുന്ന മൗലികാവകാശങ്ങളുടെ ലംഘനമാണിത്. പല സമയത്തും കുറ്റാരോപിതനെ മോചിപ്പിക്കാൻ മതിയായ കാരണമായി ഇത് കണക്കിലെടുത്തിട്ടുണ്ട്... നീതിന്യായ വ്യവസ്ഥയെ സമീപിക്കാനുള്ള അവകാശവും വരികയും വിചാരണ നടത്തുന്നതും ഭരണഘടനയുടെ മൂന്നാം ഭാഗത്ത് ഉറപ്പാക്കുന്ന സ്വാതന്ത്ര്യത്തിന്റെ ഭാഗമാണ്. സമയബന്ധിതമായി വിചാരണ പൂർത്തിയാക്കാൻ സാധിക്കുന്നില്ലെങ്കിൽ കുറ്റാരോപിതനെ കൂടുതൽ കാലം തടവിലിടാൻ പാടില്ല." കഴിഞ്ഞവർഷം സെപ്തംബറിൽ, ഇരട്ടക്കൊലപാതക കുറ്റത്തിന് വിചാരണ നേരിടുന്നയാളെ ജാമ്യത്തിൽ വിട്ടുകൊണ്ട് ബോംബെ ഹൈക്കോടതി നടത്തിയ നിരീക്ഷണമാണിത്. ക്രിമിനൽ നടപടി ക്രമത്തിലെ സെഷൻ 57ഉം 167ഉം കൂടെ ചേർത്താൽ കസ്റ്റഡിയുടെ പ്രക്രിയയെ കുറിച്ച് വ്യക്തമായ ഒരു ചിത്രം ലഭിക്കും. എത്രതരം കസ്റ്റഡികൾ ഉണ്ട്, എത്ര കാലം എന്നിവ അത് വ്യക്തമാക്കുന്നു. പോലീസ് കസ്റ്റഡി എന്നു പറഞ്ഞാൽ കുറ്റാരോപിതൻ പോലീസിന്റെ കൈവശമാണ്. ജുഡീഷ്യൽ കസ്റ്റഡി എന്നു പറഞ്ഞാൽ മജിസ്ട്രേറ്റിന്റെ കസ്റ്റഡിയിലാണ് – എന്നു പറഞ്ഞാൽ ജഡ്ജിയുടെ മേൽനോട്ടത്തിൽ ഒരു ജയിലിൽ. പാർലമെന്റ് ഈയിടെ പാസാക്കിയ ഭാരതീയ ന്യായ സംഹിതയുടെ 187–ാം വകുപ്പ് ഇതിനെ മാറ്റുന്നുണ്ട്. ഇപ്പോഴത്തെ നിയമപ്രകാരം ആദ്യത്തെ 24 മണിക്കൂറിനുള്ളിൽ മജിസ്ട്രേറ്റിനു മുൻപിൽ ഹാജരാക്കണം. അതിനുശേഷമുള്ള 15 ദിവസങ്ങളിൽ മാത്രമേ പോലീസിന് കുറ്റാരോപിതനെ കസ്റ്റഡിയിൽ വാങ്ങാൻ സാധിക്കുകയുള്ളൂ. ഈ ദിവസങ്ങളിൽ മുഴുവനായും പോലീസിന് കുറ്റാരോപിതനെ ചോദ്യം ചെയ്യാൻ സാധിച്ചില്ലെങ്കിൽ പോലും അതിനുശേഷം പോലീസ് കസ്റ്റഡിയിൽ വയ്ക്കാൻ നിയമം അനുവദിച്ചിരുന്നില്ല. എന്നാൽ പുതിയ നിയമപ്രകാരം പോലീസിന് ഒന്നിച്ചോ പലതവണയായോ ആദ്യത്തെ 40 ദിവസത്തിനുള്ളിൽ 15 ദിവസം വരെ കുറ്റാരോപിതനെ കസ്റ്റഡിയിൽ വയ്ക്കാം.

ഗൗരവമായ കുറ്റങ്ങൾക്ക് ഇത് ആദ്യത്തെ 60 ദിവസങ്ങൾക്കുള്ളിൽ ഏതെങ്കിലും 15 ദിവസമാകാം. പോലീസ് കസ്റ്റഡിയിലേക്ക് തിരിച്ചെത്താനുള്ള സമയപരിധി പുതിയ നിയമത്തിൽ വളരെ ഉദാരമാക്കുക വഴി കുറ്റാരോപിതർ കൂടുതൽ പരിതാപകരമായ അവസ്ഥയിൽ എത്തിയിരിക്കുന്നു. പോലീസ് അന്വേഷണത്തിന് നിശ്ചയിച്ച കാലാവധി ചെറിയ കുറ്റങ്ങൾക്ക് 60 ഉം വലിയ കുറ്റങ്ങൾക്ക് 90ഉം ആണ്. ഈ കാലാവധി കഴിഞ്ഞാൽ കുറ്റാരോപിതനും ജാമ്യം ലഭിക്കണം. ഈ ഭാഗം പുതിയ നിയമത്തിലും അതേപോലെ ചേർത്തിട്ടുണ്ട്. എന്നിട്ടും എന്തുകൊണ്ട് ഇത്രയും മനുഷ്യർ ജുഡീഷ്യൽ റിമാൻഡിൽ കഴിയുന്നു?

നമ്മുടെ പ്രധാനപ്പെട്ട കാര്യം ഈ വിചാരണ തടവുകാരുടെ സിംഹഭാഗവും വളരെ പാവങ്ങളും പലവിധ ദുരിതങ്ങൾ അനുഭവിക്കുന്നവരുമാണ് എന്നതാണ്. പലരും ചെറിയ കളവുകൾക്കാണ് അകത്തായിരിക്കുന്നത്. വലിയൊരു വിഭാഗം വക്കീൽമാരെ നിയോഗിക്കാൻ ശേഷിയില്ലാത്ത നിരപരാധികളാണ്. ഇതിൽ ചിലർ 20, 30 വർഷങ്ങൾ ജയിലിൽ കിടന്നതിനുശേഷം, എന്തിന് 50 വർഷങ്ങൾക്കുശേഷം നിരപരാധിയാണെന്ന് കണ്ടെത്തി വിട്ടയക്കപ്പെട്ടിട്ടുണ്ട്. നീതി വൈകിക്കുന്നത് നീതി നിഷേധിക്കുന്നതിന് സമമാണെന്ന് പറയുന്നത് എത്ര സത്യം! ഈ കഴിഞ്ഞ മാർച്ചിലാണ് ജാമ്യമാണ് സ്വാഭാവികം എന്നും ജയിൽ ഒരു അപവാദമായിരിക്കണമെന്നും സുപ്രീംകോടതി ഓർമിപ്പിച്ചത്. ഓരോ കുറ്റാരോപിതനും കുറ്റം തെളിയിക്കപ്പെടുന്നതുവരെ നിരപരാധിയാണ് എന്ന തത്വത്തിന്റെ അടിസ്ഥാനത്തിലാണ് ഇത് പറയുന്നത്. ഇത്തരം ഉന്നതമായ ജുഡീഷ്യൽ നിരീക്ഷണങ്ങൾ യാഥാർത്ഥ്യവുമായി തട്ടിച്ചു നോക്കുമ്പോൾ വെറും പാഴ്‌വാക്കുകളായി മാറുന്നു.

മചാങ് ലാലു എന്നയാളുടെ കാര്യം എടുക്കുക. 54 വർഷത്തിനുശേഷമാണ് ഇയാൾ ജയിൽ മോചിതനാകുന്നത്. 1951ൽ വലിയ പ്രളയമുണ്ടാക്കി എന്നതിന്റെ പേരിൽ അറസ്റ്റ് ചെയ്ത് ജുഡീഷ്യൽ റിമാൻഡിൽ ജയിലിൽ അടച്ചതാണ് അയാളെ. 2005ൽ ഏതാനും മനുഷ്യാവകാശ പ്രവർത്തകർ ഇടപെട്ട് ഈ കേസ് ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ മാത്രമാണ് അയാളെ വിട്ടയക്കുന്നത്. അദ്ദേഹത്തിന് നഷ്ടപരിഹാരം നൽകണമെന്നും മാസം നിശ്ചിത തുക സഹായമായി നൽകണമെന്നും സുപ്രീംകോടതി അസം ഗവൺമെന്റിനോട് നിർദ്ദേശിക്കുകയുണ്ടായി. 54 വർഷത്തെ ജയിൽവാസത്തിന് അത് പകരമാകുമോ? 2007ൽ അദ്ദേഹം മരിച്ചു. ഇനി ജെഎൻയു വിദ്യാർത്ഥിയായിരുന്ന ഒമർ ഖാലിദിന്റെ കാര്യമെടുക്കുക. ഖാലിദിനെയും കൂട്ടാളികളെയും 2020 ഫെബ്രുവരിയിലെ ഡൽഹി കലാപത്തിന്റെ സൂത്രധാരൻമാർ എന്ന് ആരോപിച്ചാണ് അറസ്റ്റ് ചെയ്യുന്നത്. ഭീകരവിരുദ്ധ നിയമമായ യുഎപിഎ പ്രകാരമാണ് അവരെ അറസ്റ്റ് ചെയ്തിരിക്കുന്നത്. ഖാലിദിന്റെ ജാമ്യാപേക്ഷ 14 തവണയാണ് സുപ്രീംകോടതി തന്നെ മാറ്റിവച്ചിരിക്കുന്നത്. 2020 മുതൽ വിചാരണയോ വിധിയോ കൂടാതെ അവർ തടവറയിലാണ്. ഡൽഹി യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ ആയിരുന്ന ജി.എൻ.സായിബാബയെ നിരോധിത സംഘടനകളുമായി ബന്ധമുണ്ട് എന്ന് ആരോപിച്ച് അറസ്റ്റ് ചെയ്തു. പോളിയോ ബാധിച്ച ഏതാണ്ട് 90% ത്തോളം അംഗവൈകല്യമുള്ള അദ്ദേഹത്തെ 10 വർഷത്തോളം തടവിലിട്ടു. ഒടുവിൽ നിരപരാധി എന്ന് കണ്ടെത്തി സുപ്രീംകോടതി വിട്ടയക്കുകയും ചെയ്തു. ഇന്ത്യൻ നീതിന്യായ വ്യവസ്ഥയ്ക്കേറ്റ തീരാ കളങ്കമാണ് 84കാരനായ സ്റ്റാൻ സാമിയുടെ കേസ്. ആദിവാസികളുടെ അവകാശങ്ങൾക്കുവേണ്ടി പൊരുതിയ ഒരു ജസ്യൂട്ട് പാതിരിയായിരുന്നു അദ്ദേഹം. ഭീമ കൊറഗാവോൺ കേസുമായി ബന്ധപ്പെട്ട അറസ്റ്റ് ചെയ്ത അദ്ദേഹത്തിന് ആരോഗ്യപരമായ കാരണത്താൽ ജാമ്യം അനുവദിക്കേണ്ടതായിരുന്നു. പാർക്കിൻസൺസ് രോഗം മൂലം ബുദ്ധിമുട്ടിയിരുന്ന അദ്ദേഹത്തിന്റെ ഏറ്റവും പ്രാഥമികമായ ആവശ്യങ്ങൾപോലും ജയിൽ അധികൃതരും കോടതിയും നിഷേധിച്ചു. പലതവണ ജാമ്യത്തിനായി സമീപിച്ചെങ്കിലും ജാമ്യം നിഷേധിച്ചു. ഒടുവിൽ 2021 ജൂലൈ അഞ്ചിന് ജയിലിൽ വച്ച് അദ്ദേഹം മരിച്ചു. നാഗ്പൂർ യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ ആയിരുന്ന ഡോ.ഷോമ സെൻ ആറു വർഷം ജയിലിൽ കിടന്നതിനുശേഷം ഈയിടെ മോചിതയായി. ഇവിടെ നമ്മൾ കാണുന്നത് സാധാരണക്കാരെയും അവർക്കുവേണ്ടി നിലകൊള്ളുന്നവരെയും സംബന്ധിച്ചിടത്തോളം നീതിയുടെ പ്രക്രിയ തന്നെ ശിക്ഷയായി മാറുന്ന കാഴ്ചയാണ്.

എന്നാൽ അധികാരത്തോടു ചേർന്നു നിൽക്കുന്നവരെ സംബന്ധിച്ചിടത്തോളം നീതിയുടെ ദേവത ആവോളം കനിഞ്ഞു വണങ്ങുന്നതും നമുക്ക് കാണാം. റെസ്ലിംഗ് ഫെഡറേഷന്റെ മുൻപ്രസിഡന്റായ ബ്രിജ്ഭൂഷൻ സിംഗിനെതിരെ രാജ്യത്തിന്റെ അഭിമാനമായ ഗുസ്തി താരങ്ങൾ ഗുരുതരമായ ആരോപണങ്ങൾ ഉന്നയിച്ചിട്ടും അയാളെ കസ്റ്റഡിയിലെടുത്തിട്ടില്ല. ഗുസ്തി താരങ്ങളുടെ സമരം കാരണം കേസ് ഫയൽ ചെയ്തു എങ്കിലും അന്വേഷണവുമായി സഹകരിക്കുന്നതിനാൽ അറസ്റ്റ് ചെയ്യേണ്ട കാര്യമില്ലത്രെ. യുപിയിലെ ഉന്നാവോയിൽ പെൺകുട്ടിയെ നിരന്തരം ബലാത്സംഗം ചെയ്യുകയും കൊലപ്പെടുത്തുകയും ചെയ്ത കുൽദീപ് സിംഗ് സെൽഗർ എന്ന ബിജെപി എംഎൽഎയ്ക്ക് അറസ്റ്റ് ചെയ്യപ്പെട്ട ഉടനെ തന്നെ ഡൽഹി ഹൈക്കോടതി ജാമ്യം അനുവദിച്ചു. ലഖിംപൂർ ഖേരിയിൽ 2021ൽ കർഷകർക്കു നേരെ കാറോടിച്ചു കയറ്റി കൊന്ന ആശിഷ് മിശ്ര – കേന്ദ്ര സഹ മന്ത്രി അജയ് മിശ്ര തേനിയുടെ മകനാണ്; അയാൾക്കും ഉടനെ ഇടക്കാലം ജാമ്യം ലഭിച്ചു. ഇപ്പോഴും സുഖമായി പുറത്ത് വിലസി നടക്കുന്നു. ഗുജറാത്ത് കലാപക്കാലത്തെ ബിൽക്കിസ് ബാനു ബലാൽസംഗ കേസിലെ പ്രതികളെ നല്ല നടപ്പിന് വിട്ടയച്ചത് സുപ്രീം കോടതി ഇടപെട്ട് തടയേണ്ടി വന്നതും ഈയിടെ വാർത്തയായിരുന്നു. ഇങ്ങനെ പണവും അധികാരവും ചേർന്ന് നീതിന്യായ വ്യവസ്ഥയെ കൊഞ്ഞനം കുത്തുന്നതിന്റെ ഉദാഹരണങ്ങൾ എത്ര വേണമെങ്കിലും നമുക്ക് ചുറ്റിലും കാണാം.

നിയമത്തിനു മുൻപിൽ എല്ലാവരും തുല്യരാണ് എന്ന അടിസ്ഥാന ജനാധിപത്യ സങ്കല്പം നമ്മുടെ നാട്ടിൽ നിന്ന് അപ്രത്യക്ഷമായിരിക്കുന്നു. ഏറ്റവും വലിയ ജനാധിപത്യ രാജ്യം എന്ന നമ്മുടെ രാഷ്ട്രീയക്കാരുടെ വീമ്പു പറച്ചിൽ യാഥാർത്ഥ്യത്തെ മറച്ചു പിടിക്കാൻ വേണ്ടിയുള്ള പൊള്ളയായ വീരവാദം മാത്രമാണ്. മുതലാളിത്തം അതിന്റെ അന്ത്യ ഘട്ടത്തിൽ എത്തിയിരിക്കുന്ന ഇക്കാലത്ത് സമ്പത്ത് ക്രമാതീതമായി ഒരു ന്യൂനപക്ഷത്തിന്റെ കൈയിൽ കേന്ദ്രീകരിക്കുമ്പോൾ തുല്യനീതി എന്നത് സാധ്യമല്ല. മുഴുവൻ ജനങ്ങളും അണിനിരക്കുന്ന ബൃഹത്തായ ഒരു ജനകീയ പ്രക്ഷോഭത്തിലൂടെ മാത്രമേ ഈ സാഹചര്യത്തിന് അല്പമെങ്കിലും മാറ്റം ഉണ്ടാക്കാൻ സാധിക്കുകയുള്ളൂ. അത്തരമൊരു സാമൂഹ്യ – രാഷ്ട്രീയ സാഹചര്യത്തിൽ മാത്രമേ നമ്മുടെ കോടതികൾക്കും നിർദ്ദയമായും നിഷ്പക്ഷമായും നീതി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. ■











കാഞ്ഞങ്ങാട് നടന്ന കൃത്രിമ ജലപാത വിരുദ്ധ ജനകീയ മുന്നണി വാർഷിക പൊതുസമ്മേളനത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ പിന്തുണയർപ്പിച്ച് സഖാവ് എൻ.കെ.ശശികുമാർ പ്രസംഗിക്കുന്നു.

അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന ഹരിപ്പാട് നേതാജി സാമൂഹ്യ സാംസ്കാരിക പഠന കേന്ദ്രത്തിൽസംഘടിപ്പിച്ച വനിതകളുടെ സംസ്ഥാന പഠന ക്യാമ്പ് സ്ത്രീ സുരക്ഷാ സമിതി സംസ്ഥാന ജനറൽ സെക്രട്ടറി മിനി കെ ഫിലിപ്പ് ഉദ്ഘാടനം ചെയ്യുന്നു.

കർഷകരിൽനിന്ന് സംഭരിച്ച നെല്ലിന്റെ വില മുഴുവൻ കർഷകർക്കും ലഭിക്കാത്തതിലും, ഉഷ്ണതരംഗത്തിൽ വിളനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കാത്തതിലും പ്രതിഷേധിച്ച് നെൽ കർഷക സംരക്ഷണ സമിതി നടത്തിയ കോട്ടയം സപ്ലൈകോ ഓഫീസ് മാർച്ച്.

# ഇസ്രയേലിനുനേരെ ഇറാന്റെ മിസൈൽ ആക്രമണം: നിഴൽ യുദ്ധം തുടരുന്നു

**ക**ഴിഞ്ഞ ഏപ്രിൽ 13ന്, ഇറാൻ സ്ഫോടകശേഷിയുള്ള 300ഓളം ഡ്രോണുകളും മിസൈലുകളും ഇസ്രയേലിന് നേരെ പ്രയോഗിച്ചു. അവയിൽ ഭൂരിഭാഗവും ഇസ്രയേലിന്റെയും യുഎസ്, ബ്രിട്ടൻ, ജോർദാൻ എന്നീ രാജ്യങ്ങളുടെയും വ്യോമ പ്രതിരോധ സംവിധാനങ്ങൾ പുറത്തുനിന്ന് തടഞ്ഞുവെന്ന് പറയപ്പെടുന്നു. യുഎസ് സാമ്രാജ്യത്വവും, അവരുടെ കൂട്ടാളികളും പിന്തുണയ്ക്കുന്ന സയണിസ്റ്റ് ഇസ്രയേലും, പശ്ചിമേഷ്യയിലെ പാശ്ചാത്യ സാമ്രാജ്യത്വം ഏറ്റവും വെറുക്കുന്ന ഇറാനും തമ്മിൽ പതിറ്റാണ്ടുകളായി നടന്നുവരുന്ന നിഴൽ യുദ്ധത്തിന് ശേഷമുള്ള ആദ്യത്തെ നേരിട്ടുള്ള ആക്രമണമാണിത്. ഏപ്രിൽ ഒന്നിന് സിറിയയിലെ ഡമാസ്കസിലെ ഇറാൻ കോൺസുലേറ്റുകൾക്ക് നേരെയുണ്ടായ വ്യോമാക്രമണത്തിൽ ഏഴ് ഇറാനിയൻ ഉദ്യോഗസ്ഥരും മറ്റ് ആറ് ഉദ്യോഗസ്ഥരും കൊല്ലപ്പെട്ടിരുന്നു. ഇതിന്റെ തിരിച്ചടിയായിരുന്നു ഇറാന്റെ ആക്രമണം. ഈ സംഭവത്തിന് പുറമെ, സിറിയ, ഇറാഖ്, ഒമാൻ, ലെബനൻ എന്നിവിടങ്ങളിലും ഇറാനിൽ പോലും കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഇറാനിയൻ ഉദ്യോഗസ്ഥർക്ക് നേരെ ആക്രമണ പരമ്പരകൾ സംഘടിപ്പിക്കപ്പെട്ടു. ഇറാന്റെ ഉന്നത ആണവശാസ്ത്രജ്ഞനായ മൊഹ്സെൻ ഫഖ്രി സാദെയെ 2021 നവംബറിൽ ഇസ്രയേൽ വധിച്ചു. ഇറാനെതിരായ നിരവധി ആക്രമണങ്ങളിൽ ഇസ്രയേൽ നേരിട്ടോ അല്ലാതെയോ ബന്ധപ്പെട്ടിരിക്കുന്നു.

## എന്താണ് ഈ ശത്രുതക്ക് കാരണം?

എണ്ണ സമ്പന്നമായ മിഡിൽ-ഈസ്റ്റിലെ യുഎസ് സാമ്രാജ്യത്വത്തിന്റെ പിണിയാളെന്ന നിലയിൽ ഇസ്രയേൽ ഏറെക്കാലമായി അമേരിക്കയുടെ നിർദ്ദേശങ്ങൾക്ക് മുന്നിൽ തലകുനിക്കാൻ വിസമ്മതിക്കുന്ന രാജ്യങ്ങൾക്കുനേരെ സൈനിക ആക്രമണം നടത്തുകയാണ്. ഒരിക്കൽ അത് പലസ്തീൻ, ഇറാഖ്, സിറിയ, ലെബനൻ എന്നിവയായിരുന്നു. യെമനെയാണ് ഈ പട്ടികയിൽ അവസാനം ചേർത്തത്. ആക്രമണത്തിനിരയായ രാജ്യങ്ങൾ സ്വയം പ്രതിരോധത്തിനായി തിരിച്ചടിച്ചപ്പോഴെല്ലാം, സയണിസ്റ്റ് ഭരണാധികാരികളുടെ ആക്രമണം ശക്തമാക്കാൻ ഈ തിരിച്ചടിയെ അവർ കാരണമാക്കി. ഉദാഹരണത്തിന്, കഴിഞ്ഞ ഒക്ടോബർ 7 ന് പലസ്തീനിലെ ഒരു പൊരുതുന്ന സംഘടനയായ ഹമാസ്, ഇസ്രയേലിനെതിരെ പ്രതികാര ആക്രമണം നടത്താൻ നിർബന്ധിതരായപ്പോൾ, ഗാസ സ്ട്രിപ്പിലും പലസ്തീനിലെ വെസ്റ്റ് ബാങ്കിലും വംശഹത്യയും, വലിയ തോതിലുള്ള നാശവും സംഘടിപ്പിക്കാൻ ഇസ്രയേൽ ഇതിനെ ഉപയോഗപ്പെടുത്തി. 200 ദിവസത്തെ ഇസ്രയേൽ ആക്രമണത്തിൽ ഇതിനകം തന്നെ പലസ്തീനിൽ മരിച്ചവരുടെ എണ്ണം 42,510 ആണ്, അവരിൽ 38,621 പേർ സാധാരണ പൗരന്മാരാണ്, ഇതിൽ 10,091 സ്ത്രീകളും 15,780 കുട്ടികളും ഉൾപ്പെടുന്നു. ആയിരക്കണക്കിനാളുകളുടെ മൃതദേഹങ്ങൾ ഇപ്പോഴും അവശിഷ്ടങ്ങൾക്കടിയിൽ കുടുങ്ങിക്കിടക്കുകയാണ്, ആയിരക്കണക്കിന് ആളുകളെ കാണാതായി, മരിച്ചതായി കണക്കാക്കുന്നു.

ലോകജനതയുടെ പ്രതിഷേധത്തെ അവഗണിച്ചാണ് ഈ ക്രൂരത തുടരുന്നത്. സമാനമായി, യമനിലെ മിലിറ്റന്റ് സംഘടനയായ ഹൂതികൾ, ആ രാജ്യത്തിനുനേരെ സൗദി അറേബ്യ-യുഎസ്-യുകെ-ജിസിസി സംഘം സംയുക്തമായി 10 വർഷമായി നടത്തിക്കൊണ്ടിരിക്കുന്ന ആക്രമണത്തിന് പ്രതികാരമായി, ചെങ്കടലിലൂടെ സഞ്ചരിക്കുന്ന യുഎസ്-യുകെ വാണിജ്യ കപ്പലുകൾക്കുനേരെ തുറന്ന പ്രഖ്യാപനത്തിലൂടെ ആക്രമണം നടത്തി. ഇതിൽ പ്രതിഷേധിച്ച്, പാശ്ചാത്യ സാമ്രാജ്യത്വ സംഘം ഈ ആക്രമണങ്ങളെ കടൽക്കൊള്ള എന്ന് വിളിക്കുകയും ഹമാസിനെയും ഹൂതികളെയും സഹായിക്കുന്നതിന് ഇറാനുനേരെ വിരൽ ചൂണ്ടുകയും ചെയ്തു.

ഇറാന്റെ എണ്ണപ്പാടങ്ങൾ അമേരിക്കയും സഖ്യകക്ഷിയായ ഇസ്രയേലും ഏറ്റെടുക്കാനുള്ള യുഎസ് ഉത്തരവിന് മുന്നിൽ തലകുനിക്കാൻ വിസമ്മതിച്ചപ്പോൾ മുതൽ, യുഎസ് സാമ്രാജ്യത്വം ഇറാനെ ലക്ഷ്യം വെച്ചതാണ്. 2005ൽ, തെറ്റായ കാരണം പറഞ്ഞ്, അമേരിക്ക ഇറാനുമായുള്ള ആണവനിർവ്യാപന കരാർ അവസാനിപ്പിച്ചു. അതിനുശേഷം, പശ്ചിമേഷ്യയിൽ ഇസ്രയേൽ കഴിഞ്ഞാൽ സൈനികമായി ഏറ്റവും ശക്തമായ ഇറാനെ, ആ മേഖലയിലെ ഏറ്റവും വലിയ ശത്രുരാജ്യമായി യുഎസ് വിശേഷിപ്പിച്ചു. 2018 മെയ് 8ന്, ഇസ്രയേലുമായി ചേർന്ന് അമേരിക്ക, 2015ൽ ഇറാനുമായി ഉണ്ടാക്കിയ ആണവ കരാറിൽ നിന്ന് ഏകപക്ഷീയമായി പിന്മാറുകയും ഇറാനെതിരെ കടുത്ത ഉപരോധം ഏർപ്പെടുത്തുകയും ചെയ്തു.

## ഇറാൻ ഒരു ഏകാധിപത്യ ബൂർഷ്വാ മൗലികവാദ രാഷ്ട്രം കൂടിയാണ്

ഇറാനും അത്ര നല്ല ശക്തിയല്ല. 1979ൽ, ഒരു ഇറാനിയൻ വിപ്ലവം മുഹമ്മദ് റെസാ ഷാ പഹ്ലവിയുടെ യുഎസ്-യുകെ പിന്തുണയുള്ള ഏകാധിപത്യ ഭരണത്തെ അട്ടിമറിച്ചു. തുടർന്ന്, ഇസ്ലാമിക മൗലികവാദിയായ അയത്തുള്ള ഖൊമേനിയെപ്പോലുള്ള ഒരു മതതീവ്രവാദിയും, മിതവാദി ഇറാനിയൻ ബൂർഷ്വാസിയും തമ്മിലുള്ള ബാന്ധവത്തിലൂടെ, റിവിഷനിസ്റ്റ് സോവിയറ്റ് നേതൃത്വത്തിന്റെ അനുയായിയായ ഒളിവിലായിരുന്ന ടൂഡേ പാർട്ടി ഉൾപ്പെടെയുള്ള സോഷ്യലിസ്റ്റ്, കമ്മ്യൂണിസ്റ്റ് അനുകൂല ഘടകങ്ങളുടെയും പിന്തുണയോടുകൂടി, ഒരു ദേശീയ മുന്നണി രൂപീകരിച്ചു.

മുന്നണി ഘടകകക്ഷികൾക്കുള്ളിൽ അധികാരത്തർക്കം ഉണ്ടായിരുന്നിട്ടും, ഈ ദേശീയ പ്രക്ഷോഭം ഇറാനിയൻ തൊഴിലാളിവർഗത്തിന്റെ ധീരതക്കും, സാഹസികതക്കും താൽക്കാലിക ശമനം നൽകി. മുതലാളിത്ത വിരുദ്ധ വിപ്ലവത്തിന്റെ ഭയാശങ്കകളാൽ വേട്ടയാടപ്പെടുകയും, ഇടതുപക്ഷ ശക്തികളുടെ വളർച്ചയിൽ ഭീഷണി നേരിടുകയും ചെയ്ത ഇറാനിയൻ ബൂർഷ്വാസി, ഇസ്ലാമിക മതമൗലികവാദിയായ ഖൊമേനിയുമായി സഖ്യമുണ്ടാക്കി, ഇടതുപക്ഷക്കാരെ തുടച്ചുനീക്കാനുള്ള എല്ലാ തന്ത്രങ്ങളും പയറ്റി. പക്ഷേ, ഷാ ഭരണകൂടത്തിനെതിരായി വീരോചിതമായി പോരാടിയെങ്കിലും, ഇറാനിയൻ ജനത മതപരമായി യാഥാസ്ഥിതികരായിരുന്നു. അതിനാൽ, കഴിഞ്ഞ നാല് പതിറ്റാണ്ടുകളായി ഖൊമേനിയുടെ ക്രൂരമായ സ്വേച്ഛാധിപത്യ ഭരണം തുടർന്നു. ഒരുകാലത്ത് ശക്തമായ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഉണ്ടായിരുന്ന ഇറാൻ, ഇന്ന്, ജനാധിപത്യത്തിന്റെ മുഖംമൂടി അണിഞ്ഞ സ്വേച്ഛാധിപത്യ ബൂർഷ്വാ മൗലികവാദ രാഷ്ട്രമായി മാറിയിരിക്കുന്നു. സോഷ്യലിസ്റ്റ് ചേരിയുടെ തകർച്ചയിലേക്ക് നയിച്ച സോവിയറ്റ് യൂണിയന്റെയും ചൈനയുടെയും റിവിഷനിസ്റ്റ് അപചയം ഇതിനുത്തരവാദിയാണ്.

## ഇസ്രയേൽ-ഇറാൻ സൈനിക സംഘർഷം രണ്ട് സാമ്രാജ്യത്വ ക്യാമ്പുകൾ തമ്മിലുള്ള നിഴൽ യുദ്ധമാണ്

വാസ്തവത്തിൽ, ഇപ്പോഴത്തെ ഇറാൻ-ഇസ്രയേൽ സംഘർഷം രണ്ട് ശക്തമായ സാമ്രാജ്യത്വ ക്യാമ്പുകൾ തമ്മിലുള്ള ഒരു നിഴൽ യുദ്ധമാണ്. ഒന്ന് യുഎസ് സാമ്രാജ്യത്വവും മറ്റൊന്ന് റഷ്യ-ചൈനയും. യുഎസിനും സഖ്യകക്ഷികൾക്കും അസൗകര്യമുണ്ടാക്കുന്ന തരത്തിൽ ചൈന ഇതിനകം തന്നെ മദ്ധ്യേഷ്യയിൽ നിർണായകമായ കടന്നുകയറ്റം നടത്തിയിട്ടുണ്ട്. റഷ്യ-ചൈന സഖ്യം, ഇറാനെ പിന്തുണയ്ക്കുമ്പോൾ യുഎസ് സാമ്രാജ്യത്വത്തിന്റെ പിൻബലത്തിൽ ഇസ്രയേൽ ശക്തിപ്രദർശിപ്പിക്കുന്നു. ഇസ്രയേലും ഇറാനും ആണവ ശക്തികളാണ് അതിനാൽ, സംഘർഷം ഇടയ്ക്കിടെയുള്ള ഏറ്റുമുട്ടലുകളിൽ മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു, ഒരു ക്യാമ്പിനും ഒരു സമ്പൂർണ്ണ യുദ്ധത്തിന് പോകാൻ കഴിയില്ല. ഇസ്രയേലിന്റെ തിരഞ്ഞെടുത്ത സ്ഥലങ്ങളിൽ ഡ്രോൺ ആക്രമണം നടത്തുന്നതിന് 72 മണിക്കൂർ മുമ്പ് ഇറാൻ യുഎസിനെ അറിയിച്ചതായി റിപ്പോർട്ടുണ്ട്. *(മിന്റ് 15-04- 24)* അതിനാൽ, വലിയതോതിലുള്ള ഒരു യുദ്ധത്തിന് ഇപ്പോൾ സാധ്യതയില്ല.

എസ്‌യുസിഐ(സി)യുടെ സ്ഥാപക ജനറൽ സെക്രട്ടറിയും ഈ യുഗത്തിലെ സമുന്നത മാർക്സിസ്റ്റ് ചിന്തകനുമായ സഖാവ് ശിബ്ദാസ് ഘോഷ് ആറ് പതിറ്റാണ്ട് മുമ്പ് ചൂണ്ടിക്കാണിച്ചതുപോലെ, സാമ്രാജ്യത്വ-മുതലാളിത്തം"...പ്രതിസന്ധിയിൽ നിന്ന് കരകയറാനും, കുറഞ്ഞപക്ഷം, കൃത്രിമ ഉത്തേജനം വഴി സൈനിക ഉപഭോഗം വർദ്ധിപ്പിച്ചുകൊണ്ട്, മുതലാളിത്ത വിപണിയുടെ വളർച്ച നിലനിർത്താനും ശ്രമിക്കുന്നു. എന്നാൽ, സൈനികവൽക്കരണം മുതലാളിത്ത വൈരുദ്ധ്യങ്ങളെയും പ്രതിസന്ധികളെയും കൂടുതൽ വഷളാക്കുന്നു," *(തിരഞ്ഞെടുത്ത കൃതികൾ, വാല്യം 2).*

## പ്രതിസന്ധി കൂടുതൽ രൂക്ഷമാകുന്തോറും സമ്പദ്‌വ്യവസ്ഥ കൂടുതൽ സൈനികവൽക്കരിക്കപ്പെടുന്നു

സൈനികവൽക്കരണം ആയുധശേഖരണത്തിലേക്കും, ആയുധ മൽസരത്തിലേക്കും അതുവഴി യുദ്ധത്തിലേക്കും നയിക്കുന്നു. സാമ്രാജ്യത്വം ഉയർത്തുന്ന ആധുനിക യുദ്ധത്തിന് മൂന്ന് ലക്ഷ്യങ്ങളുണ്ട് – 1. ആയുധശേഖരം ചിലവഴിക്കുക, 2. അത്യാധുനിക ആയുധങ്ങൾ കൈവശമുണ്ടെന്ന് പ്രദർശിപ്പിക്കുക, 3. ഒരു വിദേശരാജ്യത്തെ ഭീഷണിപ്പെടുത്തി അടിയറവ് പറയിക്കുക. അതിനാൽ, മിക്കപ്പോഴും, സാമ്രാജ്യത്വം പ്രാദേശികമായോ ഭാഗികമായോ, ഇടതടവില്ലാതെ യുദ്ധങ്ങൾ സൃഷ്ടിക്കുന്നു. സിറിയക്ക് പിന്നാലെ, ഇപ്പോൾ യുക്രെനും പലസ്തീനും യെമനും ഇത് നേരിടുന്നു. ഇറാൻ-ഇസ്രയേൽ സംഘർഷം ഒരു നിഴൽ യുദ്ധം അല്ലെങ്കിൽ മറ്റുള്ളവർക്കു വേണ്ടിയുള്ള യുദ്ധം കൂടിയാണ്.

എന്നാൽ അത്യാഹിതം സംഭവിക്കുന്നത് നിരപരാധികളായ സാധാരണക്കാർക്കാണ്. ആക്രമണം നടത്തിയ രാജ്യങ്ങളിലെയും ആക്രമിക്കപ്പെട്ട രാജ്യങ്ങളിലെയും സാധാരണക്കാർ പ്രതിഷേധമില്ലാതെ ഇത് സഹിക്കണോ? തീർച്ചയായും ഇല്ല. സാമ്രാജ്യത്വ പാളയങ്ങളുടെ ഈ യുദ്ധതന്ത്രത്തെ പരാജയപ്പെടുത്താൻ ശരിയായ വിപ്ലവ നേതൃത്വത്തിന് കീഴിൽ അവർ ഉയർന്നുവരുകയും, അണികൾ ഒറ്റക്കെട്ടായി, സംഘടിത ശക്തിയായി സാമ്രാജ്യത്വ വിരുദ്ധ പ്രസ്ഥാനത്തെ മുന്നോട്ട് നയിക്കുകയും ചെയ്യണം. ■

# ദുരാരോപണങ്ങളെയും അസംബന്ധങ്ങളെയും കേന്ദ്രീകരിച്ചുള്ള ബിജെപിയുടെ തിരഞ്ഞെടുപ്പ് പ്രചാരണം

**യുക്തി നഷ്ടപ്പെടുമ്പോൾ മറ്റുവഴികൾ തേടുന്നു, എന്ന ചൊല്ല് അന്വർത്ഥമാക്കുന്നതായിരുന്നു 2024ലെ പാർലമെന്റ് തിരഞ്ഞെടുപ്പിൽ ബൂർഷ്വാ, പെറ്റിബൂർഷ്വാ പാർട്ടികൾ അവലംബിച്ച പ്രചാരണ തന്ത്രങ്ങൾ. കാതലായ രാഷ്ട്രീയ വിഷയങ്ങൾ ഭരണപക്ഷവും പ്രതിപക്ഷവും ഒരുപോലെ മൂടിവയ്ക്കുന്നു. പകരം പരസ്പരം ചെളിവാരിയെറിയുന്നതിലും വ്യക്തിഹത്യയിലും അവമതിക്കലിലും ചീത്തവിളിക്കുന്നതിലും ആരോപണങ്ങൾ ഉന്നയിക്കുന്നതിലുമാണ് എല്ലാവരും മുഴുകിയിരിക്കുന്നത്. ഒപ്പം തികഞ്ഞ അസംബന്ധങ്ങളും വളച്ചൊടിച്ച വസ്തുതകളുമൊക്കെ വിളിച്ചുപറയുന്നു.**

പ്രധാനമന്ത്രി നരേന്ദ്രമോദിയും മന്ത്രിമാരും കൂട്ടാളികളുമാണ് ഇക്കാര്യത്തിൽ മുന്നിലെങ്കിലും തൃണമൂൽകോൺഗ്രസ് നേതാവ് മമത ബാനർജിയെപ്പോലുള്ളവരും ഒട്ടും മോശമല്ല. ചുട്ടമറുപടി നൽകുന്ന രാഷ്ട്രീയമാണ് പയറ്റുന്നത് എന്നാണ് എല്ലാവരുടെയും അവകാശവാദം. എന്നാൽ ഇങ്ങനെ കണക്കുതീർക്കാനുള്ള വേദിയാണോ തിരഞ്ഞെടുപ്പ് പ്രചാരണരംഗം. അതോ, ഓരോ പാർട്ടിയും അവരുടെ രാഷ്ട്രീയലൈൻ ജനങ്ങൾക്കുമുമ്പാകെ അവതരിപ്പിക്കുകയും ജനങ്ങൾ യുക്തിപൂർവം അവ പരിശോധിച്ച് നല്ല രാഷ്ട്രീയ ധാരണയോടെ വോട്ടവകാശം വിനിയോഗിക്കുകയുമാണോ വേണ്ടത്. രാഷ്ട്രീയപാർട്ടികളുടെ പാപ്പരത്തമാണിവിടെ പ്രകടമാകുന്നത്. അതുകൊണ്ടാണവർ അപവാദപ്രചാരണങ്ങളിൽ മുഴുകുകയും യാതൊരു ഉളുപ്പുമില്ലാതെ കള്ളം പറയുകയുമൊക്കെ ചെയ്യുന്നത്. ഇതിന്റെ ഫലമോ, തിരഞ്ഞെടുപ്പ് വെറുമൊരു കസർത്തായി മാറുകയും പാർലമെന്ററി വ്യവസ്ഥയുടെ ജീർണത മുഴുവൻ പ്രകടമാകുകയും ചെയ്യുന്നു.

## വ്യക്തിപരമായ ആക്രമണങ്ങൾ

2019ൽ ബിജെപി നേതാക്കൾ രാഹുൽ ഗാന്ധിയെ കൊച്ചുപയ്യൻ എന്നർത്ഥം വരുന്ന 'പപ്പു' എന്നാണ് വിളിച്ചിരുന്നത്. രാഹുൽ ഗാന്ധി തിരിച്ച് നരേന്ദ്രമോദിയെ കാവൽക്കാരൻ കള്ളനാണ് എന്നർത്ഥം വരുന്ന 'ചൗക്കിദാർ ചോർ ഹെ' എന്ന് വിശേഷിപ്പിച്ചു. ഇപ്രാവശ്യം നരേന്ദ്രമോദി രാഹുൽ ഗാന്ധിയെ രാജകുമാരൻ എന്ന് വിളിച്ചു. അദ്ദേഹം പ്രധാനമന്ത്രിയാകണം എന്നാണ് പാകിസ്ഥാൻ ആഗ്രഹിക്കുന്നത് എന്ന് പ്രചരിപ്പിച്ചു. രാഹുൽ ഗാന്ധി നരേന്ദ്രമോദിയെകള്ളനായുംഒരുദുർനിമിത്തമായുമൊക്കെ വിശേഷിപ്പിച്ചുകൊണ്ടിരുന്നു. മൂന്നാമതും ബിജെപി അധികാരത്തിലെത്തിയാൽ രാജ്യത്തെ അവർ ചുട്ടുചാമ്പലാക്കും എന്ന രാഹുൽ ഗാന്ധിയുടെ പരാമർശം ജനാധിപത്യത്തിന് നിരക്കുന്ന ഭാഷയാണോ എന്ന ചോദ്യമാണ് മോദി ഉയർത്തിയത്. എന്നാൽ പ്രതിപക്ഷം അധികാരത്തിലെത്തിയാൽ സ്വർണവും സമ്പത്തുമെല്ലാം പിടിച്ചെടുത്ത് കൂടുതൽ സന്താനങ്ങളുള്ളവർക്ക് വിതരണം ചെയ്യും(മുസ്ലീങ്ങൾക്ക്) എന്ന മോദിയുടെ പ്രചാരണം ജനാധിപത്യത്തിന് നിരക്കാത്തതും അടിസ്ഥാന രഹിതവുമാണെന്ന വസ്തുത അദ്ദേഹം പരിശോധിക്കുന്നില്ല. ഇ-ഗെയിമിംഗ് രംഗം നേരിടുന്ന വെല്ലുവിളികളെയും അതിന്റെ ഭാവിയെയും സംബന്ധിച്ച് ആരംഗത്തെ പ്രമുഖർ പ്രധാനമന്ത്രിയുമായി ആശയവിനിമയം നടത്തവെ പുതുമുഖം എന്നർത്ഥംവരുന്ന നൂബ് എന്ന പദം പരാമർശിക്കപ്പെട്ടു. അപ്പോൾ പ്രധാനമന്ത്രി ചിരിച്ചുകൊണ്ട് പറഞ്ഞു, രാഷ്ട്രീയരംഗത്ത് ഞാൻ ഈ വാക്ക് പറഞ്ഞാൽ ആരെയാണ് ഉദ്ദേശിക്കുന്നതെന്ന് ജനങ്ങൾക്ക് മനസ്സിലാകും. സോഷ്യൽ മീഡിയയിൽ ഇത് വലിയ ചർച്ചയായി. ബിജെപി നേതാക്കൾ ഈ സാഹചര്യം പ്രതിപക്ഷത്തെ ആക്ഷേപിക്കാനുള്ള അവസരമാക്കി. രാഷ്ട്രീരംഗത്തെ ഏറ്റവും വലിയ നൂബ് അഥവാ മന്ദൻ ആരാണെന്ന് എല്ലാവർക്കുമറിയാം എന്നായിരുന്നു ബിജെപി ദേശീയ ജനറൽ സെക്രട്ടറിയുടെ കമന്റ്. ഇന്ത്യ മുന്നണിയിലെ പലരാജകുമാരന്മാർക്കും രാജകുമാരിമാർക്കും രാജ്യത്തെക്കുറിച്ചോ അതിന്റെ യാഥാർത്ഥ്യങ്ങളെക്കുറിച്ചോ ഒന്നുമറിയില്ല. ഇക്കൂട്ടർ ഫൈവ് സ്റ്റാർ, സെവൻ സ്റ്റാർ വിദ്യാഭ്യാസം നേടി അത്തരമൊരു സംസ്കാരത്തിൽ വളർന്ന് ഹെലികോപ്റ്ററിൽ വന്നിറങ്ങുകയാണ്. പ്രതിപക്ഷ നിരയിൽ ഒരുപാട് മന്ദബുദ്ധികളുണ്ട്. എന്നാൽ ഏറ്റവും വലിയ മന്ദൻ ആരാണെന്ന് നിങ്ങൾക്കറിയാം, എന്നൊക്കെയായിരുന്നു ഇയാളുടെ വാചകമടി.

## ബിജെപി നടത്തിയ വമ്പൻ അഴിമതികൾ

രാഷ്ട്രീയ വിമർശനങ്ങളിൽ പാലിക്കേണ്ട എല്ലാ മര്യാദകളും കാറ്റിൽ പറത്തിയുള്ളതായിരുന്നു പശ്ചിമ ബംഗാളിൽ ബിജെപി-ടിഎംസി വാക് പോര്. സ്കൂൾ ടീച്ചർ നിയമനവുമായി ബന്ധപ്പെട്ട അഴിമതി ഉയർത്തിക്കാണിച്ച് തൃണമൂൽ വിരുദ്ധ വികാരം പടർത്താൻ ബിജെപി കൊണ്ടുപിടിച്ച് ശ്രമിച്ചു. ഈ അഴിമതി തൃണമൂൽ കോൺഗ്രസിന് വലിയ കളങ്കമാണെന്നതിൽ സംശയമില്ല. എന്നാൽ മറ്റുള്ളവരുടെ കുറ്റകൃത്യങ്ങളെ വിമർശിക്കാൻ യോഗ്യതയുള്ള ആരുണ്ട്. അതേ തെറ്റുപറ്റുന്നവർക്ക് എന്തായാലും യോഗ്യതയില്ല. അധ്യാപക നിയമനരംഗത്ത് 69,000 പേരുടെ നിയമനക്കാര്യത്തിൽ നടന്ന അഴിമതിയിൽ നീതിക്കുവേണ്ടി പൊരുതുകയാണ് ബിജെപി ഭരിക്കുന്ന യുപിയിൽ യുവാക്കൾ. പോലീസിൽ ഉൾപ്പെടെ ഒഴിഞ്ഞു കിടക്കുന്ന 6ലക്ഷം തസ്തികകളുമായി ബന്ധപ്പെട്ട വിഷയമാണിത്. നിയമാനുസൃതമുള്ള നിയമനങ്ങൾക്കായി വർഷങ്ങളായി യുവാക്കൾ ശബ്ദമുയർത്തുന്നുണ്ടെങ്കിലും ഗവൺമെന്റ് അതൊന്നും ചെവിക്കൊള്ളുന്നില്ല. ചോദ്യപേപ്പർ ചോർച്ച ആരോപിക്കപ്പെട്ടതിനെത്തുടർന്ന് കഴിഞ്ഞ ഫെബ്രുവരി 17,18 തീയതികളിൽ നടന്ന പോലീസ് കോൺസ്റ്റബിൾ പരീക്ഷ ഫെബ്രുവരി 24ന് ഉത്തരപ്രദേശ് ഗവൺമെന്റ് റദ്ദാക്കി, 2019ലെ യുപി നിയമസഭാ തിരഞ്ഞെടുപ്പിന് തൊട്ടുമുമ്പാണ് 69000 അസിസ്റ്റന്റ് ടീച്ചർമാരെ നിയമിക്കാൻ യുപിയിലെ ബിജെപി ഗവണ്മെന്റ് തീരുമാനിച്ചത്. ഇതിൽ 18500 സീറ്റ് എസ്‌സി, എസ്ടി, ഒബിസി സംവരണമായിരുന്നു. എന്നാൽ വെറും 2637 പേർക്കുമാത്രമാണ് ഈ വിഭാഗത്തിൽ ജോലി കിട്ടിയത്. നിയമനത്തിൽ ക്രമക്കേട് നടന്നതായി 2023 മാർച്ചിൽ അലഹബാദ് ഹൈക്കോടതി കണ്ടെത്തി. എന്നാൽ ഇതുവരെ ആരും പ്രതിചേർക്കപ്പെടുകയോ ശിക്ഷിക്കപ്പെടുകയോ ചെയ്തിട്ടില്ല.

വ്യാവസായിക് പരീക്ഷമണ്ഡൽ അഥവാ വ്യാപം അഴിമതി നടന്നത് 2013ൽ മധ്യപ്രദേശിൽ ബിജെപി ഭരിക്കുമ്പോഴാണ്. ഞെട്ടിപ്പിക്കുന്ന ഈ കുംഭകോണം സ്വതന്ത്ര ഇന്ത്യയിലെ ഏറ്റവും വലിയ അഴിമതിയായിരുന്നു. സർക്കാർ തസ്തികകളിലേയ്ക്കും എൻജിനീയറിംഗ്, മെഡിക്കൽ പ്രവേശനത്തിനുമൊക്കെയുള്ള പരീക്ഷകൾ നടത്തുന്നത് ഈ സംവിധാനമാണ്. ആൾമാറാട്ടം, വ്യാജ അഡ്മിറ്റ് കാർഡ്, വ്യാജ മാർക്ക് ലിസ്റ്റ്, നിയമന അറിയിപ്പിലെ തിരിമറി, പണം നൽകുന്നവർക്ക് അഡീഷണൽ ഉത്തരക്കടലാസ് പ്രിന്റ് ചെയ്ത് നൽകൽ, അത് വീട്ടിൽവച്ച് എഴുതാനുള്ള അവസരം തുടങ്ങിയ കാര്യങ്ങളൊക്കെ വ്യാപം അഴിമതിയുമായി ബന്ധപ്പെട്ട് പുറത്തുവന്നു. അപൂർവമായിലഭിക്കുന്നസർക്കാർജോലിയും പ്രൊഫഷണൽ വിദ്യാഭ്യാസ അവസരവുമൊക്കെ പണം കൊടുത്ത് തരപ്പെടുത്തുന്നു എന്നർത്ഥം. രാഷ്ട്രീയക്കാരും മന്ത്രിമാരും ഉദ്യോഗസ്ഥരും മാഫിയകളുമൊക്കെ ഉൾപ്പെട്ട സംഘമാണ് ഇതിനുപിന്നിൽ പ്രവർത്തിക്കുന്നത്. തുടക്കത്തിൽ 2000 കോടി എന്നാണ് കണക്കാക്കിയിരുന്നതെങ്കിലും 36,000 കോടിയുടെ അഴിമതിയാണ് നടന്നത് എന്ന് പിന്നീട് വെളിപ്പെട്ടു. ഒരു ബിജെപി മന്ത്രിയുടെ പഴ്സണൽ സെക്രട്ടറി 85ലക്ഷം വാങ്ങിയതായി സമ്മതിച്ചു. എന്നാൽ പിന്നീട് നടന്നത് ഏറെ ഹൃദയഭേദകമായിരുന്നു. ഈ അഴിമതിയിൽ പങ്കാളികളോ സാക്ഷികളോ ആയ 50 പേരാണ് ദുരൂഹസാഹചര്യത്തിൽ മരിച്ചതായി കണ്ടെത്തിയത്. ഈ കൊടുംഅഴിമതി വെളിച്ചത്തുകൊണ്ടുവന്നവരെ നിശബ്ദരാക്കാനും തെളിവുകൾ ഇല്ലാതാക്കി കേസുതന്നെ തേച്ചുമാച്ച് കളയാനുമായി ഈ ആസൂത്രണങ്ങൾക്ക് ചുക്കാൻപിടിച്ചവർ നടത്തിയ കടിലമായ ശ്രമമാണിത് കാണിക്കുന്നത്. അങ്ങനെ, അധികാരസ്ഥാനങ്ങളിലിരിക്കുന്നവരും നിശബ്ദ കൊലപാതകങ്ങൾ നടത്തിയെടുക്കാൻ ശേഷിയുള്ള വിദഗ്ധരായ കൊലയാളികളടങ്ങുന്ന മാഫിയാ സംഘങ്ങളുമായുള്ള ഞെട്ടിപ്പിക്കുന്ന ബാന്ധവം പുറത്തുവരുന്നു. എന്നാൽ ബിജെപിയുടെ ആഭ്യന്തരമന്ത്രി അമിത് ഷാ വ്യാപം ഒരു പ്രധാന വിഷയമേയല്ല എന്നുപറഞ്ഞ് ചോദ്യങ്ങളിൽനിന്ന് ഒഴിഞ്ഞുമാറി. ബിജെപിയുടെമുഖ്യമന്ത്രിയുൾപ്പെടെസംസ്ഥാന-കേന്ദ്ര നേതാക്കളുടെ പങ്ക് വ്യാപം അഴിമതിയിൽ നിന്ന് ആർക്കും മായ്ച്ചുകളയാനാകില്ല.

അവസാന 10-12 വർഷങ്ങൾക്കുള്ളിൽ ബിജെപി-ആർഎസ്എസ് സംഘം ഉൾപ്പെട്ട അഴിമതിയുടെ നീണ്ട നിരയാണ് രാജ്യം കണ്ടത്. അന്തരിച്ച കേന്ദ്ര വിദേശകാര്യമന്ത്രി സുഷമ സ്വരാജ് തന്റെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തുകൊണ്ട് ബ്രിട്ടീഷ് ഗവൺമെന്റുമായി ബന്ധപ്പെട്ട്, കള്ളപ്പണക്കേസിൽ ആരോപണ വിധേയനായ ലളിത് മോദിക്ക് ഇന്ത്യവിടാനാവശ്യമായ യാത്രാരേഖകൾ നിയമവിരുദ്ധമായിതരപ്പെടുത്തിക്കൊടുത്തു. ഇഡിഇയാളെ കസ്റ്റഡിയിലെടുക്കാനായി നീക്കങ്ങൾ ത്വരിതപ്പെടുത്തിക്കൊണ്ടിരിക്കുമ്പോളായിരുന്നു ഇത്. ബിജെപിയുടെ രാജസ്ഥാൻ മുഖ്യമന്ത്രിയായിരുന്ന വസുന്ധര രാജെയാണ് ലളിത് മോദിയുടെ ഇമിഗ്രേഷൻ ആപ്ലിക്കേഷന് സാക്ഷിയായി നിന്നതെന്ന വാർത്തയും അധികം വൈകാതെ പുറത്തുവന്നു. ഇരുവരും തമ്മിലുണ്ടായിരുന്ന അധാർമികമായ സാമ്പത്തിക ഇടപാടുകളെക്കുറിച്ചും പത്രങ്ങൾ റിപ്പോർട്ടുചെയ്തു. ബിജെപിയെ കൂടുതൽ നാണക്കേടിലാഴ്ത്തിക്കൊണ്ട് മാനവവിഭവശേഷി മന്ത്രി സ്മൃതി ഇറാനി തന്റെ വിദ്യാഭ്യാസ യോഗ്യതയെപ്പറ്റി 2004, 2011, 2014 വർഷങ്ങളിലെ തിരഞ്ഞെടുപ്പുകളിൽ വൈരുദ്ധ്യം നിറഞ്ഞ സത്യവാങ്മൂലങ്ങൾ സമർപ്പിച്ചതിനെ ഡൽഹി കോടതി ചോദ്യംചെയ്തു. പിന്നീട് മഹാരാഷ്ട്രയിൽ നിന്ന് മുണ്ടെ-താവ്ഡെ കേസ് വെളിയിൽ വന്നു. വനിത-ശിശു വികസന വകുപ്പ് മന്ത്രി പങ്കജ മുണ്ടെയും വിദ്യാഭ്യാസ മന്ത്രിയായിരുന്ന വിനോദ് താവ്ഡെയും വിവിധ ഉല്പന്നങ്ങൾ വാങ്ങിയ വഴിയിൽ നൂറുകണക്കിന് കോടിരൂപയുടെ വെട്ടിപ്പ് നടത്തിയതായിരുന്നു അത്. ഛത്തിസ്ഗഢ് മുൻ മുഖ്യമന്ത്രി രമൺ സിംഗും ഭാര്യയും, ഭാര്യാ സഹോദരിയുമുൾപ്പെട്ട 36,000 കോടിയുടെ അഴിമതിയും ദേശീയ ശ്രദ്ധയാകർഷിച്ചു. പൊതുവിതരണ സമ്പ്രദായത്തിലൂടെ അരിവിതരണം ചെയ്യാനുണ്ടാക്കിയ പദ്ധതിയിൽ തിരിമറി നടത്തിയായിരുന്നു ഇത്. ഏറെ വിവാദമായ ഇലക്ടറൽ ബോണ്ട് അഴിമതിയെക്കുറിച്ചോ സുതാര്യമല്ലാത്ത പിഎം കെയർ ഫണ്ടിനെക്കുറിച്ചോ മതിയായ ഉത്തരങ്ങളൊന്നും ബിജെപി ഇതുവരെ നൽകിയിട്ടില്ല. ഇങ്ങനെ അഴിമതിയുടെ കറപുരണ്ടുനിൽക്കുന്ന ഇവർക്ക് മറ്റുള്ളവരുടെ നേർക്ക് കൈചൂണ്ടാനുള്ള എന്ത് ധാർമ്മികതയാണുള്ളത് ?

## സത്യം മറച്ചുപിടിക്കുന്ന ബിജെപി നേതൃത്വം

സ്വന്തം കാപട്യങ്ങൾ മറയ്ക്കാനായി, ഒരു ആത്മപരിശോധനയ്ക്കും തയ്യാറാകാതെ ബിജെപി നേതൃത്വം തങ്ങളുടെ തോക്ക് മറ്റുള്ളവർക്കുനേരെ തിരിക്കുകയാണ്. പ്രധാനമന്ത്രി മോദി പശ്ചിമബംഗാൾ മുഖ്യമന്ത്രിയുടെ നേർക്ക് ചൊരിഞ്ഞ ആക്ഷേപം, ടിഎംസിയുടെ പൂർണ്ണരൂപം 'തു, മെയ്ൻ ഓർ കറപ്ഷൻ'(നീയും ഞാനും അഴിമതിയും, സിനിമാ പേര് പരിഷ്കരിച്ചത്) എന്നാണ് എന്നായിരുന്നു. മമത ബാനർജി മോദി ഒരു കള്ളനും കൊള്ളക്കാരനുമാണെന്ന് തിരിച്ചടിച്ചു. ഏറ്റവും അസ്വസ്ഥതപ്പെടുത്തുന്ന കാര്യമെന്തെന്നാൽ മുഖ്യധാരാ മാധ്യമങ്ങൾ ഇതിന് വ്യാപക പ്രചാരം നൽകുന്നു എന്നാതാണ്. ഇത് സാധാരണക്കാരിൽ ഇലക്ഷൻ പ്രചാരണത്തിലെ ജനാധിപത്യ വ്യവഹാരം ഇത്രയും തരം താണതാകാമെന്ന തെറ്റിദ്ധാരണ ഉണ്ടാക്കുന്നു. കഴിഞ്ഞ ദിവസം ബംഗാളിൽ പ്രചാരണത്തിനെത്തിയ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ പറഞ്ഞത്, "നിങ്ങൾ ബിജെപിക്ക് വോട്ട് ചെയ്താൽ മമതാ ബാനർജിയുടെ ഗുണ്ടകളെ തലകീഴായി കെട്ടിത്തൂക്കി ശരിപ്പെടുത്തും" എന്നാണ്. കാവിവസ്ത്രധാരിയായ യുപി മുഖ്യമന്ത്രി യോഗി ആദിത്യനാഥും പിന്നീട് ഇതുതന്നെ ആവർത്തിച്ചു. ബംഗാളിലെ ബെഹ്റംപൂരിൽ നടന്ന യോഗത്തിൽ തൃണമൂൽ ഗവൺമെന്റിനെ വിമർശിക്കവെ രാമനവമിക്കിടെയുണ്ടായ സംഘർഷത്തിന് കാരണമായവരെ തലകീഴായി കെട്ടിത്തൂക്കും എന്നും ഏഴു തലമുറകൾ അതിൽനിന്ന് പാഠം പടിക്കുമെന്നുമായിരുന്നു ആക്രോശം. എന്നാൽ ഈ നേതാക്കൾക്ക് ബിൽക്കിസ് ബാനു കേസിലെയോ ഉന്നാവോ, ഹത്റാസ്, ആഗ്ര

(ശേഷം 11-ാം പേജിൽ)

# ഗാസയുടെമേലുള്ള ഇസ്രയേൽ ആക്രമണത്തിന് അറുതി വരുത്തുവാൻ മനുഷ്യസ്നേഹികൾ ഒരുമിക്കുക

**2023** ഒക്ടോബറിൽ ആരംഭിച്ച ഗാസ ആക്രമണം ഏഴ് മാസം പിന്നിട്ടിരിക്കുന്നു. എല്ലാ യുദ്ധ മര്യാദകളും കാറ്റിൽ പറത്തി ഏകപക്ഷീയമായി ഇസ്രയേൽ നടത്തുന്ന ആക്രമണത്തിന് അമേരിക്കയടക്കമുള്ള സാമ്രാജ്യത്വ ലോകത്തിന്റെ അകമഴിഞ്ഞ പിന്തുണയുണ്ട്. ആയുധങ്ങൾ നൽകി സഹായിക്കുകയും ഐക്യരാഷ്ട്ര സഭയിൽ സംരക്ഷണമൊരുക്കുകയും നയതന്ത്ര നീക്കങ്ങളിലൂടെ പിന്തുണ ഉറപ്പാക്കുകയും ചെയ്തുകൊണ്ടാണ് അമേരിക്കൻ സാമ്രാജ്യത്വം ഇസ്രയേലിന് കരുത്ത് പകരുന്നത്.

42,000ത്തിലേറെ പലസ്തീനികളെ കൊന്നൊടുക്കുകയും 30,000ത്തോളംപേരെ ഗുരുതരമായി പരുക്കേൽപ്പിക്കുകയും ചെയ്ത ഈ പൈശാചിക യുദ്ധം ആർക്കുവേണ്ടിയാണ്? എന്തെങ്കിലും നന്മ ലക്ഷ്യം വച്ചുള്ളതാണോ? ഹമാസിനെ തകർക്കുകയും ഗാസയുടെ നിയന്ത്രണം കൈക്കലാക്കുകയുമെന്ന ഹീന ലക്ഷ്യം മുൻനിർത്തിയാണ് ഇസ്രയേൽ ഈ കൊടുംക്രൂരതകൾക്ക് നേതൃത്വം നൽകുന്നത്. ആശുപത്രി, ഭക്ഷണ വിതരണ കേന്ദ്രങ്ങൾ തുടങ്ങിയവയ്ക്കുമേലുള്ള ക്രൂരമായ ബോംബാക്രമണം രണ്ടും കൽപ്പിച്ചുള്ള ഇസ്രയേലിന്റെ ചെയ്തികൾ വെളിവാക്കുന്നതാണ്. ഇപ്പോഴിതാ കരയുദ്ധവും ആരംഭിച്ചിരിക്കുന്നു. സാമ്രാജ്യത്വ ലോകമാകെ ഈ കൊടും ക്രൂരതകൾക്ക് നിസ്സംഗരായി സാക്ഷ്യം വഹിക്കുകയാണ്. ലോകമെമ്പാടുമുള്ള യുദ്ധവിരുദ്ധരും സമാധാനപ്രിയരും മനുഷ്യസ്നേഹികളും ഈ യുദ്ധത്തെ അപലപിക്കുന്നുണ്ട്. ലാറ്റിനമേരിക്കൻരാജ്യങ്ങൾപലതുംയുദ്ധത്തിനെതിരെ ശക്തമായ നിലപാടെടുത്തു. ലോകത്ത് പല രാജ്യങ്ങളിലും യുദ്ധവിരുദ്ധ പ്രകടനങ്ങളും പ്രതിഷേധങ്ങളും ഉയർന്നുവരുന്നുണ്ട്. വിയറ്റ്നാം യുദ്ധവേളയെ അനുസ്മരിപ്പിക്കും വിധമാണ് അമേരിക്കയിൽ ശക്തമായ വിദ്യാർത്ഥി പ്രതിഷേധം ഉയർന്നു വരുന്നത്. ഫ്രാൻസിലും മറ്റു പല രാജ്യങ്ങളിലും സമാനമായ പ്രതിഷേധം പ്രകടമാകുന്നുണ്ട്. എന്നാൽ ഈ ജനവികാരത്തെ തെല്ലും മാനിക്കാൻ ഇസ്രയേൽ – അമേരിക്ക അച്ചുതണ്ട് തയ്യാറാകുന്നില്ല.

യുദ്ധം വ്യക്തികളുടെയോ രാഷ്ട്രങ്ങളുടെയോ പകപോക്കലോ കണക്കുതീർക്കലോ ആയി മാത്രം കണ്ടാൽ ആധുനിക യുദ്ധങ്ങളുടെ ഉള്ളടക്കം ഗ്രഹിക്കുന്നതിൽ നാം പരാജയപ്പെടും. കമ്പോളമില്ലായ്മ എന്ന പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണിന്ന് മുതലാളിത്ത ലോകം. പരമാവധി ലാഭത്തിനു വേണ്ടി ജനക്ഷേമം പാടെ വെടിഞ്ഞു നടത്തുന്ന ഉല്പാദനം ജനങ്ങളെ പാപ്പരാക്കുന്നതാണ് കമ്പോളമില്ലായ്മയിലേക്ക് നയിക്കുന്നത്. കൃതിമ കമ്പോളം സൃഷ്ടിക്കാനായി ഇവർ യുദ്ധ സാമഗ്രികൾ ഉല്പാദിപ്പിക്കുകയും ഗവൺമെന്റുകൾ ജനങ്ങളുടെ നികുതിപ്പണം വാരിക്കോരി നൽകി അവ വാങ്ങിക്കൂട്ടുകയും ചെയ്യുന്നു. പ്രാദേശിക യുദ്ധങ്ങളും അസ്വസ്ഥതകളും സൃഷ്ടിച്ചും അധിനിവേശങ്ങൾ നടത്തിയും അയൽ രാജ്യങ്ങളെ ശത്രുക്കളും പാരമ്പര്യവൈരികളുമൊക്കെയായി ചിത്രീകരിച്ചും മുതലാളിത്ത ഭരണകൂടങ്ങൾ യുദ്ധങ്ങൾക്കും പെരുകുന്ന യുദ്ധ ബജറ്റുകൾക്കും ന്യായീകരണം ചമയ്ക്കുന്നു. ജനാധിപത്യാന്തരീക്ഷം തകർത്തും മനുഷ്യാവകാശങ്ങൾ ഹനിച്ചും അങ്ങനെ യുദ്ധങ്ങൾ അരങ്ങു തകർക്കുന്നു.

റഷ്യ-യുക്രൈൻ യുദ്ധം വർഷങ്ങൾ തുടരുന്ന ഒന്നായി മാറുന്നു. ഗാസ യുദ്ധവും ഉടനെങ്ങും അവസാനിക്കണമെന്നില്ല. യുദ്ധം തകർത്തെറിയുന്ന നഗരങ്ങളുടെ പുനർനിർമ്മാണമെന്ന പുതിയ കമ്പോളസാധ്യതയും ഇവിടെ ഉയർന്നു വരുന്നുണ്ട്. മുതലാളിത്തത്തിന്റെ കമ്പോള താല്പര്യത്തിന് ഇണങ്ങുന്നത് കൊണ്ടുതന്നെ മുതലാളിത്ത രാഷ്ട്രങ്ങളൊന്നും ഇന്ന് യുദ്ധവിരുദ്ധ നിലപാടെടുക്കുകയോ അതിക്രൂരമായ മനുഷ്യാവകാശ ലംഘനങ്ങൾക്കെതിരെ പ്രതികരിക്കുകയോ ചെയ്യുന്നില്ല. ഗുരുതരമായ ഈ സ്ഥിതിവിശേഷം സമാധാനപ്രേമികളോടും മനുഷ്യ സ്നേഹികളോടും ആവശ്യപ്പെടുന്നത് ശക്തമായ യുദ്ധവിരുദ്ധ പ്രസ്ഥാനം ലോക വ്യാപകമായി കെട്ടിപ്പടുക്കാനാണ്. രാഷ്ട്രീയമായി അത് അനിവാര്യമായും സാമ്രാജത്വ വിരുദ്ധ പ്രസ്ഥാനമായി മാറും എന്ന യാഥാർത്ഥ്യവും നാം ഉൾക്കൊള്ളണം. ഇന്ത്യയടക്കമുള്ള രാജ്യങ്ങൾ യുക്രൈൻ, ഗാസ യുദ്ധങ്ങൾക്ക് പ്രത്യക്ഷവും പരോക്ഷവുമായ പിന്തുണ നൽകുമ്പോഴും വിവിധ രാജ്യങ്ങളിൽ വളർന്നു വരുന്ന യുദ്ധവിരുദ്ധ പ്രസ്ഥാനങ്ങൾ നമുക്ക് പ്രതീക്ഷ നൽകുന്നുണ്ട്. വിട്ടുവീഴ്ചയില്ലാത്തൊരു യുദ്ധവിരുദ്ധ-സമാധാന പ്രസ്ഥാനം പടുത്തുയർത്തുന്നതിനുള്ള എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ ആത്മാർത്ഥമായ പരിശ്രമങ്ങളെ പിന്തുണയ്ക്കണമെന്നും മെയ് 31ന് വൈകിട്ട് നാല് മണിക്ക് കോഴിക്കോട്മൊഫ്യൂസൽബസ്സ്റ്റാന്റിനുസമീപം നടക്കുന്ന 'പലസ്തീൻ ഐക്യദാർഢ്യ സംഗമം' വിജയിപ്പിക്കണമെന്നും ഏവരോടും അഭ്യർത്ഥിക്കുന്നു. ■

## ബിജെപിയുടെ തിരഞ്ഞെടുപ്പ് പ്രചാരണം...

*(10–ാം പേജിൽ നിന്ന്)*

കേസുകളിലെയോ കുറ്റവാളികളോട് തങ്ങൾ സ്വീകരിച്ച സമീപനമെന്തെന്ന് പുറത്ത് പറയുവാൻ സാധിക്കില്ല.

2020ൽ സിഎഎ–എൻആർസി വിരുദ്ധ സമരത്തിന്റെ വേളയിൽ, പ്രക്ഷോഭകാരികൾ ദേശദ്രോഹികളാണെന്നും അവരെ വെടിവെച്ചുകൊല്ലണമെന്നും പ്രസംഗിച്ച് മുസ്ലീം വിരുദ്ധ കലാപത്തിന് ആഹ്വാനം നൽകിയ കേന്ദ്രമന്ത്രി അനുരാഗ് ഠാക്കുറിനെതിരെ സ്വീകരിച്ച നടപടിയെന്താണ്? ഈ വിദ്വേഷ പ്രസംഗത്തിനെതിരെ എഫ്ഐആർ തയ്യാറാക്കാൻ പോലീസിനോട് പറഞ്ഞ ഡൽഹി ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് മുരളീധർ രായ്ക്കുരാമാനം സ്ഥലംമാറ്റപ്പെട്ടു. മോദി ഗവൺമെന്റിനെ വെള്ളപൂശാൻ ഇടയ്ക്കിടെ ചാനൽ ചർച്ചകളിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്ന ബിജെപി വക്താവ് നൂപുർ ശർമ്മ 2022 മേയ് അവസാനം ഒരു ഷോയിൽ പ്രവാചകൻ മുഹമ്മദ് നബിക്കെതിരെ വളരെ മോശമായ പരാമർശങ്ങൾ നടത്തി. ഇതിനെ അപലപിച്ചുകൊണ്ട് എല്ലാ കോണുകളിൽനിന്നും ശബ്ദങ്ങളുയർന്നു. പശ്ചിമേഷ്യയിലെ ഇസ്ലാമിക രാജ്യങ്ങൾ ഇന്ത്യാ ഗവൺമെന്റ് പരസ്യമായി മാപ്പുപറയണമെന്ന് ആവശ്യപ്പെട്ടു. ജൂൺ ഒന്നിന്, ബിജെപി ഡൽഹി മീഡിയ ചീഫായിരുന്ന നവീൻ കുമാർ ജിൻഡാൽ സമാനമായ പരാമർശങ്ങൾ ട്വിറ്ററിൽ കുറിച്ചത് കാര്യങ്ങൾ വഷളാക്കി. അന്താരാഷ്ട്ര ശ്രദ്ധ പിടിച്ചുപറ്റിയതോടെ വെട്ടിലായ ബിജെപിക്ക് മറുപടി പറയാതെ തരമില്ലെന്നായി. നൂപുർ ശർമ്മയുടെ പരാമർശത്തോട് വിയോജിക്കുകയും അവരെ പുറത്താക്കുകയും ചെയ്തു. പക്ഷെ രാജ്യത്തിന്റെ മങ്ങലേറ്റ പ്രതിച്ഛായ തിരിച്ചുപിടിക്കാൻ അതൊന്നും പര്യാപ്തമായിരുന്നില്ല.

## മുസ്ലീം വിരുദ്ധതയും വിദ്വേഷ പ്രചാരണവും ബിജെപിയുടെ ഇലക്ഷൻ പ്രചാരണത്തിന്റെ കാതൽ

അന്താരാഷ്ട്ര സമ്മർദ്ദത്തെത്തുടർന്ന് ബിജെപിക്ക് സ്വീകരിക്കേണ്ടിവന്ന നടപടികൾ അവരുടെ ഇരട്ടമുഖം വെളിവാക്കുന്നതായിരുന്നു. അവരുടെ മുസ്ലീം വിരുദ്ധത നൂപുർ ശർമയിലോ ജിൻഡാലിലോമാത്രം ഒതുങ്ങി നിൽക്കുന്നതായിരുന്നില്ല. പ്രധാനമന്ത്രിയുൾപ്പെടെ ബിജെപിയിലെയും കേന്ദ്രഗവണ്മെന്റിലെയും ഉന്നതർ ഈ ഇലക്ഷനിലുടനീളം ശിക്ഷാഭയമേതുമില്ലാതെ മുസ്ലീങ്ങൾക്കുനേരെ വിദ്വേഷപ്രചാരണം നടത്തി. ഉത്തർപ്രദേശിലെ അവസാന രണ്ട് അസംബ്ലി ഇലക്ഷനുകളിലും മുഖ്യമന്ത്രി യോഗി ആദിത്യനാഥിന്റെ പ്രധാന പ്രചാരണ വിഷയം മുസ്ലീം വിദ്വേഷമായിരുന്നു.

ഉത്തരപ്രദേശിലെ ദുമാരിയാഗഞ്ചിലെ എംഎൽഎയും ബിജെപി നേതാവുമായ രാഘവേന്ദ്രപ്രതാപ് സിംഗ് മുസ്ലീങ്ങളെ ഭീഷണിപ്പെടുത്തുകയും തനിക്ക് വോട്ടു ചെയ്യാത്ത ഹിന്ദുക്കൾ ചതിയന്മാരും വിശ്വസിക്കാൻ കൊള്ളാത്തവരും പാപികളാണെന്നും വോട്ടുചെയ്യുന്നില്ലെങ്കിൽ ഒന്നടങ്കം ഇല്ലാതെയാക്കിക്കളയുമെന്നുമൊക്കെ ആക്രോശിക്കുന്ന വീഡിയോ പുറത്തുവന്നിരുന്നു. ഇതേ വ്യക്തിതന്നെ 2022 ഫെബ്രുവരി 15ന് ഒരു ചാനലിൽ നടന്ന പാനൽ ചർച്ചയിൽ മുസ്ലീം നാമധാരിയായ സഹ പാനലിസ്റ്റിനെ മതപരമായ ആക്ഷേപങ്ങളും ശാപവാക്കുകളും ചൊരിഞ്ഞ് അവഹേളിക്കുന്നുണ്ട്. തെലങ്കാനയിലെ ബിജെപി എംഎൽഎ റ്റി.രാജസിംഗ് യോഗി ആദിത്യനാഥിനെതിരെ വോട്ടുചെയ്യുന്നവരെ വഞ്ചകരായി കരുതുമെന്നും ബുൾഡോസറുകൾ അവരെ നേരിടുമെന്നും പ്രസംഗിച്ചു. യുപിയിലെ ബിജെപി എംഎൽഎ നന്ദകിഷോർ ഗുജാർ മുൻ തിരഞ്ഞെടുപ്പിൽ അലി വേണ്ട, അതിമാനുഷനും വേണ്ട, ബജ്റംഗ് ബലി മാത്രം മതി എന്നായിരുന്നു എന്നായിരുന്നു പ്രചരിപ്പിച്ചു കൊണ്ടിരുന്നത്. ബക്രീദിൽ നിഷ്കളങ്കരായ മൃഗങ്ങൾക്കുപകരം കുഞ്ഞുങ്ങളെ ബലികൊടുക്കാനും അദ്ദേഹം ഉപദേശിച്ചു. കൊറോണയ്ക്ക് കാരണം പശു ഇറച്ചിയുടെ ഉപയോഗമാണെന്നും അയാൾ പ്രചരിപ്പിച്ചു. അടുത്തദിവസം പശ്ചിമബംഗാൾ നിയമസഭയിൽ ബിജെപി നേതാവ് സംസ്ഥാനത്തെ ഗുണ്ടകളോട് ബിജെപിയിൽ ചേരാൻ ആഹ്വാനം ചെയ്തു.

ബിജെപി നേതാക്കന്മാരുടെ വിഷം തുപ്പുന്ന പ്രചാരണങ്ങൾ എടുത്തുപറഞ്ഞാൽ തീരില്ല. എന്നിരിക്കിലും എത്രമേൽ വിഷലിപ്തമായ പ്രയോഗങ്ങളും പച്ചനുണകളുമാണ് തിരഞ്ഞെടുപ്പ് വേളയിൽ പ്രയോഗിച്ചുകൊണ്ടിരിക്കുന്നത് എന്ന് സൂചിപ്പിക്കാൻ വേണ്ടിയാണ് ഇത്രയും പറഞ്ഞത്. നരേന്ദ്രമോദി രാജ്യത്തിന്റെ മുക്കും മൂലയും വിടാതെ ഓടിനടന്ന് തിരഞ്ഞെടുപ്പ് യോഗങ്ങളിൽ പ്രസംഗിക്കുമ്പോഴും ജനങ്ങളുടെ ജീവിത പ്രശ്നങ്ങളോ പത്തുവർഷത്തെ സ്വന്തം ഭരണമോ ചർച്ചയ്ക്കെടുക്കാറില്ല എന്നത് നിരീക്ഷിച്ചാൽ വ്യക്തമാകും. ഒന്നുകിൽ ചർച്ച പൗരാണികകാലത്തെക്കുറിച്ചായിരിക്കും, അല്ലെങ്കിൽ മുഗൾ ഭരണത്തെക്കുറിച്ചോ കോൺഗ്രസ് ഭരണകാലത്തെക്കുറിച്ചോ ആയിരിക്കും, അതുമല്ലെങ്കിൽ വരാനിരിക്കുന്ന 2024നെയോ 2036നെയോ കുറിച്ചായിരിക്കും. ഭൂതകാലവും ഭാവികാലവും ചർച്ചചെയ്ത് മറ്റുള്ളവരെ വിമർശിക്കും. മുസ്ലീം വിരുദ്ധതയും വർഗ്ഗീയതയും പറഞ്ഞ് വോട്ടു ധ്രുവീകരണം നടത്തും. സ്വന്തം ഭരണത്തെക്കുറിച്ച് മൗനം പാലിക്കും. രാമക്ഷേത്രത്തെക്കുറിച്ചുള്ള പ്രചാരണത്തിലൂടെ ഹിന്ദുക്കളുടെയും സനാതന ധർമ്മത്തിന്റെയും സംരക്ഷകരും ഹിന്ദുക്കളുടെ മിശിഹയുമായി അവതരിക്കുകയാണ്.

## തിരഞ്ഞെടുപ്പിൽ ബിജെപി പരാജയപ്പെടുകതന്നെവേണം

ബിജെപിയുടെ മൂന്നാമൂഴമെന്നു പറഞ്ഞാൽ ജനജീവിതം കൂടുതൽ ദുസ്സഹമാകുക എന്നാണർത്ഥം. അഴിമതി സകല സീമകളും ലംഘിക്കും. ആർഎസ്എസ്-ബിജെപി-സംഘപരിവാർ ക്രിമിനലുകൾ ഭരണത്തണലിൽ അഴിഞ്ഞാടും. വിഘടന വിഭാഗീയ പ്രചാരണങ്ങളും പ്രവണതകളും മൂർച്ഛിക്കും, ജനാധിപത്യ അവകാശങ്ങൾ കൂടുതൽ കശാപ്പുചെയ്യപ്പെടും, പ്രതിഷേധ ശബ്ദങ്ങൾ ഞെരുക്കപ്പെടും, ഭ്രാതൃഹത്യകൾ വർദ്ധിക്കും, യുക്തിചിന്ത അന്ധമായ ആത്മീയ വിശ്വാസങ്ങൾക്ക് വഴിമാറും, രാജ്യം മധ്യകാലഘട്ടത്തിലെ ഇരുട്ടിലേയ്ക്ക് കൂപ്പുകുത്തും, എല്ലാത്തിലുമുപരി മനുഷ്യനെ മനുഷ്യനല്ലാതാക്കുംവിധം ഫാസിസ്റ്റ് പ്രവണതകൾ സമൂഹത്തിൽ പിടിമുറുക്കും. നേർബുദ്ധിയുള്ള, ജനാധിപത്യ വിശ്വാസികളായ ആർക്കും ഇത്തരമൊരു സാഹചര്യം അനുവദിക്കാനാകില്ല. ബിജെപിയുടെ തിരഞ്ഞെടുപ്പ് വാഗ്ദാനങ്ങളും ശുഭകരമായ സൂചനകളല്ല നൽകുന്നത്. വന്ദേഭാരതും പുതിയ പാലങ്ങളും ഹൈവേകളുമടങ്ങുന്ന കുത്തകകൾക്കായുള്ള വികസനപദ്ധതികൾ മാത്രമാണ് വാഗ്ദാനങ്ങൾ. ജനജീവിതത്തിലെ നീറുന്ന പ്രശ്നങ്ങൾ വിലക്കയറ്റം, തൊഴിലില്ലായ്മ, മതിയായ വിദ്യാഭ്യാസവും സൗജന്യചികിത്സ ഉൾപ്പെടെയുള്ള ആരോഗ്യപരിപാലനവും ജനങ്ങൾക്ക് ലഭ്യമല്ലാതാകുന്ന സാഹചര്യം, നികുതി ചാർജ്ജ് വർദ്ധനവുകൾ, കർഷകർക്ക് മിനിമം താങ്ങുവിലപോലും ലഭിക്കാത്ത സാഹചര്യം ഇതൊന്നും ബിജെപിയുടെ വിദൂര പരിഗണനയിൽപോലുമില്ല. അതുകൊണ്ട് പതിനെട്ടാമത് ലോക് സഭാ തിരഞ്ഞെടുപ്പിൽ ബിജെപിയുടെ പരാജയം ഉറപ്പുവരുത്തുക എന്നതാണ് ജനാധിപത്യ വിശ്വാസികളുടെ ഉത്തരവാദിത്തം. ■

REGISTERED.
R.N. 24773/1992

UNITY Malayalam Monthly

2024 May
Price: Rs. 10.00

## "നാടിൻ ശ്രേഷ്ഠ സന്താനങ്ങളാക നാം"

# 'പ്രചോദന' കുട്ടികളുടെ പ്രസ്ഥാനം കുട്ടികളുടെ ക്യാമ്പ് സംഘടിപ്പിച്ചു







ക്യാമ്പ് അംഗങ്ങൾ ഉദ്ഘാടന സമ്മേളനത്തിൽ. നാടക ശിൽപശാലയിൽ രൂപപ്പെടുത്തിയ നാടകം സമാപനസമ്മേളനത്തിൽ അവതരിപ്പിച്ചപ്പോൾ. ക്യാമ്പ് സംഘാടക സമിതി കൺവീനർ ജയ്സൺ ജോസഫ് സമാപന സന്ദേശം നൽകുന്നു.

'പ്രചോദന' കുട്ടികളുടെ പ്രസ്ഥാനം മധ്യവേനൽ അവധിക്ക് സംഘടിപ്പിച്ചുവരുന്ന കുട്ടികളുടെ സംസ്ഥാനതല ക്യാമ്പ് മെയ് 11,12,13 തീയതികളിൽ നടന്നു. 31-ാമത് ക്യാമ്പാണ് ആലപ്പുഴ ജ്യോതി നികേതൻ പബ്ലിക് സ്കൂളിൽ വെച്ച് നടന്നത്. വിവിധ ജില്ലകളിൽ നിന്നായി 150 ഓളം കുട്ടികൾ പങ്കെടുത്തു. ക്യാമ്പ്സംഘാടക സമിതിയംഗം എൻ.കെ.ബിജു ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ജ്യോതി നികേതൻ പബ്ലിക് സ്കൂൾ പ്രിൻസിപ്പൾ സെൻ കല്ലുപുര, മിനി കെ.ഫിലിപ്പ്, കെ.എം.ബീവി, എം.കെ. ഉഷ എന്നിവർ പ്രസംഗിച്ചു.

പരിണാമസിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ് ചാൾസ് ഡാർവിൻ, മഹാകവി കുമാരനാശാൻ, സുബ്രഹ്മണ്യ ഭാരതി, ലെനിൻ എന്നീ മഹാന്മാരെ ക്യാമ്പിൽ കുട്ടികൾക്ക് പരിചയപ്പെടുത്തി. സംഗീതം, നാടകം, ചിത്രരചന എന്നിവയിൽ ശിൽപശാലകളും സംഘടിപ്പിക്കപ്പെട്ടു. ജൂണിയർ, സീനിയർ എന്നിങ്ങനെ കുട്ടികളെ രണ്ടായി തിരിച്ചാണ് ക്ലാസ്സുകൾ നടന്നത്. ക്യാമ്പിന്റെ രണ്ടാം ദിവസം വേമ്പനാട്ട് കായലിലൂടെ നടത്തിയ ബോട്ട് യാത്ര ക്യാമ്പംഗങ്ങൾക്ക് പുതിയൊരു അനുഭവമായിരുന്നു. കുട്ടികളുടെ കൂട്ടായ വ്യായാമം, കളികൾ, കലാപരിപാടികൾ എന്നിവയും ക്യാമ്പിന് മിഴിവേകി. വി.കെ. സദാനന്ദൻ, ബിനു ബേബി, പാർത്ഥസാരഥി വർമ്മ, ഇ.ജെ.റോയിച്ചൻ, കെ.സദാനന്ദൻ, അഡ്വ. ആർ.അപർണ, ഡോ.എസ്. അലീന, ഡോ.മേധ സുരേന്ദ്രനാഥ്, പി.കെ.പ്രഭാഷ്, എം.കൃഷ്ണകുമാർ, സൗഭാഗ്യകുമാരി, അരവിന്ദ് വേണുഗോപാൽ, ഗായത്രി സ്വാമിനാഥൻ, ആർ.മണികണ്ഠൻ, അഡ്വ. സുജ ആന്റണി, എസ്.മിനി, ഷൈല കെ.ജോൺ, നിലീന മോഹൻകുമാർ, അഡ്വ.ഇ.എൻ.ശാന്തിരാജ്, ഡോ.അമ്മു ലൂക്കോസ് എന്നിവർ ക്ലാസ്സുകൾക്കും ശിൽപശാലകൾക്കും നേതൃത്വം നൽകി.

ക്യാമ്പ് സംഘാടക സമിതി കൺവീനർ ജയ്സൺ ജോസഫ് സമാപന സന്ദേശം നൽകി. സമാപന സമ്മേളനത്തിൽ ശ്രീനന്ദ അധ്യക്ഷതവഹിച്ചു. റിമ എം. സ്വാഗതവും അച്ചു കൃഷ്ണ കൃതജ്ഞതയും രേഖപ്പെടുത്തി. ■




ഇന്റർനാഷണൽ കോ-ഓർഡിനേഷൻ ഓഫ് റെവല്യൂഷണറി പാർട്ടീസ് ആന്റ് ഓർഗനൈസേഷൻസ് (ICOR) സാർവ്വദേശീയ തലത്തിൽ ആഹ്വാനം ചെയ്ത 'ഫ്രീ പലസ്തീൻ ഡേ' ആചരിച്ചുകൊണ്ട് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി തിരുവനന്തപുരത്ത് സംഘടിപ്പിച്ച യുദ്ധവിരുദ്ധ സംഗമത്തിൽ ജില്ലാ സെക്രട്ടറി സഖാവ് ആർ.കുമാർ പ്രസംഗിക്കുന്നു.

## എൻഡോസൾഫാൻ: ആർഡി ഓഫീസ് പിക്കറ്റ് ചെയ്തു

എൻഡോസൾഫാൻ ദുരിതബാധിതരുടെ ചികിത്സാസഹായത്തിനുള്ള ലിസ്റ്റിൽനിന്ന് അർഹരായ 1031 പേരെ പുറത്താക്കിയ നടപടിക്കെതിരെ കാഞ്ഞങ്ങാട് മിനി സിവിൽ സ്റ്റേഷന് മുമ്പിൽ നടന്നുവരുന്ന സമരത്തിന്റെ നൂറാം ദിവസം ആർഡിഓഫീസ് എൻഡോസൾഫാൻ ദുരിതബാധിതരുടെ നേതൃത്വത്തിൽ പിക്കറ്റ് ചെയ്തു. നൂറു ദിവസമായി നടക്കുന്ന സമരത്തെ തമസ്കരിക്കാനുള്ള സർക്കാർ നീക്കത്തെ എന്ത് വിലകൊടുത്തും നേരിടുമെന്ന് പിക്കറ്റിംഗ് ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രമുഖ സാമൂഹ്യ പ്രവർത്തകൻ ഡോ.ഡി.സുരേന്ദ്രനാഥ് പറഞ്ഞു.

എ.ഹമീദ് ഹാജി, എം.കെ. അജിത, എസ്.രാജീവൻ, കെ.കൊട്ടൻ, കാർത്തികേയൻ, കെ.പി.സജി, അമ്പലത്തറ കുഞ്ഞികൃഷ്ണൻ, കരീം ചൗക്കി, മേരി അബ്രഹാം, പി. ഷൈനി, മാധവൻ മാഷ് കരിവെള്ളൂർ, ഹക്കീം ബേക്കൽ, മുഹമ്മദ് ഇച്ചിലങ്കാൽ, ജെയിൻ പി.വർഗീസ്, കൃഷ്ണൻ മേലത്, മനോജ് ഒഴിഞ്ഞ വളപ്പ്, സി.എച്.ബാലകൃഷ്ണൻ, തമ്പാൻ വഴുന്നോറടി, സീതി ഹാജി, രാജൻ കയ്യൂർ, സരസ്വതി അജാനൂർ തുടങ്ങിയവർ പ്രസംഗിച്ചു.

ശ്രീധരൻ മടിക്കൈ, അംബാപ്രസാദ്, സി.വി.നളിനി, കൃഷ്ണൻ മടിക്കൈ, ഭവാനി ബേളൂർ തുടങ്ങിയവർ പിക്കറ്റിംഗിന് നേതൃത്വം നൽകി. പിക്കറ്റിംഗ് നടത്തിയ നൂറുക്കണക്കിന് സമരക്കാരെ പോലീസ് തടഞ്ഞു. ■



എൻഡോസൾഫാൻ ദുരിതബാധിതർ കാഞ്ഞങ്ങാട് നടത്തിയ ആർഡി ഓഫീസ് മാർച്ച് ഡോ.ഡി.സുരേന്ദ്രനാഥ് ഉദ്ഘാടനം ചെയ്യുന്നു.

## പൊന്തൻപുഴ സമരം ഏഴാം വർഷത്തിലേയ്ക്ക്

പെരുമ്പെട്ടി, മണിമല വില്ലേജുകളിലെ 1180 കർഷക കുടുംബങ്ങളുടെ പട്ടയാവകാശം നേടുന്നതിന് 2018ൽ ആരംഭിച്ച പൊന്തൻപുഴ സമരം ഏഴാം വർഷത്തിലേക്ക് കടന്നു. ആലപ്ര-വലിയകാവ് വനങ്ങൾ സംരക്ഷിച്ചുകൊണ്ട് അതിനു പുറത്തു വസിക്കുന്ന കർഷകർക്ക് പട്ടയം അനുവദിക്കണം എന്ന ആവശ്യമാണ് കർഷകർ ഉയർത്തുന്നത്. വനസംരക്ഷണത്തെയും ഭൂമിക്കായുള്ള ആവശ്യത്തെയും ബന്ധിപ്പിച്ചുകൊണ്ട് നടക്കുന്ന കേരളത്തിലെ ആദ്യത്തെ ജനകീയ പ്രക്ഷോഭമാണ് പൊന്തൻപുഴ സമരം.

ആറാമത് വാർഷിക സമ്മേളനം പെരുമ്പെട്ടിയിലുള്ള സമരപ്പന്തലിൽ തീർത്ത ദാനിയേൽ തൈയീട്ടിക്കൽ സ്മൃതി മണ്ഡപത്തിൽ എഐയുടിയുസി ജില്ലാ സെക്രട്ടറി സഖാവ് വി.പി.കൊച്ചുമോൻ ഉദ്ഘാടനം ചെയ്തു. ജയിംസ് കണ്ണിമല ഡിജിറ്റൽ സർവ്വേ സംബന്ധിച്ച വിശദീകരണം നൽകി. സമരസമിതി കൺവീനർ സന്തോഷ് പെരുമ്പെട്ടി സ്വാഗതം ആശംസിച്ചു. ■



പൊന്തൻപുഴ സമരം ആറാം വാർഷിക സമ്മേളനം സഖാവ് വി.പി.കൊച്ചുമോൻ ഉദ്ഘാടനം ചെയ്യുന്നു.

SUCI (COMMUNIST)
സംസ്ഥാന കമ്മിറ്റി മുഖപത്രം
യൂണിറ്റി
ദ്വൈവാരിക
വായിക്കുക... വരിക്കാരാകുക...
ദ്വൈമാസ പ്രചാരണം
2024 മെയ് 15 മുതൽ ജൂൺ 30 വരെ

Volume: 51 No: 2 | Printed and published by Jaison Joseph on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: Jaison Joseph.